
# താമരമൊട്ടുകൾ

വാല്യം 25 | ആഗസ്റ്റ് 2023 | ലക്കം 08 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme


## August 2023

| | | |
|---|---|---|
| 01 - 04 | | KCBC Retreat |
| 05 | 07.00 | Thamarassery |
| | 10.30 | Marikkunnu |
| | 12.00 | PMOC |
| | 14.30 | Chevarambalam |
| | 18.30 | Thamarassery |
| 06 | 10.00 | Thamarassery |
| 07 | 06.30 | Engapuzha |
| | 15.00 | Erude |
| 08 | 06.30 | Kodanchery |
| | 10.30 | Thamarassery |
| 09 | 10.30 | Thamarassery |
| 11 | 06.30 | Bethania |
| 12 | 10.00 | Thiruvambady |
| | 11.00 | Thamarassery |
| | 14.00 | PMOC |
| | 16.00 | Vettilappara |
| 13 | | Poothampara - Pastoral Visit |
| 15 | 08.00 | Manjakadavu |
| 16 | | Office Day |
| 17 | 16.00 | Chelavoor |
| 18 | 10.00 | Thamarassery |
| 19 | 09.15 | Manjakadavu |
| | 12.00 | Thamarassery |
| 20 | | Kakkavayal - Pastoral Visit |
| 21 - 26 | | Synod |
| 27 | | Kuninji |
| 28 | 06.30 | Vilangad |
| | 16.00 | Cathedral |
| 30 | 17.00 | Koorachundu |

വാല്യം 25 താമരമൊട്ടുകൾ ആഗസ്റ്റ് 2023 ലക്കം 08

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




"ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ!"

(ലൂക്കാ 1:28)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 559 |
| 2. | പ്രോഗ്രാം ആഗസ്റ്റ് 2023 | 561 |
| 3. | സർക്കുലർ 15/2023 | 562 |
| 4. | സർക്കുലർ | 566 |
| 5. | സർക്കുലർ | 568 |
| 6. | സർക്കുലർ | 572 |
| 7. | കച്ചേരിക്കാര്യം | 576 |
| 8. | Decree of Suspension | 579 |
| 9. | വൈദിക സമിതി റിപ്പോർട്ട് | 580 |
| 10. | വിശ്വാസപരിശീലനം | 585 |
| 11. | ലിറ്റർജി കമ്മീഷൻ | 588 |
| 12. | ഫാമിലി അപ്പോസ്തലേറ്റ് | 589 |
| 13. | സെമിനാരി വാർത്തകൾ | 590 |
| 14. | ആദരാഞ്ജലികൾ | 591 |
| 15. | ചെറുപുഷ്പ മിഷൻലീഗ് | 592 |
| 16. | തിരുബാലസഖ്യം | 595 |
| 17. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 596 |
| 18. | കത്തോലിക്കാ കോൺഗ്രസ് | 597 |
| 19. | കെസിവൈഎം-എസ്എംവൈഎം | 599 |
| 20. | കരിസ്മാറ്റിക് മൂവ്മെന്റ് | 607 |
| 21. | ബഥാനിയ ധ്യാനകേന്ദ്രം | 608 |
| 22. | വികസനവേദി | 610 |
| 23. | യേശുനിധി | 615 |
| 24. | അജപാലനക്കുറിപ്പുകൾ | 616 |

# BIRTH DAY Greetings

Rev. Fathers

| | | |
|---|---|---|
| Kalarickal Joseph | August | 1 |
| Panackal Varghees | | 3 |
| Chilambikunnel Thomas | | 4 |
| Kochumuriyil Thomas | | 5 |
| Karukamalil Vincent | | 9 |
| Kuzhivelil Dominic | | 15 |
| Plakkoottathil Jacob | | 15 |
| Paimpillil George | | 15 |
| Karakunnel Jacob | | 16 |
| Kandassamkunnel Mathew | | 17 |
| Karackal Sebastian | | 18 |
| Mazhuvanchery Abraham | | 21 |
| Oravumkara John | | 22 |
| Mundanattu George | | 22 |
| Edakkattil Joseph | | 25 |
| Kallikatt Francis | | 25 |
| Pamplaniyil Joseph | | 26 |
| Peruvelil Mathew | | 27 |
| Kappalumackal Jacob | | 29 |
| Kannampally Thomas | | 30 |
| Ezhanikatt Joseph | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kuzhivelil Dominic | August | 8 |
| Muttathukudiyil Dominic | | 8 |
| Thoomkuzhy Dominic | | 8 |
| Nelliyany Pius MSFS | | 21 |
| Alumkal Augustine | | 28 |
| Kizhukkarakatt Augustine | | 28 |
| Kizhukarakatt Sudeep | | 28 |
| Kizhukarakatt Danties | | 28 |
| Machukuzhiyil Augustine | | 28 |
| Pannikkottu Augustine | | 28 |
| Pattaniyil Augustine | | 28 |
| Palathumthalackal Augustine | | 28 |
| Thuravackal Augustine | | 28 |
| Vamattathil Augustine | | 28 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ആഗസ്റ്റ് 2023

| | | |
|---|---|---|
| 01 | ചൊവ്വ | **പതിനഞ്ച് നോമ്പാരംഭം** |
| 02 | ബുധൻ | ചരമദിനം : ഫാ. ജോസഫ് മണിയങ്ങാട്ട് |
| 04 | വെള്ളി | **വി. ജോൺ മരിയ വിയാനി, വൈദികദിനം** |
| 06 | ഞായർ | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 07 | തിങ്കൾ | വൈദികദിനാഘോഷം |
| 09 | ബുധൻ | ചരമദിനം : ഫാ. ജോസഫ് അറക്കപ്പറമ്പിൽ |
| 11 | വെള്ളി | വി. ക്ലാര |
| 14 | തിങ്കൾ | വി. മാക്സ്മില്ല്യൻ കോൾബെ |
| 15 | ചൊവ്വ | **മാതാവിന്റെ സ്വർഗ്ഗാരോപണം, സ്വാതന്ത്ര്യദിനം** |
| 17 | വ്യാഴം | ചരമദിനം : ഫാ. ചാണ്ടി കുരിശുംമൂട്ടിൽ |
| 19 | ശനി | ചരമദിനം : ഫാ. അലക്സ് മണക്കാട്ടുമറ്റം |
| 21 | തിങ്കൾ | **വി. പത്താംപീയൂസ് മാർപ്പാപ്പ** |
| 22 | ചൊവ്വ | ചരമദിനം : ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം |
| 24 | വ്യാഴം | **വി. ബർത്തലോമിയോ** |
| 25 | വെള്ളി | ചരമദിനം : ഫാ. ജോസഫ് കോഴിക്കോട്ട് |
| 28 | തിങ്കൾ | **വി. അഗസ്റ്റിൻ** |
| 29 | ചൊവ്വ | **വി. എവുപ്രാസ്യ** |

*സർക്കുലർ 15/2023*

# മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി

മിശിഹായിൽ പ്രിയപ്പെട്ടവരേ,

2026ൽ താമരശ്ശേരി രൂപത സ്ഥാപിതമായിട്ട് 40 വർഷങ്ങൾ പൂർത്തിയാകുകയാണ്. ഈ റൂബി ജൂബിലിയുടെ ഒരുക്കത്തെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ സർക്കുലർ വഴി നേരത്തെ അറിയിച്ചിരുന്നല്ലോ. അതിൽ നൽകിയിരിക്കുന്ന 27 പദ്ധതികളിൽ ഒന്നാണ് രൂപത അസംബ്ലി. രൂപതയുടെ പൊതുവായ നന്മയും അഭിവൃദ്ധിയും ഉറപ്പുവരുത്തിന് രൂപതാദ്ധ്യക്ഷനെ സഹായിക്കാനുള്ള ഭരണ സംവിധാനമാണ് സഭാനിയമം അനുശാസിക്കുന്ന എപ്പാർക്കിയൽ അസംബ്ലി (CCEO, cc. 235-242). 2001 നവംബർ മാസത്തിൽ ആദ്യത്തെ എപ്പാർക്കിയൽ അസംബ്ലി ചേർന്നു. തുടർന്ന് 2016 ഒക്ടോബർ മാസത്തിൽ രണ്ടാമത് എപ്പാർക്കിയൽ അസംബ്ലിയും നടത്തി. സീറോ മലബാർ സഭാ അസംബ്ലിയുടെ മുന്നൊരുക്കമായികൂടിയാണ് നാം മൂന്നാമത്തെ രൂപത അസംബ്ലി നടത്തുന്നത്. 'സഭയുടെ ദൗത്യവും ജീവിതവും ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച്' എന്നതാണ് സീറോ മലബാർ സഭാ അസംബ്ലിയുടെ ആപ്തവാക്യം.

'ഉണർന്നു പ്രശോഭിക്കുക' (ഏശയ്യ 60:1) എന്നതാണ് മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയുടെ ആപ്തവാക്യം. പ്രായോഗിക ജീവിത സാഹചര്യങ്ങളിൽ ക്രിസ്തുവിൽ കേന്ദ്രീകൃതമായി ജീവിക്കുകയും അതുവഴി സത്യപ്രകാശമായ യേശുവിനെ ലോകത്തിൽ കൂടുതൽ ഉണർന്ന് പ്രകാശിപ്പിക്കുകയും ക്രൈസ്തവ ജീവിത സാക്ഷ്യം നൽകുകയും ചെയ്യുക എന്നതാണ് ഉണർന്ന് പ്രശോഭിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ദൈവേഷ്ടം നിറവേറ്റി നാടിന്റെ പ്രകാശമായി പ്രശോഭിക്കാൻ വ്യക്തി, കുടുംബ, ഇടവക, ഫൊറോന തലങ്ങളിൽ കേന്ദ്രീകരിച്ച് പ്രാദേശിക സഭ എന്ന നിലയിൽ രൂപത ഒരു കുടുംബമായിട്ടാണ് ഈ അസംബ്ലിയെ സമീപിക്കുന്നത്. പൊതുവായി മനുഷ്യ കുലത്തിന്റേയും പ്രത്യേകമായി സഹവിശ്വാസികളുടേയും ആശങ്കാജനകമായ ജീവിത സാഹചര്യങ്ങൾ നമ്മെ ഒന്നുകൂടി ദൈവത്തോടടുപ്പിക്കാൻ കാരണമാകുന്നു. സാമൂഹിക ജീവിതത്തിൽ

നാം കാണുന്ന വെല്ലുവിളികളെ നേരിടാൻ ദൈവാശ്രയവും കൂട്ടായ്മയും വളർത്തി രൂപതയിലെ മുഴുവൻ ദൈവജനവും ഒരു കുടുംബമായി വളരണം. രൂപതാദ്ധ്യക്ഷനോടൊപ്പം വൈദികരുടെയും സമർപ്പിതരുടെയും അത്മായരുടെയും പ്രതിനിധികൾ അസംബ്ലിയിൽ പങ്കെടുക്കുമ്പോൾ രൂപതയിലെ ദൈവജനം മുഴുവന്റെയും സാന്നിദ്ധ്യം അസംബ്ലിയിലുണ്ടായിരിക്കും.

ഈ രൂപത അസംബ്ലി ദൈവജനം മുഴുവന്റെ അഭിപ്രായം സ്വീകരിച്ചുകൊണ്ടായിരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. അസംബ്ലിക്കാവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് നിങ്ങളുടേയും സഹായം അഭ്യർത്ഥിക്കുകയാണ്. രൂപതയുടെ നന്മയ്ക്കായി നാം വരുത്തേണ്ട തിരുത്തലുകളും നാളെയുടെ വളർച്ചയ്ക്കായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങളും കുടുംബക്കൂട്ടായ്മകളിൽ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ നൽകണം. ഇതിന് നിങ്ങളെ സഹായിക്കുവാനുള്ള ചർച്ചാസൂചകങ്ങൾ എല്ലാ കുടുംബക്കൂട്ടായ്മകളിലേക്കും നൽകുന്നതാണ്. കുടുംബക്കൂട്ടായ്മകളിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങൾ ഇടവക പ്രതിനിധികൾ ക്രോഡീകരിച്ച് ഫൊറോന അസംബ്ലികളിൽ ചർച്ച ചെയ്ത് കേന്ദ്ര കമ്മറ്റിക്ക് സമർപ്പിക്കുകയും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാർഗ്ഗരേഖ (*lineamenta*) തയ്യാറാക്കുകയും ചെയ്യുന്നു. തുടർന്ന് ഈ മാർഗ്ഗരേഖ ഫൊറോന അസംബ്ലികളിൽ ചർച്ച ചെയ്ത് തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആണ് രൂപതാതല അസംബ്ലിയിൽ പങ്കെടുക്കുന്നവർക്ക് പഠിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമുള്ള വിഷയാവതരണ രേഖ (*Instrumentum laboris*) രൂപപ്പെടുത്തുന്നത്. കുടുംബം, വിശ്വാസം, സമുദായം എന്നീ മൂന്ന് വിഷയങ്ങൾ കേന്ദ്രീകരിച്ചാണ് ചർച്ചകൾ നടക്കേണ്ടത്.

പഴയ തലമുറയുടെ വിശ്വാസജീവിതമാണ് നമ്മുടെ ജീവിതത്തിന്റെ ശക്തിയും ധൈര്യവും. ഈ വിശ്വാസത്തെ പുതുതലമുറയിലേക്ക് അതേ തീക്ഷ്ണതയോടെ പകർന്നു കൊടുക്കുവാൻ നമുക്ക് സാധിക്കണം. നവമാധ്യമങ്ങളുടേയും സാമൂഹ്യ മാധ്യമങ്ങളുടേയും അനിയന്ത്രിതമായ ഉപയോഗം വിശ്വാസ ശൈഥില്യത്തിന് കാരണമാകുന്നുണ്ട് എന്നത് ഒരു പക്ഷത്ത് ശരിയാണ്. ഗാർഹിക സഭ എന്ന നിലയിൽ ജീവന്റെ സുവിശേഷത്തെ പ്രഘോഷിക്കുകയും ആഘോഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യേണ്ട ഇടങ്ങളാണ് കുടുംബങ്ങൾ. ക്രിസ്തീയ കുടുംബങ്ങ

ളുടെ യഥാർത്ഥ ചൈതന്യം തിരുക്കുടുംബത്തിൽ ദർശിച്ചു കൊണ്ട്, ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിൽ വളർന്നു വന്ന (ലൂക്ക 2:52) ഈശോ നമുക്ക് മാതൃകയാകട്ടെ.

വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു (അപ്പ. 2:44). ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ജീവിത രീതിതന്നെ ഒരു സുവിശേഷ പ്രഘോഷണമാണ്. തങ്ങളുടെ ജീവിതം കൊണ്ട് ക്രിസ്തുവിനെ കാണിച്ചുകൊടുത്തവരാണവർ. സജീവമായ സഭാത്മക പ്രവർത്തനങ്ങളിലൂടെ നമ്മുടെ സമുദായത്തെ ശക്തിപ്പെടുത്തി, അതിലൂടെ ക്രിസ്തുവിനെ പ്രകാശിപ്പിക്കാൻ ഓരോരുത്തർക്കും കഴിയണം.


വിശ്വാസം, കുടുംബം, സമുദായം എന്നീ വിഷയങ്ങളിൽ ഊന്നിക്കൊണ്ട് രൂപതയുടെ ഭാവി സാധ്യതകളിൽ ആശയ രൂപീകരണത്തിനായി നാം രൂപത അസംബ്ലിയിലൂടെ ശ്രമിക്കുമ്പോൾ ഞാൻ സഭയെ സ്നേഹിക്കുന്നു അതിനാൽ ഞാൻ എന്റെ പങ്കാളിത്തം ഉറപ്പിക്കും എന്ന ചിന്തയോടെ എല്ലാവരുടേയും സാന്നിധ്യം കുടുംബക്കൂട്ടായ്മ അസംബ്ലികളിൽ ഉണ്ടാവണം. കുടുംബം പൂർണ്ണമായി അവിടെ സന്നിഹിതരാകണം. പൂർവ്വികർ എത്രയോ വെയിലേറ്റ നന്മയാണ് എന്റെ തണൽ എന്ന ബോധ്യത്തോടെ ഭാവിക്കായി തണൽ വിരിക്കാൻ നമുക്ക് ഒന്നിച്ചിരിക്കാം. ജീവിതം ഒരു ദൂതാണ്, ദൂതേകലാണ്. വിളിച്ചവനോട് വിശ്വസ്തതയുള്ളവരായി ആ ദൂത് നമുക്ക് പൂർത്തിയാക്കണം.

കുടുംബക്കൂട്ടായ്മ, ഇടവക, ഫൊറോന, രൂപത അസംബ്ലികൾ 2023 ഓഗസ്റ്റിൽ ആരംഭിച്ച് 2024 മെയ് മാസം സമാപിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. വൈദിക - സന്യസ്ത അസംബ്ലികളും ഇതോടൊപ്പം നടത്തിക്കൊണ്ട് എല്ലാവരുടേയും സഹകരണത്തോടെ വിവിധ മേഖലകളിൽ നവജനമായി നമുക്ക് മുന്നേറണം.

രൂപതായോഗം ദൈവാനുഗ്രഹപ്രദമായി നടത്തുവാനും പൊതുനന്മ കാംഷിക്കുന്ന വിധത്തിൽ ചർച്ചകൾ നടത്തുവാനും യോഗത്തിൽ പങ്കെടുക്കുന്ന എല്ലാവരുടെയും സഹായം ഞാൻ അഭ്യർത്ഥിക്കുന്നു. രൂപതയുടെ ഈ മഹായോഗത്തിൽ പങ്കെടുക്കുന്നവർ തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം ഭംഗിയായി നിർവ്വഹിക്കാൻ പ്രത്യേകം പ്രാർത്ഥിച്ചൊരുങ്ങണമെന്നും ഓർമ്മിപ്പിക്കുന്നു.

കൂട്ടായ്മയിലാണ് സഭ ജീവിക്കുന്നത്. സഭയുടെ എല്ലാ പ്രവർത്തനങ്ങളും കൂട്ടായ്മയിലാണ് ഫലമണിയുന്നത്. അസംബ്ലി ഇപ്രകാരമുള്ള ഒരു കൂട്ടായ്മയുടെ ആഘോഷമാക്കി നമുക്ക് മാറ്റാൻ പരിശ്രമിക്കാം. സഭാകൂട്ടായ്മയിൽ ഓരോരുത്തർക്കും നിർവ്വഹിക്കാനുള്ള ദൈവകൽപ്പിതവും സഭ അനുശാസിക്കുന്നതുമായ ഉത്തരവാദിത്വങ്ങൾ ആത്മാർത്ഥയോടെ നിർവ്വഹിക്കാൻ നമുക്ക് പരസ്പരം പ്രാർത്ഥിക്കാം. പരിശുദ്ധ കന്യകാമറിയത്തിന്റെയും സഭാസംരക്ഷകനായ വി. യൗസേപ്പിതാവിന്റെയും രൂപതാമദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെയും നമ്മുടെ രൂപത സ്ഥാപിച്ച വി. ജോൺ പോൾ രണ്ടാമന്റെയും മറ്റ് വിശുദ്ധരുടെയും പ്രാർത്ഥനാസഹായം നമുക്ക് തേടുകയും ദൈവഹിതത്തിന് സ്വയം സമർപ്പിക്കുകയും ചെയ്യാം. യുഗാന്ത്യോൻമുഖമായ യാത്രയിൽ നമുക്ക് ക്രിസ്തുവിനെ സഹയാത്രികരായി അനുയാത്ര ചെയ്യാം. അസംബ്ലിയിൽ എല്ലാവരുടേയും പങ്കാളിത്തം സ്നേഹപൂർവ്വം ക്ഷണിക്കുന്നു. രൂപത അസംബ്ലിയുടെ വിജയത്തിനായും നേതൃത്വം നൽകുന്ന എല്ലാവർക്കും പ്രത്യേകിച്ച് എനിക്ക് വേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദൈവം എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,



✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

NB: ഈ സർക്കുലർ 2023 ആഗസ്റ്റ് 6-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

## 2023 ആഗസ്റ്റ് 20 ഞായർ

## കെസിബിസി SC/ST/BC Commission പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഈ വർഷം ഓഗസ്റ്റ് 20-ാം തീയതി ഭാരതസഭ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആചരിക്കുകയാണ്. നീതിക്കുവേണ്ടി ദാഹിക്കുന്ന എല്ലാ ജനവിഭാഗങ്ങളോടും ഭാരതസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ദിനമാണിന്ന്. പ്രത്യേകമായി ഇന്നു നാം ഓർമ്മിക്കേണ്ടത് ദളിത് ക്രൈസ്തവ സഹോദരങ്ങളെയാണ്.

ക്രിസ്തുവിൽ വിശ്വസിച്ചതിന്റെപേരിൽ പട്ടികജാതി സംവരണവും സംരക്ഷണവും നമ്മുടെ മതേതര ജനാധിപത്യരാഷ്ട്രത്തിൽ നിഷേധിക്കപ്പെട്ട ദളിതരാണവർ. 1950 ഓഗസ്റ്റ് 10-ാം തീയതി ഇന്ത്യൻ പ്രസിഡന്റ് ഒരു ഉത്തരവിലൂടെ ദളിതരായ ഹിന്ദുക്കൾക്കുമാത്രമായി പട്ടികജാതി സംവരണം അനുവദിച്ചു നൽകി. പിന്നീട് 1956 ൽ ദളിതരായ സിക്കുമതക്കാർക്കും 1990 ൽ ദളിതരായ ബുദ്ധമതക്കാർക്കും ഈ സംവരണാനുകൂല്യം അനുവദിച്ചു. എന്നാൽ ദളിത് ക്രൈസ്തവർക്ക് ഈ അവകാശം ഇന്നുവരെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇത് ഭരണഘടനാലംഘനവും എതിർക്കപ്പെടേണ്ട മതവിവേചനവുമാണ്. ഈ മനുഷ്യാവകാശലംഘനത്തിനെതിരെ ദളിത് ക്രൈസ്തവ സഹോദരങ്ങൾ നിരന്തരമായ പോരാട്ടത്തിലാണ്. ക്രിസ്തുശരീരമായ സഭയിലെ അംഗങ്ങളായ ഈ ദളിത് ക്രൈസ്തവസഹോദരങ്ങളുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ സഭാമാതാവും ദളിത് മക്കളെ കരുതുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ട ദിനമാണിത്.

ഭാരതത്തിലെ പരമോന്നത നീതിപീഠമായ സുപ്രീം കോടതി ദളിത് ക്രൈസ്തവർക്ക് പട്ടികജാതി സംവരണം നൽകുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേസ് പരിഗണിച്ചുകൊണ്ട് വിസ്താരത്തിനായി എടുക്കുവാൻ ഉത്തരവിട്ടിരിക്കുകയാണ്. 2004 ൽ ആണ് ഈ കേസ് സുപ്രീം കോടതിയിൽ എത്തിയത്. ഭാരതമെത്രാന്മാരുടെ സമിതിയായ CBCI ഈ കേസിൽ ഒരു കക്ഷികൂടിയാണ്. ഭാരിച്ച കോടതിച്ചെലവിലേക്കായി KCBC സാമ്പത്തികസഹായം നൽകുന്നുണ്ട്. 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച ഈ ആവശ്യത്തിനായി പ്രാർത്ഥനാദിനമായി കേരളസഭ ആചരിക്കുകയുണ്ടായി. ഈ നിയോഗത്തിനായി കേരള കത്തോലിക്കാസഭ ഒറ്റക്കെട്ടായി ഇനിയും പ്രാർത്ഥിക്കണം.

ദളിത് കത്തോലിക്കാസഹോദരങ്ങളുടെ ദുസ്ഥിതിക്ക് അറുതി വരുത്തുവാൻ കേരളസഭ ദളിത് കത്തോലിക്കാ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഈ കഴിഞ്ഞകാലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. വിവിധ കോഴ്സുകളിൽ പ്രശസ്തവിജയം കരസ്ഥമാക്കിയ ദളിത് കത്തോലിക്കാവിദ്യാർത്ഥികൾക്ക് KCBC

സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. മിനിമം യോഗ്യതയുള്ള എല്ലാ ദളിത് വിദ്യാർത്ഥികൾക്കും നമ്മുടെ സഭാവക സ്ഥാപനങ്ങളിൽ അഡ്മിഷൻ നൽകി സൗജന്യ വിദ്യാഭ്യാസം നൽകേണ്ടതാണ്. കൂടാതെ വിദ്യാഭ്യാസ യോഗ്യതയുള്ള ദളിത് കത്തോലിക്കർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ സഭാസ്ഥാപനങ്ങളിൽ മുൻഗണന നൽകി നിശ്ചിത ശതമാനം ഉദ്യോഗ നിയമനങ്ങൾ നൽകാൻ നാം താത്പര്യം കാണിക്കേണ്ടതാണ്.

ജസ്റ്റീസ് സൺഡേ ദിനത്തിൽ ഇടവകാംഗങ്ങളെല്ലാം പങ്കെടുത്തുകൊണ്ടുള്ള സെമിനാറും സമ്മേളനങ്ങളും സംഘടിപ്പിക്കാൻ വികാരിയച്ചന്റെ നേതൃത്വത്തിൽ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. ഇടവക ഒരു കുടുംബമാണ്. ആ കുടുംബത്തിലെ എല്ലാ അംഗങ്ങളും സ്വയംപര്യാപ്തതയിലെത്തണം. അതിനായുള്ള കൂട്ടായ ശ്രമം നടത്തേണ്ടതാണ്. കഴിഞ്ഞ SSLC (80%), Plus Two (70%), Degree (60%) , Post Graduate (60%) എന്നീ പരീക്ഷകളിൽ പ്രശസ്ത വിജയം കരസ്ഥമാക്കിയ ദലിത് കത്തോലിക്കാ കുട്ടികൾക്ക് KCBC സ്കോളർഷിപ്പ് നൽകുന്നതാണ്. അർഹരായ കുട്ടികളുടെ അപേക്ഷ 2023 സെപ്റ്റംബർ 30-നകം റവ. ഫാ. ജോസ് വടക്കേക്കുറ്റ്, സെക്രട്ടറി KCBC, SC/ST/BC കമ്മീഷൻ, ഷാലോം പാസ്റ്ററൽ സെന്റർ, പാലാ-686575 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

വേദനിക്കുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും പക്ഷംചേരുന്ന യേശുവിന്റെ ദൗത്യം ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങളിൽ സഭ തീക്ഷ്ണമായി ഏറ്റെടുക്കണം. ജസ്റ്റീസ് സൺഡേ ദിനത്തിൽ വിശുദ്ധബലി മധ്യേ നടത്തുന്ന പിരിവ് വിജയിപ്പിക്കുവാൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. സ്കോളർഷിപ്പിനും മറ്റുമായി ഇപ്പോൾ ലഭിക്കുന്ന തുക അപര്യാപ്തമാണ്. ഈ തുക കഴിവതും വേഗം KCBC, SC/ST/BC കമ്മീഷന്റെ പേരിൽ അയച്ചുതരേണ്ടതാണ്. നമ്മുടെ സഭയിലെ ദളിത് ക്രൈസ്തവർ, മത്സ്യത്തൊഴിലാളികൾ, മറ്റു ദുർബ്ബലവിഭാഗങ്ങൾ, ദരിദ്രർ എന്നിവരുടെ ഉന്നമനത്തിനായി നമുക്കു പ്രയത്നിക്കാം, പ്രാർത്ഥിക്കാം. നമ്മുടെ മനോഭാവങ്ങളിൽ മാറ്റം വരുത്താം എന്നു പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളേവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശീർവദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് ഗീവർഗീസ് മാർ അപ്രേം** (ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

**ബിഷപ് വിൻസന്റ് സാമുവൽ** (വൈസ് ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ** (വൈസ്ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

---

NB: ഓഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിച്ച് വിശദീകരണം നൽകുകയും 20-ാം തീയതി ഞായറാഴ്ച സംഭാവന ശേഖരണം നടത്തി KCBC, SC/ST/BC കമ്മീഷന്റെ പേർക്ക് അയച്ചുതരികയും ചെയ്യേണ്ടതാണ്.

# തടവറ പ്രേഷിത ഞായർ

## (ആഗസ്റ്റ് 13, 2023)

നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും (ലൂക്കാ 23,43)

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഭാരതത്തിലെ കത്തോലിക്കാ സഭ ഇന്ന് തടവറ പ്രേഷിത ഞായർ ആചരിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ തിരുനാളിനോടനുബന്ധിച്ചാണ് നമ്മൾ തടവറ പ്രേഷിതഞായർ ആചരിക്കുന്നത്. ഔഷ്വിറ്റ്സിലെ മരണക്യാമ്പിൽ സഹതട വുകാരനുവേണ്ടി തന്റെ ജീവൻ ഹോമിച്ച് സ്നേഹത്തിന്റെ സമുന്നത സാക്ഷ്യം നല്കിയ വിശുദ്ധ മാക്സിമില്യൻ കോൾബെയെ ജയിൽ പ്രേഷിതപ്രവർത്തകരുടെ മധ്യസ്ഥനായി ഭാരതത്തിലെ കത്തോലിക്കാ മെത്രാൻസമിതി 2003 ഓഗസ്റ്റ് പതിനേഴാം തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചു. എല്ലാ വർഷവും ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച തടവറ പ്രേഷിത ഞായർ ആയി ആചരിച്ചുവരുന്നു. തടവറയിൽ ആയിരിക്കുന്നവരെയും അവരുടെ കുടുംബങ്ങളെയും കുറ്റകൃത്യങ്ങൾക്ക് ഇരകളായി മാറിയവരെയും സവിശേഷമായവിധം നാമിന്ന് സ്മരിക്കുന്നു.

“ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും” പ്രഖ്യാപിച്ചുകൊണ്ട് കർത്താവു നിർവ്വഹിച്ച രക്ഷാകരമായ ദൗത്യമാണ് ഇന്ന് സഭയിലൂടെ തുടരുന്നത് (ലൂക്കാ 4:18). ഈ സമഗ്രവിമോചനത്തിന്റെ ശുശ്രൂഷയും ദൗത്യനിർവ്വഹണവുമാണ് ആഴത്തിലും അർത്ഥപൂർണ്ണമായും തടവറ പ്രേഷിതപ്രവർത്തനങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നത്. “ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തുവന്നു” (മത്താ 25:36) എന്ന ക്രിസ്തുമൊഴികൾ അന്ത്യവിധിയുടെ മാനദണ്ഡങ്ങൾ അടയാളപ്പെടുത്തുന്നവയാണ്. ബന്ധിതരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമുൾപ്പെടുന്ന ചെറിയവർക്ക് നന്മ ചെയ്യുമ്പോഴെല്ലാം കർത്താവിനെയാണ് ശുശ്രൂഷിക്കുന്നത് എന്ന സത്യം ക്രൈസ്തവ ആധ്യാത്മികതയുടെ ഉൾപ്പൊരുളാണ്. കുറ്റം ചെയ്തവരും ചെയ്യാത്തവരും വിപരീത സാഹചര്യങ്ങളിലകപ്പെട്ട് നിസ്സഹായരുമായ പതിനായിരങ്ങൾ തടവറയിൽ കഴിയുന്നുണ്ട്. ഈ സഹോദരങ്ങളിൽ ക്രൂശിതന്റെ മുഖം ദർശിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിക്കാനും ത്യാഗപൂർവ്വം പ്രവർത്തിക്കാനുമുള്ള വിലപ്പെട്ട അവസരമാണ് ജീസസ് ഫ്രട്ടേണിറ്റി എന്ന പ്രേഷിത സംഘടന സജ്ജമാക്കുന്നത്.

### ജയിൽവാസികളുടെ സ്ഥിതിവിവരങ്ങൾ

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഇന്ത്യയിലെ 1319 ജയിലുകളിലായി അഞ്ചര ലക്ഷത്തോളം പേർ തടവറകളിൽ കഴിയുന്നുണ്ട്. അതിൽ 1,22,852 പേർ വിചാരണ കഴിഞ്ഞ് ശിക്ഷ അനുഭവിക്കുന്ന

വരാണ്. 1867 പേർ കുട്ടികളാണ്, 1650 പേർ കുട്ടികൾ ഒപ്പമുള്ള സ്ത്രീകളാണ്, 5565 പേർ വിദേശീയരായ തടവുകാരാണ്, എന്നാൽ 4,27,165 പേർ വിചാരണ നേരിടുന്ന തടവുകാരാണ്. അവർ ഒരു കുറ്റത്തിനും വിധിക്കപ്പെട്ടവരല്ല; വിചാരണ കാത്തുകിടക്കുന്നവരാണ്. ജാമ്യം ലഭിച്ചെങ്കിലും ജാമ്യത്തുക സംഘടിപ്പിക്കാനോ അത്തരത്തിലുള്ള ക്രമപ്പെടുത്തലുകൾ നടത്താനോ സാധിക്കാത്തതിനാൽ തുടർന്നും തടവറയിൽ തന്നെ കഴിയേണ്ടിവരുന്ന ഹതഭാഗ്യരും ഇക്കൂട്ടത്തിലുണ്ട്. അവരുടെ കുട്ടികളും പ്രിയപ്പെട്ടവരും അവർ സ്വതന്ത്രരായി പുറത്തുവരുന്നത് കാണാൻ കാത്തിരിക്കുകയാണ്. ഇന്ത്യയിൽ 472 പേർ വധശിക്ഷ കാത്തുകിടക്കുന്ന തടവുകാരാണെന്ന വസ്തുത ഏറെ ദുഃഖകരമാണ്. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടശേഷം അത് നടപ്പിലാക്കപ്പെടുന്നതുവരെയുള്ള ദിനങ്ങളിലൂടെ കടന്നുപോകുന്നവരുടെ മാനസികാവസ്ഥ എത്രയധികം ഭീതിജനകമാണ്! ഇവരുടെ വിമോചനത്തിനും പരിവർത്തനത്തിനും വീണ്ടെടുപ്പിനുംവേണ്ടി നമുക്ക് ആവുന്നതൊക്കെ ചെയ്യാം. പ്രാർഥനയും തീക്ഷ്ണമായ ശ്രമങ്ങളുംവഴി മരണപ്പട്ടികയിൽ ഉണ്ടായിരുന്ന അനവധി തടവുകാരെ ജീവപര്യന്തത്തിലേക്ക് മാറ്റുവാൻ ഇതിനോടകം നമുക്ക് സാധിച്ചിട്ടുണ്ട്.

### വധശിക്ഷ ഒഴിവാക്കപ്പെടണം

വധശിക്ഷ അതിക്രൂരവും മനുഷ്യമഹത്വത്തെ പൂർണമായി നിരാകരിക്കുന്നതുമായ ഒരു പ്രവൃത്തിയാണ്. കത്തോലിക്കാ സഭ സമ്പൂർണമായും വധശിക്ഷയെ എതിർക്കുന്നു; അതിനെ ഒരുവിധത്തിലും സഭ ഉൾക്കൊള്ളുന്നില്ല. കുറ്റാരോപിതൻ ആരെന്നോ, കുറ്റത്തിന്റെ സ്വഭാവമോ സാഹചര്യമോ എന്തെന്നോ, വ്യക്തി കുറ്റക്കാരനോ നിഷ്കളങ്കനോ എന്നതോ, വിധി നടപ്പാക്കുന്ന രീതി എപ്രകാരമെന്നോ നോക്കാതെ സഭ വധശിക്ഷയ്ക്കു എതിരുനിൽക്കുന്നു. കാരണം, ജീവിക്കാനുള്ള മനുഷ്യാവകാശത്തിന്റെ നഗ്നമായ ലംഘനമാണ് വധശിക്ഷ. ജീവന്റെ ഉടമയായ ദൈവത്തിനു മാത്രമേ ഒരു വ്യക്തിയുടെ ജീവൻ തിരിച്ചെടുക്കാൻ അവകാശമുള്ളൂ. ഒരാൾ അതിക്രൂരമായ കുറ്റം ചെയ്താലും മനുഷ്യനെന്ന നിലയിൽ അയാളുടെ വ്യക്തി മഹാത്മ്യം നഷ്ടപ്പെടുന്നില്ല. മനുഷ്യന് സ്വന്തം തെറ്റ് പരിഹരിക്കാ നും തിന്മയെ തിരുത്താനും സാധിക്കും എന്ന യാഥാർഥ്യമാണ് വധശിക്ഷയിലൂടെ വിസ്മരിക്കപ്പെടുന്നത്.

### പ്രിസൺ മിനിസ്ട്രി, ഇന്ത്യ

തടവുകാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഇരകളുടെയും വിമോചനത്തിനും വളർച്ചയ്ക്കുംവേണ്ടി പ്രവർത്തിക്കുന്ന ഒരു ദേശീയ കത്തോലിക്കാ ആത്മീയ പ്രസ്ഥാന മാണ് പ്രിസൺ മിനിസ്ട്രി, ഇന്ത്യ. ജീസസ്സ് ഫ്രട്ടേണിറ്റി എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. കത്തോലിക്കാ മെത്രാൻ സമിതിയുടെ, നീതി, സമാധാനം, വികസനം (Justice, Peace and Development) എന്ന കമ്മീഷന്റെ കീഴിലാണ് ഇത് പ്രവർത്തിക്കു ന്നത്. ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും രൂപതകളുമായി ബന്ധപ്പെട്ട് പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ

കോ-ഓർഡിനേറ്റർ മാരുടെ നേതൃത്വത്തിൽ നിരവധി വോളണ്ടിയേഴ്സ് തടവറ ശുശ്രൂഷാമേഖലയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

**കോൾബെ ഭവനങ്ങൾ**

തടവുകാരുടെ മക്കളുടെ സമഗ്ര പുരോഗതിക്കായി പ്രിസൺ മിനിസ്ട്രി, ഇന്ത്യ ആരംഭിച്ചിരിക്കുന്ന സ്ഥാപനങ്ങളാണ് കോൾബെ ഹോംസ്. പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങ ളിലും ഇത്തരം കോൾബെ ഭവനങ്ങൾ സ്ഥാപിക്കുവാൻ ആഗ്ര ഹിക്കുന്നു. ഈ സ്വപ്നസാക്ഷാത്ക്കാരത്തിനായി നിങ്ങൾ ഏവരുടെയും തീക്ഷ ണമായ പ്രാർത്ഥനയും സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു. അതോടൊപ്പം, ഈ കുട്ടികൾക്കുവേണ്ടിയും തടവറയിൽ കഴിയുന്ന ഇവരുടെ മാതാപിതാക്കന്മാർക്കുവേണ്ടിയും ഈ സ്ഥാപനങ്ങൾ ത്യാഗപൂർവ്വം നടത്തുന്ന സമർപ്പിത സഹോദരിമാർക്കും വൈദികർക്കും വേണ്ടിയും പ്രാർഥിക്കുവാൻ നമുക്ക് കഴിയണം.

**സ്നേഹാശ്രമങ്ങൾ**

തടവറയിൽനിന്ന് മോചനം ലഭിക്കുന്നവർക്കുവേണ്ടിയുള്ള നവീകരണ - പുനരധിവാസ കേന്ദ്രങ്ങളാണ് സ്നേഹാശ്രമങ്ങൾ. ശിക്ഷ കഴിഞ്ഞ് ഇറങ്ങുന്ന വർക്ക് ആത്മീയവും മാനസികവുമായ കരുത്തു പകരുന്ന ഇടത്താവളങ്ങളാണി വ. പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി മൂന്നു വ്യത്യസ്ത രീതി യിലുള്ള സ്നേഹാശ്രമങ്ങൾ ഇന്ന് കേരളത്തിലുണ്ട്. കുറ്റകൃത്യങ്ങളുടെ ലോക ത്തുനിന്നും പരിപൂർണ്ണമായി പിന്മാറി കുടുംബത്തിനും സമൂഹത്തിനും ഉപകാ രപ്രദവും അഭിമാനകരവുമായ രീതിയിൽ ജീവിതം കരുപ്പിടിപ്പിക്കുവാൻ പ്രാപ്ത മാക്കുന്ന പരിശീലനമാണ് ഇവിടെ നൽകപ്പെടുന്നത്. സ്നേഹാശ്രമങ്ങൾ വഴി യായി അഴികൾക്കു പിന്നിലുള്ള ആയിരക്കണക്കിന് സഹോദരങ്ങളെ പരിവർത്തന പ്പെടുത്താനും പുനരധിവസിപ്പിക്കാനും ജോലി നേടിക്കൊടുത്ത് കുടുംബസമേതം സ്വസ്ഥമായി ജീവിക്കുന്നതിനു വഴിയൊരു ക്കാനും നമുക്കു സാധിച്ചിട്ടുണ്ട്. വിമോചിതരായ തടവുകാർക്ക് തൊഴിലും ഭവനവും വിദ്യാഭ്യാസ സ്കോളർ ഷിപ്പുകളും ലഭ്യമാക്കുന്നതോടൊപ്പം, തടവുകാർ മോചിതരാകുമ്പോൾ നൽകേണ്ട പിഴയും നഷ്ടപരിഹാരവും കൊടുത്തു തീർക്കുന്നതിനുള്ള പദ്ധതികളുമായി ജീസസ്സ് ഫ്രട്ടേണിറ്റി മുന്നോട്ടുപോകുന്നു. ജീസസ്സ് ഫ്രട്ടേണി റ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നിങ്ങളെ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**ഉപസംഹാരം**

'ബന്ധിതരായിരിക്കുന്ന സഹോദരരേ, ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു, നിങ്ങൾക്കുവേണ്ടി പ്രാർഥി ക്കുന്നു, നിങ്ങളുടെ സമഗ്രവളർച്ചക്കുവേണ്ടി പ്രവർത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഞങ്ങൾ നിങ്ങളുടെ

കുടുംബങ്ങൾക്കും ഇരയായവർക്കുംവേണ്ടി പ്രത്യേകം പ്രാർഥിക്കുന്നു' എന്ന് നമ്മൾ പ്രതിജ്ഞ എടുക്കേണ്ട ദിനമാണിന്ന്. കമ്മീഷനിലെ മെത്രാന്മാർ എല്ലാ രൂപതകളോടും മേജർ സുപ്പിരിയർമാരോടും ഗുണകാംക്ഷി കളോടും തടവറ ശുശ്രൂഷയ്ക്കായി നിങ്ങൾ ഔദാര്യപൂർവ്വം നൽകുന്ന സംഭാവനകൾക്ക് ആത്മാർത്ഥമായി കൃതജ്ഞത പ്രകാശിപ്പിക്കുന്നു. തടവറയിലുള്ളവരെ മാനസാന്തരത്തിലേക്ക് നയിക്കുന്നതിനും സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിനുംവേണ്ടി ജീസസ്സ് ഫ്രട്ടേണിറ്റി പ്രേഷിതർ നടത്തുന്ന ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ ഞങ്ങൾ ആത്മാർഥമായി അഭിനന്ദിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ മാധ്യസ്ഥ്യംവഴി നമ്മുടെ ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകട്ടെ. ബന്ധിതരായ നമ്മുടെ സഹോദരരുടെ സമഗ്ര വിമോചനത്തിനായി നമ്മെത്തന്നെ പുനർസമർപ്പിക്കുമ്പോൾ നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യവും നമുക്ക് സഹായകമാകട്ടെ! നഷ്ടപ്പെട്ടതിനെ തേടിയെത്തി രക്ഷ നൽകിയ ക്രിസ്തുനാഥൻ നിങ്ങൾ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**

(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

---

N.B: 2023 ആഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

## 2023 ഡിസംബർ മാസത്തിലെ കേരളാദിവ്യകാരുണ്യകോൺഗ്രസ്സ് സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന

# സർക്കുലർ

**അഭിവന്ദ്യപിതാക്കന്മാരേ, വൈദികരേ, സന്ന്യസ്തരേ, സഹോദരീ സഹോദരന്മാരേ,**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സമാധാനം ഏവർ ക്കും നേരുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിൽ ആശ്രയിച്ച് കേരളസഭയിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നവീകരണ പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധവും ഏകീകൃതഭാവവും ലഭിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവർത്തനരേഖയുടെ അടിസ്ഥാനത്തിലാണ് കേരളസഭ-രൂപതാ- ഇടവക-കുടുംബതലങ്ങളിലുള്ള നവീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്.

കേരളസഭാനവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം ഡിസംബറിൽ ദിവ്യകാരുണ്യകോൺഗ്രസ് നടത്തുന്ന കാര്യം ഇതിനോടകം ഏവർക്കും അറിയാവുന്നതാണല്ലോ. ദിവ്യകാരുണ്യത്തിൽ അധിഷ്ഠിതവും കേന്ദ്രീകൃതവുമായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. വിശുദ്ധ കുർബാനവഴി സഭ എന്നും നവമായി ജനിക്കുന്നുവെന്ന് 'സ്നേഹത്തിന്റെ കൂദാശ' (Sacramentum Caritatis) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ബനഡിക്റ്റ് 16-ാമൻ മാർപാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട് (SC, 6).

2023 ഡിസംബർ 1, 2, 3, (വെള്ളി, ശനി, ഞായർ) തീയതികളിലായി വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം ബസിലിക്കയിൽ വച്ചാണ് കേരളാദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

### ദിവ്യകാരുണ്യ കോൺഗ്രസിന്റെ ലക്ഷ്യം

ദിവ്യകാരുണ്യം കേന്ദ്രീകരിച്ചുള്ള ദൈവജനത്തിന്റെ കൂടിവരവാണ് ദിവ്യകാരുണ്യ കോൺഗ്രസ്. അന്തർദേശീയമായും ദേശീയമായും പ്രാദേശികമായും ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കാറുണ്ട്.

സഭാസമൂഹത്തിന് ദിവ്യകാരുണ്യത്തെക്കുറിച്ച് ആഴമായ അറിവു നൽകുക, ദിവ്യകാരുണ്യത്തിലെ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിന് പരസ്യമായ ആരാധനയും സാക്ഷ്യവും നൽകുക, സഭാംഗങ്ങളിൽ ദിവ്യകാരുണ്യത്തിലുള്ള വിശ്വാസവും ഭക്തിയും വർദ്ധിപ്പിക്കുക, പരസ്യമായ ദിവ്യകാരുണ്യ ആരാധനയിലൂടെ വിശ്വാസികൾക്കിടയിൽ പരസ്പരസ്നേഹവും ഐക്യവും വർദ്ധിപ്പിക്കുക എന്നിവയാണ് ദിവ്യകാരുണ്യ കോൺഗ്രസിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

1881-ൽ ഫ്രാൻസിലാണ് ആദ്യത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് നടന്നത്. 38-ാമത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് നടന്നത് മുംബൈയിൽ വച്ചായിരുന്നു. 2024-ൽ 53-ാമത് അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് ഇക്വദോറിൽവച്ചാണ് നടക്കുന്നത്. കേരളസഭയിൽ നാം സംഘടിപ്പിക്കുന്നത് പ്രാദേശികതലത്തിലുള്ള ദിവ്യകാരുണ്യ കോൺഗ്രസ് ആണ്. ആഘോഷമായ വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന, പ്രദക്ഷിണം, പ്രബോധനങ്ങൾ, ചർച്ചകൾ, ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ എക്സിബിഷൻ തുടങ്ങിയ വിപുലമായ പരിപാടികളോടെയാണ് ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

'നാഥാ, ഞങ്ങളോടൊത്ത് വസിച്ചാലും' (*Mane Nobiscum Domine*) എന്ന എമ്മാവൂസ് ശിഷ്യരുടെ അപേക്ഷാവാക്യമാണ് (ലൂക്കാ 24:29) വല്ലാർപാടത്തു സംഘടിപ്പിക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ പ്രമേയം.

### ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവർ

കേരളത്തിലെ 32 രൂപതകളിലെ അയ്യായിരത്തോളം ഇടവകകകളിൽ നിന്നായി അയ്യായിരം അല്മായ പ്രതിനിധികളും (ഒരു ഇടവകയിൽ നിന്ന് ഒരാൾ എന്ന നിലയ്ക്ക്) അഞ്ഞൂറിലേറെ വൈദികരും വിവിധ സന്ന്യസ്തസമൂഹങ്ങളിൽ നിന്നായി നാനൂറോളം സന്ന്യസ്തരും കേരളത്തിലെ എല്ലാ മേജർ സെമിനാരി റെക്ടർമാരും 500 വാളണ്ടിയർമാരും, 200 റിസോഴ്സ് ടീം അംഗങ്ങളും 2000 യുവജനങ്ങളും കേരള കത്തോലിക്കാസഭയിലെ മുഴുവൻ മെത്രാന്മാരും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കും.

വരാപ്പുഴ, എറണാകുളം, മൂവാറ്റുപുഴ, കൊച്ചി, കോട്ടപ്പുറം എന്നീ രൂപതകളിലെ 150 ഇടവകകളിലായിട്ടാണ് ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവരുടെ താമസം ക്രമീകരിക്കുന്നത്.

രൂപതയിൽ നിന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ 40% സ്ത്രീകൾ, 40% പുരുഷന്മാർ, 10% യുവതികൾ, 10% യുവാക്കൾ എന്നീ മാനദണ്ഡം പാലിക്കുന്നത് ഉചിതമായിരിക്കും. ഓരോ ഇടവകയിൽനിന്നും പങ്കെടുക്കുന്ന അല്മായ പ്രതിനിധികളും രൂപതയിൽ നിന്നുള്ള വൈദികരും അവരവരുടെ രൂപതാടിസ്ഥാനത്തിലാണ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടത്. രൂപതാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും 2023 നവംബർ ഒന്നിനു മുൻപ് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയുടെ പേരിൽ പി.ഒ.സി. ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

അല്മായരെ കൂടാതെ രൂപതകളെ പ്രതിനിധീകരിക്കുന്നത് വികാരി ജനറാൾ, ഫൊറോന/ജില്ലാ വികാരിമാർ, രൂപതാധ്യക്ഷൻ നിശ്ചയിക്കുന്ന അഞ്ച് യുവവൈദികർ എന്നിവരാണ്. സന്ന്യസ്തസമൂഹങ്ങളുടെ സുപ്പീരിയർ ജനറാൾമാർ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് കൂടാതെ ഓരോ പ്രോവിൻസിൽ നിന്നും ഒരു

സന്ന്യാസിനി/സന്യാസി എന്നിവരാണ്. സന്യാസസമൂഹങ്ങളെ പ്രതിനിധീകരിക്കുന്നവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും അതതു സന്യാസ സമൂഹാധികാരികൾ നവംബർ ഒന്നിന് മുമ്പ് തന്നെ ഡെപ്യൂട്ടി സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.

## സാമ്പത്തിക കാര്യങ്ങൾ

ദിവ്യകാരുണ്യ കോൺഗ്രസ് പ്രാദേശികതലത്തിൽ വിപുലമായ പരിപാടികളോടെ നടത്തപ്പെടുമ്പോൾ ഉണ്ടാകുന്ന ഭാരിച്ച സാമ്പത്തിക ബാധ്യതയെകുറിച്ച് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. ആയതിനാൽ ഓരോ പ്രതിനിധിയും 1500 രൂപ രജിസ്ട്രേഷൻ ഫീസായി നല്കണം. ദിവ്യകാരുണ്യ കോൺഗ്രസിന്റെ നടത്തിപ്പിനായി വരുന്ന ചിലവുകൾ കേരള സഭാമക്കൾ എല്ലാവരുംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. അതിനാൽ ഇടവകയെ പ്രതിനിധികരിക്കുന്ന വ്യക്തിയുടെ രജിസ്ട്രേഷൻ തുക ആവശ്യമെങ്കിൽ ഇടവകയിൽ നിന്ന് നല്കണമെന്ന് നിർദ്ദേശിക്കുന്നു. സന്ന്യസ്തരുടെ രജിസ്ട്രേഷൻ തുക അതതു സന്ന്യസ്തസമൂഹങ്ങളും രൂപതാ വൈദികരുടേത് രൂപതകളും വഹിക്കേണ്ടതുമാണ്. അപ്രകാരം ആർക്കും പ്രത്യേകം സാമ്പത്തിക ഭാരം വരാതെ തന്നെ എല്ലാവരുടെയും സഹകരണത്തോടെ കേരളാദിവ്യകാരുണ്യകോൺഗ്രസ് വിജയകരമായി നടത്താൻ നമുക്കു സാധിക്കും.

## ദിവ്യകാരുണ്യ കോൺഗ്രസിനു മുൻപുള്ള ഒരുക്കങ്ങൾ

വല്ലാർപാടത്തു സംഘടിപ്പിക്കപ്പെടുന്ന കേരളാദിവ്യകാരുണ്യകോൺഗ്രസിനു മുന്നോടിയായി രൂപതാ - ഇടവകതലങ്ങളിൽ ആവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതാണ്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന ഡെലഗേറ്റ്സിന്റെ രജിസ്ട്രേഷൻ നടത്തിയശേഷം അവരെ രൂപതാതലത്തിൽ വിളിച്ചു ചേർത്ത് ആവശ്യമായ പരിശീലനം നല്കണം. കൂടാതെ ഇടവകതലത്തിൽ ദിവ്യകാരുണ്യദിനം, ദിവ്യകാരുണ്യ ആരാധന, റാലി, ദിവ്യകാരുണ്യ ധ്യാനങ്ങൾ, പ്രബോധനങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും സംസ്ഥാനതലത്തിൽ പരിശീലനത്തിനയച്ച റിസോഴ്സ് ടീമിനെ ഇടവകകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്. വിജയപുരത്ത് വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് പ്രസ്തുത റിസോഴ്സ് ടീം അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കിയിട്ടുണ്ട്.

## ദിവ്യകാരുണ്യത്തെ പുൽകുന്ന സഭ

ദിവ്യകാരുണ്യത്തോട് ചേർന്നു നില്ക്കാൻ അതിയായി ആഗ്രഹിക്കുന്ന സമൂഹമായി കേരളസഭ ഇനിയും പരിവർത്തനപ്പെടേണ്ടതുണ്ട്. മനുഷ്യരക്ഷയ്ക്കായി നൽകപ്പെട്ട ഏകനാമം യേശുക്രിസ്തുവിന്റേതാണ് (നടപടി 4:12). അവിടുത്തെ നാമമാകട്ടെ ദൈവത്തിന്റെ നിസ്സീമമായ കരുണയെയാണ് പ്രകാശിപ്പിക്കുന്നത്. ആത്മാവിന്റെ രക്ഷയ്ക്കായി പരിശ്രമിക്കുന്നവർക്ക് അവിടത്തെ നാമം

വലിയപ്രത്യാശ നൽകുന്നു. ദൈവത്തിന്റെ കരുണയുടെ മുഖം ഈ കാലയള വിൽ നാം പ്രകാശിപ്പിക്കേണ്ടതാണെന്ന ചിന്ത നമ്മിൽ രൂഢമൂലമാകണം.

ഈശോയുടെ ദിവ്യമായ സ്നേഹത്തിന്റെ അഗ്നിയാണ് ദിവ്യസക്രാരിയിലെ ദിവ്യകാരുണ്യം. നമ്മുടെ രക്ഷയ്ക്കുവേണ്ടി എരിയുന്ന ആ സ്നേഹാഗ്നിയോട് ചേർന്നു നില്ക്കാനാണ് നാം ദിവ്യകാരുണ്യ കോൺഗ്രസിലൂടെ പരിശ്രമിക്കു ന്നത്. ബഹു. വികാരിയച്ചന്മാരും വൈദികരും സന്ന്യസ്തരും അല്മായ നേതൃ ത്വവും ഇക്കാര്യത്തിൽ, വിശ്വാസത്തിൽ സഹകാരികളായ നമ്മുടെ സഹോദരർക്ക് ഉദാത്ത മാതൃക നല്കിക്കൊണ്ട് ദിവ്യകാരുണ്യ സ്നേഹത്തിൽ അധിഷ്ഠിത മായ വിശ്വാസജീവിതം നയിക്കാൻ പ്രേരിപ്പിക്കണം. സഭാനവീകരണം പൂർത്തി യാകുന്നത് ഈശോയോടുള്ള നമ്മുടെ സ്നേഹം അവിടുന്ന് ആഗ്രഹിക്കുന്ന വിധം ഊഷ്മളമാകുമ്പോഴാണ്. പരസ്പരം ക്ഷമിക്കാനും വിട്ടുവീഴ്ച ചെയ്യാനും സഹകരിക്കാനും സാധിക്കുന്നവിധത്തിൽ തുറവിയുള്ളതും നിർമ്മലവുമായിരി ക്കട്ടെ നമ്മുടെ ബന്ധങ്ങൾ. അങ്ങനെ ഈശോയുടെ ദിവ്യകാരുണ്യത്തിന്റെ യഥാർഥ അവകാശികളും സാക്ഷികളുമായി സമൂഹത്തിൽ ജീവിക്കാൻ ദിവ്യകാ രുണ്യ കോൺഗ്രസ് നമ്മെ സഹായിക്കട്ടെ.

ദിവ്യകാരുണ്യത്തെ മുൻനിർത്തിയുള്ള സഭാത്മകമായ ഈ ഒത്തുചേരൽ നമ്മുടെ വിശ്വാസത്തിന്റെ പ്രഘോഷണമായി പരിണമിക്കുന്നതിനും ദിവ്യകാ രുണ്യ ഭക്തിയിൽ കേരളസഭ കൂടുതൽ ആഴപ്പെടുന്നതിനും ഈ ദിവ്യകാരുണ്യ കോൺഗ്രസ് വിജയകരമായി നടത്തുന്നതിനും ദിവ്യകാരുണ്യ നാഥന്റെ മുന്നിൽ നിരന്തരം നമുക്കു പ്രാർഥി ക്കാം.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാരുണ്യം, അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവുമാകുന്ന വിശുദ്ധ കുർബാനയിലൂടെ സഭാ മക്കളായ നിങ്ങൾക്കേവർക്കും സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

എല്ലാ അനുഗ്രഹങ്ങളും നേർന്നുകൊണ്ട്, കേരള കത്തോലിക്കാസഭയ്ക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ –** വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. അലക്സ് വടക്കുംതല** – സെക്രട്ടറി ജനറൽ, കെസിബിസി

# കച്ചേരിക്കാര്യം

**1. വൈദികദിനം - ആഗസ്റ്റ് 4**

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ാം തീയതിയാണല്ലോ. ലോകം മുഴുവനിലുമുള്ള വൈദികർക്കുവേണ്ടി, പ്രത്യേകിച്ച് അജപാലന ശുശ്രൂഷകളിൽനിന്ന് വിരമിച്ച് വിശ്രമജീവിതം നയിക്കുന്ന വൈദികർക്കുവേണ്ടി പ്രാർത്ഥി ക്കുവാൻ ദൈവജനത്തെ ഓർമ്മിപ്പിക്കുമല്ലോ.

**2. വൈദിക ക്ഷേമനിധി**

വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള സംഭാവനകൾ ആഗസ്റ്റ് 6-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ സ്തോത്രക്കാഴ്ചയായി സ്വീകരിച്ച് എത്രയും വേഗം രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**3. വൈദികദിന കൂട്ടായ്മ**

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ചുള്ള ബഹു. വൈദികരുടെ സൗഹൃദ സമ്മേളനം താമരശ്ശേരി സെന്റ് അൽഫോൻസ സ്കൂളിൽ വെച്ച് നടത്തുന്നു. ആഗസ്റ്റ് 7-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിയോടെ ഈരൂട് വിയാനി പ്രീസ്റ്റ്ഹോമിൽ വിശ്രമജീവിതം നയിക്കുന്ന വൈദികസഹോദരങ്ങളെ സന്ദർശിച്ച് വൈകുന്നേരം 4.30 ന് ബഹു. അച്ചന്മാരെല്ലാവരും അൽഫോൻസ സ്കൂളിൽ എത്തിച്ചേരുകയും അത്താഴത്തോടെ പരിപാടികൾ സമാപിക്കുകയും ചെയ്യുന്നതാണ്.

**4. പതിനഞ്ച് നോമ്പ്**

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന് മുന്നോടിയായി നമ്മുടെ സഭയിൽ പതിനഞ്ച് നോമ്പ് ആഗസ്റ്റ്1 മുതൽ 15 വരെ ആചരിക്കുന്ന നല്ല പാരമ്പര്യം ഉണ്ടല്ലോ. ഇക്കാര്യം ദൈവജനത്തെ അറിയിക്കുകയും തീഷ്ണതയോടെ നോമ്പാചരണം നടത്തുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

**5. തടവറ പ്രേഷിതദിനം**

ആഗസ്റ്റ് 13-ാം തീയതി കേരളസഭ തടവറ പ്രേഷിതദിനമായി ആചരിക്കുന്നു. അന്നേദിവസം എടുക്കുന്ന സ്തോത്രക്കാഴ്ച തടവറ പ്രേഷിത പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**6. ജസ്റ്റിസ് സൺഡേ**

ആഗസ്റ്റ് 20-ാം തീയതി ഞായറാഴ്ച ജസ്റ്റിസ് സൺഡേയായി സഭ ആചരിക്കുന്നു. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച ദളിത് ക്രൈസ്തവരുടെ സമുദ്ധാരണത്തിനുവേണ്ടിയുള്ളതായതിനാൽ രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**7. വൈദിക സെമിനാർ**

2023 നവംബർ 27-ാം തീയതി മുതൽ 30-ാം തീയതി വരെ രൂപതയിലെ വൈദികർക്കായി പി.എം.ഒ.സി.യിൽ വെച്ച് വൈദിക സെമിനാർ നടത്തപ്പെടുന്നു. തീയതികൾ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**8. പുതിയ മേൽവിലാസം**

**FR. SAJY THOMAS**
ST. PAUL'S PARISH
8251- ST. ALBANS ROAD,
RICHMOND, VANCOUVER,
BC., V6Y 2L2. CANADA.
+1 250 589 7700.

**9. ആദരാഞ്ജലി**

ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസസമൂഹം അംഗം **സി. റോസ് ജോൺ എഫ്.സി.സി. (64)** 2023 ജൂലൈ 10 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 11-ാം തീയതി കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സമൂഹാംഗങ്ങളോട് രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**10. സ്മരണാഞ്ജലി**

| | | |
|---|---|---|
| **02-08-2010** | **-** | **റവ. ഫാ. ജോസഫ് മണിയങ്ങാട്ട്** |
| 02-08-1992 | - | റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. |
| 03-08-1973 | - | റവ. ഫാ. ജോസഫ് ഇടക്കര |
| 06-08-1958 | - | റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. |
| 08-08-1993 | - | റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. |
| **09-08-2011** | **-** | **റവ. ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ** |
| 10-08-2007 | - | റവ. ഫാ. ജോർജ് കച്ചിറമറ്റം |
| 13-08-1994 | - | റവ. ഫാ. തോമസ് മാമ്പുഴയ്ക്കൽ |
| **17-08-2018** | **-** | **റവ. ഫാ. ചാണ്ടി കുരിശുംമൂട്ടിൽ** |
| **19-08-2007** | **-** | **റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം** |
| **22-08-2005** | **-** | **റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം** |
| **25-08-2010** | **-** | **റവ. ഫാ. ജോസഫ് കോഴിക്കോട്ട്** |
| 28-08-1970 | - | റവ. ഫാ. ജോർജ് വട്ടുകുളം |

**പ്രോട്ടോസിഞ്ചെല്ലൂസ്**


# സ്നേഹസ്മരണയ്ക്ക്




റവ. ഫാ. ജോസഫ്
മണിയങ്ങാട്ട് (02.08.2010)



റവ. ഫാ. ജോസഫ്
അറയ്ക്കപറമ്പിൽ (09.08.2011)



റവ. ഫാ. ചാണ്ടി
കുരിശുംമൂട്ടിൽ (17.08.2018)



റവ. ഫാ. അലക്സ്
മണക്കാട്ടുമഠം (19.08.2007)



റവ. ഫാ. അഗസ്റ്റിൻ
തുരുത്തിമറ്റം (22.08.2005)



റവ. ഫാ. ജോസഫ്
കോഴിക്കോട്ട് (25.08.2010)

**MAR REMIGIOSE INCHANANIYIL**
**Bishop of Thamarassery**

**Order No. 3930**

## DECREE OF SUSPENSION

Whereas Fr. Thomas (Aji) Puthiyaparambil, an ascribed priest of the Eparchy of Thamarassery, refused to take charge in the Office of the Vicar of St. Joseph's Church Nooramthode as per the letter of appointment of the Eparchial Bishop (Order No. 3795, dated April 29, 2023) and went absconding after having published a note in the social media, thus acting under grave disobedience (CCEO, cc. 370) causing irreparable damage and public scandal;

Whereas Fr. Thomas (Aji) Puthiyaparambil, after many attempts from the part of the Eparchial Bishop and the Members of the Curia, fraternally exhorting and inviting him to come back to the Eparchy and to take up the new assignment, obstinately insisted in his decision, thus violating the norms given in CCEO, c. 386 §§1, 2, Particular Law of the Syro-Malabar Church, Art. 53;

Whereas Fr. Thomas (Aji) Puthiyaparambil publicly took a stand against the decision of the Synod of Bishops of the Syro-Malabar Church through public speeches and messages in the social media, causing scandal and violating ecclesiastical discipline (CCEO, c. 1447 §1);

After having heard Fr. Thomas (Aji) Puthiyaparambil to explain the scandalous situation created by his public grave disobedience and considering the scandalous situation continues to prevail, as the accused is not ready to amend his position, having made due deliberations, I hereby suspend Fr. Thomas (Aji) Puthiyaparambil from exercising all priestly ministry i.e., celebrating Holy *Qurbana* and administering other sacraments and sacramentals in the Eparchy of Thamarassery and elsewhere as per the norm of the law (CCEO, c. 1446 & c.1432 §1) until further orders from the Office of the Bishop of Thamarassery. He shall have his residence at Good Shepherd Priest Home, Marikkunnu during the period of suspension.

I recommend Fr. Thomas (Aji) Puthiyaparambil to trust in the Mercy of the Lord and to take refuge in His forgiving love.

**Given this from the Office of the Bishop on 18 July 2023.**

**✠Remigiose Inchananiyil**
Bishop of Thamarassery

Fr. Cheriyan Ponganpara
Chancellor

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web : www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com

# വൈദിക സമിതി റിപ്പോർട്ട്

താമരശ്ശേരി രൂപത പന്ത്രണ്ടാമത് വൈദിക സമിതിയുടെ മൂന്നാമത് സമ്മേളനം 2023 ജൂലൈ 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് താമരശ്ശേരി രൂപതാഭവനിലെ കോൺഫറൻസ് ഹാളിൽ വച്ച് ചേർന്നു. ബഹു. അലക്സ് പനച്ചിക്കൽ അച്ചന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ബഹു. മോൺ. അബ്രഹാം വയലിൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. കേരളം കണ്ട ഏറ്റവും ജനപ്രിയ നായ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. കർഷകരോടുള്ള സ്നേഹവും സത്യസന്ധതയും ധാർമ്മികതയും നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. മരണം വരെ ദൈവവിശ്വാസത്തെ മുറുകെ പിടിക്കുകയും ആദർശവാനായി ജീവിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ നിര്യാണം കേരള സമൂഹത്തിന് തീരാനഷ്ടമാണ് എന്ന് അഭിവന്ദ്യ പിതാവ് അനുസ്മരിച്ചു.

മണിപ്പൂരിൽ 2023 മെയ് 3 ന് ആരംഭിച്ച് ഇപ്പോഴും തുടരുന്ന ആഭ്യന്തര കലാപം ഇന്ത്യയുടെ മതേതര മനസാക്ഷിക്ക് ഏൽപ്പിച്ചുകൊണ്ടിരിക്കുന്ന മുറിവ് നിസ്സാരമല്ല. രാജ്യത്തിന്റെ ഐക്യത്തിനും പുരോഗതിക്കും തടസ്സമാകുന്ന ഇത്തരം കലാപങ്ങൾ സമയബന്ധിതമായി നിഷ്കാസനം ചെയ്യേണ്ടതാണെന്നും മതേതരത്വം സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ക്രൈസ്തവ സമൂഹത്തിന് ഇത്തരം നിസംഗതാ മനോഭാവങ്ങളെ കണ്ടു നിൽക്കാനാകില്ലെന്നും യോഗം അഭിപ്രായപ്പെട്ടു.

രൂപതയുടെ പൊതുവായ പ്രവർത്തനങ്ങളെ വിലയിരുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന സുപ്രധാനമായ സമിതിയാണ് പ്രസ്ബിറ്ററൽ കൗൺസിൽ എന്നും വൈദികക്ഷേമവും കൂട്ടായ്മയും ശക്തിപ്പെടുത്തുന്ന തരത്തിൽ കൂട്ടുത്തരവാദിത്വത്തോടെ നിർദ്ദേശങ്ങൾ നൽകണമെന്നും രൂപതയിലെ വിശ്വാസസമൂഹത്തെ സ്നേഹത്തിലും, വിശ്വാസത്തിലും വളർത്താനുള്ള കടമയെകുറിച്ച് നാം അവബോധം ഉള്ളവരായിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. നമ്മുടെ സമൂഹം പ്രതിസന്ധികളുടെ നടുവിൽ ആണെന്നും കാർഷിക മേഖലയിലെ വില തകർച്ചയും വന്യജീവികൾ കൃഷി നശിപ്പിക്കുന്നതും കർഷകരുടെ കടുംബങ്ങളെ കണ്ണീരിലാഴ്ത്തുമ്പോൾ വിദേശത്തേക്ക് പഠനത്തിനായും ജോലിക്കായും പോകുന്ന യുവതീയുവാക്കൾ അവിടെ സ്ഥിര താമസക്കാരാക്കുന്ന സ്ഥിതിവിശേഷം നമ്മുടെ സമൂഹത്തെ വൃദ്ധരുടെ നാടാക്കിമാറ്റുന്നു എന്നും മയക്ക് മരുന്നിന് യുവാക്കൾ മാത്രമല്ല, കുട്ടികൾപോലും അടിമകളാക്കപ്പെടുന്നു എന്നത് ആശങ്കാജനകമാണെന്നും അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തി. സന്യസ്തർ രൂപതയിൽ നൽകികൊണ്ടിരിക്കുന്ന സ്തുത്യർഹസേവനത്തെ അഭിവന്ദ്യ പിതാവ് അനുസ്മരിക്കുകയും നന്ദി പറയുകയും ചെയ്തു.

പന്ത്രണ്ടാമത് വൈദികസമിതിയുടെ സെക്രട്ടറിയായി സേവനം ചെയ്തിരുന്ന ബഹു. ഫാ. ജോർജ് മുണ്ടനാട്ട് ദീപികയുടെ മാനേജിംഗ് ഡയറക്ടറായി കോട്ടയത്തിന് സ്ഥലം മാറി പോയതിനാൽ പന്ത്രാണ്ടാമത് സമിതിയുടെ രണ്ടാമത് സമ്മേളനത്തിന്റെ റിപ്പോർട്ട് ചാൻസലർ ബഹു. ചെറിയാൻ പൊങ്ങൻപാറ അച്ചൻ അവതരിപ്പിച്ചു. റിപ്പോർട്ടിന്മേലുള്ള ചർച്ചക്ക് ശേഷം ചാൻസലറായിരിക്കുന്ന ചെറിയൻ പൊങ്ങൻപാറ അച്ചനെ പ്രസ്ബിറ്ററൽ കൗൺസിലിന്റെ പുതിയ സെക്രട്ടറിയായി തെരഞ്ഞെടുത്തു. തുടർന്ന് യോഗം അജണ്ടയിലെ വിഷയങ്ങൾ ചർച്ചയ്ക്കെടുത്തു.

### 1. ഏകസിവിൽ കോഡ്

ഏകീകൃത സിവിൽ കോഡ് പ്രാബല്യത്തിൽ കൊണ്ടുവരുവാനുള്ള നീക്കത്തെ കുറിച്ചുള്ള വിഷയാവതരണം പെരിയ ബഹു. ജോസഫ് കളരിക്കൽ അച്ചൻ നടത്തി. ക്രൈസ്തവ സമൂഹം ഇന്ത്യയിലെ നിലവിലുള്ള നിയമങ്ങളോട് 100% നീതി പുലർത്തുവാൻ പരിശ്രമിക്കുന്ന, ഭരണഘടന അനുവദിച്ചു നൽകിയിട്ടുള്ള ന്യൂനപക്ഷ അവകാശങ്ങളെ വ്യക്തികളുടയും സമൂഹത്തിന്റെയും മഹത്വത്തിന് കളങ്കം വരാത്ത രീതിയിൽ ഉപയോഗിച്ച് വരികയും ചെയ്യുന്ന ഒരു മതവിഭാഗമാണെന്നും, ഇന്ത്യയുടെ വിശാലമായ വൈവിധ്യത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ സാംസ്കാരികവും മതപരവുമായി ഏകീകൃത സിവിൽ കോഡ് എന്ന ആശയം അപ്രായോഗികമാണെന്ന് മനസിലാക്കാം എന്നും യോഗം വിലയിരുത്തി. പൂർണ്ണമായും മതപരവും സാംസ്കാരികവുമായ വിഷയങ്ങളിൽ സർക്കാർ കൈകടത്തുന്നത് ഒരു മതേതര രാജ്യത്തിന് അഭികാമ്യമല്ല. സർക്കാർ ഇടപെടലുകൾ വ്യക്തി നിയമങ്ങളിൽ കടന്നുകൂടിയിട്ടുള്ള അനീതിയോ അസമത്വങ്ങളോ നീക്കം ചെയ്യാനും ലിംഗപരമോ മറ്റേതെങ്കിലും വിധത്തിലുള്ള വിവേചനങ്ങൾ പരിഹരിക്കാനും മാത്രമായിരിക്കണം. ക്രൈ സ്തവ വിഭാഗത്തിന്റെ ആരാധന സ്വാതന്ത്ര്യത്തെയോ മതസ്വാതന്ത്ര്യത്തെയോ ഏക സിവിൽ കോഡ് തടസ്സപ്പെടുത്തുമോ എന്ന ആശങ്ക യോഗം പങ്കുവച്ചു. ക്രൈസ്തവ വിഭാഗത്തിന്റെ ആശങ്കകളെ ശ്രദ്ധാപൂർവ്വം പരിഗണിക്കണം എന്നും പ്രത്യേകമായി പരിഗണിക്കേണ്ട നിയമനിർമ്മാണത്തെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ കരട് രേഖ ഉടൻ പുറത്തിറക്കണം എന്നും കരട് രേഖ പഠിക്കാൻ ആവശ്യമായ സമയം അനുവദിച്ചു തരണമെന്നും കരട് രേഖ തയ്യാറാക്കാതെ ഇത് സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്താൻ പറയുന്നത് രാഷ്ട്രീയ പ്രേരിതമാണെന്നും യോഗം വിലയിരുത്തി.

### 2. Decreasing Christian Demography and Its Solutions

കേരള സർക്കാർ 2005-2019 കാലഘട്ടത്തിൽ പുറത്തിറക്കിയ Annula vital statitics reports പ്രകാരം കേരളത്തിലെ ക്രൈസ്തവരുടെ മരണ നിരക്ക് ഉയർന്നു

നിൽക്കുകയും ജനനനിരക്ക് കുറഞ്ഞുവരികയും ചെയ്യുന്നു എന്ന വസ്തുത ആശങ്കാജനകമാണെന്ന് വിഷയം അവതരിപ്പിച്ച ബഹു. സബിൻ തൂമുള്ളി അച്ചൻ അഭിപ്രായപ്പെട്ടു. 2019 ൽ കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിലെ ജനനനിരക്ക് 14.28% മരണനിരക്ക് 19.73% ആണ്. നമ്മുടെ കുടുംബങ്ങളിൽ നിന്നും യുവതീയുവാക്കൾ യുറോപ്യൻ രാജ്യങ്ങളിലേക്ക് കുടിയേറുന്നതിൽ മാതാപിതാക്കൾക്കും വിഷമമുണ്ടെന്നും മാതാപിതാക്കൾക്ക് മക്കളുടെ മേലും സഭയ്ക്ക് കുടുംബങ്ങളുടെ മേലുമുള്ള സ്വാധീനം കുറയുന്നു എന്നതും ശ്രദ്ധ ചെലുത്തേണ്ട വിഷയമാണെന്ന് യോഗം വിലയിരുത്തി. അടിയന്തിര പ്രാധാന്യമുള്ള വിഷയമെന്ന നിലയിൽ ഇതേ ക്കുറിച്ച് തുടർ പഠനങ്ങൾ നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും നടപ്പിലാക്കുവാനുമായി ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ Family Apostolate, Pro-life, KCYM, AKCC, CWC എന്നീ സംഘടനകൾ ഒന്നുചേർന്ന് ഒരു Inter-departmental committee ക്ക് രൂപം നൽകി. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടറെ ഏൽപ്പിക്കുവാനും തീരുമാനിച്ചു. ഇടവകകളിൽ കൂടുതൽ പഠനത്തിനായി കേരള-സർക്കാർ Annul vitual statistics report-ലെ കണക്കുകൾ ഒരു booklet ആക്കി പ്രസിദ്ധീകരിക്കാൻ കമ്മിറ്റിയെചുമതലപ്പെടുത്തി.

### 3. വൈദികരുടെ സ്ഥലം മാറ്റവും അലവൻസും

വൈദികരുടെ സ്ഥലമാറ്റം മെയ് രണ്ടാം ആഴ്ച ആയതിനാൽ പഠിക്കാനും മറ്റ് ആവശ്യങ്ങൾക്കുമായി ലീവിൽ പോകുന്ന വൈദികർക്ക് ആ മാസത്തെ അലവൻസ് കിട്ടാതെ വരുന്നു. ഈ സാഹചര്യത്തിൽ ഒരു മാസത്തെ അലവൻസിന്റെ ആദ്യ പകുതി ആദ്യ ഇടവകയിൽ നിന്നും രണ്ടാം പകുതി പുതിയതായി നിയമതിതനായ ഇടവകയിൽ നിന്നും കൈപറ്റുന്നതാണ് ഉചിതമെന്ന് തീരുമാനിച്ചു.

### 4. സെയ്ഫ് സൂപ്പർ മാർക്കറ്റ്

കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലയിടിവ് നേരിടുന്ന സാഹചര്യത്തിൽ കർഷകരിൽ നിന്നും കാർഷികോൽപന്നങ്ങൾ നേരിട്ട് വാങ്ങി ഇടനിലക്കാരുടെ ലാഭം ഒഴിവാക്കി ആ വസ്തുക്കൾ വിറ്റഴിച്ച് കർഷകരെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച സെയ്ഫ് എന്ന സ്ഥാപനത്തിൽ അതിന്റെ സ്ഥാപന ഉദ്ദേശ്യം നടക്കാതെ വന്നതിനാൽ സെയ്ഫ് എന്ന പ്രസ്ഥാനം നിർത്തണോ തുടരണമോ എന്ന കാര്യത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ ബഹു. ഫാ. മനോജ് കൊല്ലംപറമ്പിൽ, ബഹു. ഫാ. അനീഷ് തടത്തിൽ, ബഹു. ഫാ. ജോസഫ് പാലക്കാട്ട് എന്നിവരെ പ്രസ്ബിറ്ററൽ കൗൺസിൽ ചുമതലപ്പെടുത്തി.

### 5. Major Archepircopal Assemby of SM Church

'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോ മലബാർ സഭയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി 2024 ആഗസ്റ്റ് മാസത്തിൽ നടക്കാ

നിരിക്കുന്ന സീറോ മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ രൂപരേഖ പെരിയ ബഹു. ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ അവതരിപ്പിച്ചു. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയ്ക്ക് മുമ്പ് രൂപതകളിൽ എപ്പാർക്കിയൽ അസംബ്ലികൾ നടത്തണമെന്നും മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ മാർഗ്ഗരേഖയിലെ ചർച്ചാവിഷയങ്ങളായ പരിശുദ്ധാത്മാവിനെ ശ്രവിക്കുന്ന സഭ, വിശ്വാസ പരിശീലന നവീകരണം, സുവിശേഷപ്രഘോഷണത്തിനായുള്ള അത്മായ ശാക്തീകരണം, സീറോ മലബാർ സമുദായത്തിന്റെ ശാക്തീകരണം എന്നിവ എപ്പാർക്കിയൽ അസംബ്ലിയുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തി ചർച്ചകൾ നടത്തണമെന്നും വിഷയാവതരണം നടത്തി അച്ചൻ നിർദ്ദേശിച്ചു. താമരശ്ശേരി രൂപത എപ്പാർക്കിയൽ അസംബ്ലിയുടെ ചർച്ചാവിഷയങ്ങൾ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ ചർച്ചാവിഷയങ്ങളുമായി യോജിച്ചുപോകുന്നുവെന്ന് യോഗം വിലയിരുത്തി.

### 6. റൂബി ജൂബിലി

2026-ൽ രൂപത സ്ഥാപിതമാതയതിന്റെ 40-ാം വാർഷികാഘോഷവുമായി ബന്ധപ്പെട്ട് നടത്തികൊണ്ടിരിക്കുന്ന 27 ഇന പദ്ധതികളെകുറിച്ച് വിലയിരുത്തി ബഹു. ജോൺ ഒറവുങ്കര അച്ചൻ സംസാരിച്ചു. കർമ്മപദ്ധതികളിൽ പുർത്തിയായ തിരുശേഷിപ്പ് പ്രയാണത്തിന് നേതൃത്വം നൽകിയ കെ.സി.വൈ.എം. നെ പ്രത്യേകം അഭിനന്ദിച്ചു. താമരശ്ശേരി രൂപതയിലെ കുട്ടികളുടെ അഭിരുചികൾ വിലയിരുത്തി ഓരോരുത്തർക്കും ഉതകുന്ന വിവിധ പഠന മേഖലകളിലേക്കും പ്രവർത്തനങ്ങളിലേക്കും വേണ്ട നിർദ്ദേശം നൽകുന്ന പദ്ധിയായ 'എഡ്യുകെയർ' പ്രവർത്തനം ആരംഭിച്ചു. 6 സിസ്റ്റേഴ്സ് ഇതിനായി സേവനം ചെയ്യുന്നുവെന്നും അച്ചൻ യോഗത്തെ അറിയിച്ചു. രൂപത സോഷ്യൽ സർവ്വീസിന്റെ ആഭിമുഖ്യത്തിൽ 1000 രൂപ വീതം ദരിദ്ര കുടുംബങ്ങൾക്ക് നൽകുന്ന 'മന്ന' പദ്ധതി ജൂലൈ 19 ന് അഖണ്ഡജപമാല സമർപ്പണത്തിന്റെ ആരംഭത്തിൽ ഉദ്ഘാടനം ചെയ്യും എന്നും വേനപ്പാറയിൽ ഡയാലിസീസ് സെന്റർ തുടങ്ങുവാനുള്ള പ്രഥമിക കർമ്മങ്ങൾ ആരംഭിച്ചതായും യോഗത്തെ അറിയിച്ചു.

### 7. എപ്പാർക്കിയൽ അസംബ്ലി

'ഉണർന്ന് പ്രശോഭിക്കുക (ഏശ. 6:10) എന്ന ആപ്തവാക്യം സ്വീകരിച്ച് ദൈവേഷ്ടം നിറവേറ്റി നാടിന്റെ പ്രകാശമായി പ്രശോഭിക്കാൻ വ്യക്തി, കുടുംബ, ഇടവക, ഫൊറോന തലങ്ങളിൽ വിശ്വാസഭദ്രത, കുടുംബഭദ്രത, വൈദിക സന്യസ്ത ശാക്തീകരണം, സമുദായ ശാക്തീകരണം എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് നടത്തുന്ന എപ്പാർക്കിയൽ അസംബ്ലിയുടെ പുരേഗതി ബഹു. തോമസ് ചിലമ്പിക്കുന്നേൽ അച്ചൻ വിലയിരുത്തി.

ശൂന്യവേളയിൽ ബഹു. തോമസ് (അജി) പുതിയാപറമ്പിലച്ചന്റെ വിഷയം ചർച്ച ചെയ്തു. നൂറാംതോട് ഇടവകയിൽ ചാർജ് എടുക്കാതെ ഗൗരവതരമായ അനുസരണക്കേട് കാട്ടുകയും എറണാകുളം-അങ്കമാലി അതിരൂപതയിൽ ഒരു വിഭാഗം വിശ്വാസികളോടുപക്ഷം ചേർന്ന് പ്രവർത്തിക്കുകയും അതിൽ നിന്നു പിൻമാറുവാൻ അഭിവന്ദ്യ പിതാവും കൂരിയ അംഗങ്ങളും പ്രീസ്റ്റിലി ഗ്രീവൻസ് കമ്മിറ്റിയും നിർദ്ദേശിച്ചിട്ടും അത് മാനിക്കാതെ പ്രവർത്തിക്കുന്നതിനാൽ തോമസ് (അജി) അച്ചനെ വൈദികവൃത്തിയിൽ നിന്നും സസ്പെൻഡ് ചെയ്യുവാൻ യോഗം നിർദ്ദേശിച്ചു.

അദ്ദേഹം തന്റെ തെറ്റ് മനസിലാക്കി തിരിച്ചു വരുന്ന സാഹചര്യത്തിൽ സസ്പെൻഷൻ പിൻവലിക്കാവുന്നതാണ് എന്ന് പിതാവ് യോഗത്തെ അറിയിച്ചു. അൽഫോൻസാമ്മയുടെ കബറിടത്തിലേക്ക് ജൂലൈ 20 ന് നടത്തുന്ന രൂപതാതീർത്ഥയാത്രയിൽ എല്ലാവരുടെയും സഹകരണം പിതാവ് അഭ്യർത്ഥിച്ചു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട വൈദിക സമിതി സെക്രട്ടറി എല്ലാവർക്കും നന്ദി പ്രകടിപ്പിച്ചു. സമാപാന പ്രാർത്ഥനയ്ക്കുശേഷം അഭിവന്ദ്യ പിതാവിന്റെ ശ്ലൈഹികാശീർവാദത്തോടെ യോഗം സമാപിച്ചു.

# വിശ്വാസപരിശീലനം

“എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തുവഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകും.” (ഫിലിപ്പി 4:19)

## Faith at Parish

ജൂലൈ 3 ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് ഒരുക്കിയ മരുതോങ്കര സൺഡേസ്കൂൾ വാർഷികാഘോഷത്തിൽ രൂപത മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ പങ്കുചേർന്നു. കല്ലാനോട് ഇടവകയിൽ സന്ദർശനം നടത്തി, വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, കുട്ടികൾക്ക് സന്ദേശം നൽകുകയും, മതാധ്യാപകരെ കണ്ട് വിശ്വാസ പരിശീലനം വിലയിരുത്തുകയും ചെയ്തു.

## ലൂമിന

ജൂലൈ 9 ഞായറാഴ്ച തോട്ടുമുക്കം മേഖലയിലെ യുവജനങ്ങൾക്കായുള്ള ലൂമിന പ്രോഗ്രാം തോട്ടുമുക്കം ഫൊറോന പള്ളിയിൽ വച്ച് നടത്തി. 252 യുവജനങ്ങൾ പങ്കെടുത്തു. ജൂലൈ 22 ശനിയാഴ്ച്ച കോടഞ്ചേരി മേഖലയിലെ ലൂമിന പ്രോഗ്രാം കോടഞ്ചേരി ഫൊറോന പള്ളിയിൽ വച്ച് നടത്തി. 340 യുവജനങ്ങൾ പങ്കെടുത്തു. ജൂലൈ 23 ഞയറാഴ്ച്ച താമരശ്ശേരി മേഖലയിലെ ലൂമിന പ്രോഗ്രാം താമരശ്ശേരി ഫൊറോന പള്ളിയിൽ വച്ച് നടത്തി. 182 യുവജനങ്ങൾ പങ്കെടുത്തു.

## Power Cell (മതാധ്യാപക സംഗമം)

ജൂലൈ 17 തിങ്കളാഴ്ച മലപ്പുറം സെന്ററിൽ വച്ച് നടന്ന പവർസെൽ II ൽ കൊണ്ടോട്ടി, കോട്ടക്കൽ, മലപ്പുറം, ഊരകം, തിരൂർ, എന്നീ ഇടവകകളിൽ നിന്നും 56 അധ്യാപകർ പങ്കെടുത്തു. ജൂലൈ 18 ചൊവ്വാഴ്ച മരിയാപുരം സെന്ററിൽ വച്ച് നടന്ന പവർസെൽ 3 ൽ മലാപ്പറമ്പ്, ചീരട്ടാമല, മരിയാപുരം, മങ്കട, വലമ്പൂർ, കുറ്റിപ്പുറം, പാലൂർകോട്ട, എന്നീ ഇടവകകളിൽ നിന്നും 78 അധ്യാപകർ പങ്കെടുത്തു.

## ആമുഖ സെമിനാർ

2023–2024 വിശ്വാസ പരിശീലന വർഷത്തെ നവാഗതരായ അധ്യാപകർക്കുവേണ്ടി നടത്തിയ ആമുഖ സെമിനാറിൽ 74 അധ്യാപകർ പങ്കെടുത്തു. സെമിനാർ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപത മതബോധന ഡയറക്ടർ ഫാ.ജോൺ പള്ളിക്കാവയലിൽ എല്ലാവർക്കും സർട്ടിഫിക്കറ്റ് നല്കി.

## ACC 13 ഗൂഗിൾ മീറ്റ്

ACC13 അധ്യാപകരുടെ മീറ്റിങ് ജൂലൈ 15ന് വൈകുന്നേരം 8.30pm മുതൽ 9.30pm വരെ ഗൂഗിൾ മീറ്റ് വഴി നടത്തി.

## ACC13,14 ക്ലാസ്സുകൾ

ജൂലൈ മാസത്തെ ACC 13 ന്റെ 2 ക്ലാസ്സുകളും, ACC14 ന്റെ 2 ക്ലാസ്സുകളും കാറ്റിക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

ACC13 ൽ കേരള നവോത്ഥാനവും ക്രൈസ്തവ സംഭാവനകളും എന്ന വിഷയത്തെ കുറിച്ച് Rev. Dr. Mathew Kulathinkal, മരിയൻ വിശ്വാസ സത്യങ്ങൾ എന്ന വിഷയത്തെ കുറിച്ച് ഫാ. ജോസഫ് അന്തീനാട് എന്നിവർ ക്ലാസ്സുകൾ എടുത്തു. ACC14 ൽ കുമ്പസാരം എന്ന കൂദാശ എന്ന വിഷയത്തെ കുറിച്ച് 2 ക്ലാസ്സുകൾ ഫാ. ജോർജ് വെള്ളാരംകാലായിൽ എടുത്തു.

ACC13,14 Mr. Johnson Poovathinkal ന്റെ ക്ലാസ്സുകൾ പവർ പോയിന്റ് പ്രസന്റേഷനോടുകൂടി സംപ്രേക്ഷണം ചെയ്തു.

## മീഡിയ കാറ്റക്കേസിസ്

ജൂലൈ മാസത്തിൽ നടത്തപ്പെട്ട ലൂമിന, പവർ സെൽ, ഇടവക സന്ദർശനം, ACC ക്ലാസ്സുകൾ എന്നിവയുടെ വീഡിയോകൾ കാറ്റക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## ഓഗസ്റ്റ് മാസത്തെ പ്രോഗ്രാമുകൾ

01-08-23 ചൊവ്വ — പതിനഞ്ചുനോമ്പാരംഭം

02-08-23 ബുധൻ — Power Cell: മരുതോങ്കര സെന്റർ (മരുതോങ്കര, ചെമ്പനോട, കുണ്ടുതോട്, പടത്തുകടവ്, പശുക്കടവ്, പൂഴിത്തോട്)

04-08-23 വെള്ളി — വി. ജോൺ മരിയ വിയാനി (വൈദിക ദിനം)

06-08-23 ഞായർ — കൈത്താക്കാലം 4-ാം ഞായർ നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം വൈദികദിനാചരണം (ഇടവകകളിൽ വൈദികരെ ആദരിക്കുന്നു)
ACC 13, 14 Online Class
ലൂമിന: മരുതോങ്കര മേഖല @ മരുതോങ്കര

11-08-23 വെള്ളി — വി. ക്ലാര

12-08-23 ശനി — ലൂമിന: പാറോപ്പടി മേഖല @ പാറോപ്പടി

13-08-23 ഞായർ — കൈത്താക്കാലം 5-ാം ഞായർ
വി. മാക്സിമില്യൻ കോൾബേ
ലൂമിന: കൂരാച്ചുണ്ട് മേഖല @ ചക്കിട്ടപ്പാറ

15-08-23 ചൊവ്വ പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണം
(കടമുള്ള ദിവസം)
ഇന്ത്യൻ സ്വാതന്ത്ര്യദിനം

19-08-23 ശനി പ്രധാനാധ്യാപക സംഗമം
(ബിഷപ്സ് ഹൗസ് ഓഡിറ്റോറിയം, താമരശ്ശേരി) (9.30am-1pm)

20-08-23 ഞായർ കൈത്താക്കാലം 6-ാം ഞായർ
ACC 13, 14 Online Class
ലൂമിന: കരുവാരകുണ്ട് മേഖല @ കരുവാരകുണ്ട്


23-08-23 ബുധൻ Power Cell: പെരിന്തൽമണ്ണ സെന്റർ (പെരിന്തൽമണ്ണ, താഴേക്കോട്, വെട്ടത്തൂർ, നെന്മേനി, ഒറവും പുറം, പൊന്ന്യാംകുറിശ്ശി)

25-08-23 വെള്ളി വി. ബർത്തലോമിയോ ശ്ലീഹാ

27-08-23 ഞായർ കൈത്താക്കാലം 7-ാം ഞായർ വി. അഗസ്റ്റിൻ

29-08.-23 ചൊവ്വ വി. എവുപ്രാസ്യ
തിരുവോണം

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം



# ലിറ്റർജി കമ്മീഷൻ

## ഫീദെസ് ഫാമിലി ക്വിസ് ഫൈനൽ മത്സരം : സമ്മാന വിതരണം നടത്തി

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽകോഴിക്കോട് പി.എം .ഒ.സി യിൽ വെച്ച് 8.7.2023 ന് നടത്തിയ ഫീദെസ് ഫാമിലി ഫൈനൽ ക്വിസ് മത്സരത്തിന്റെ സമ്മാന വിതരണം താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു. ഒന്നാം സമ്മാനം തിരുവമ്പാടി ഇടവകയിലെ ഷൈനി താമരക്കാട് ആൻഡ് ഫാമിലി കരസ്ഥമാക്കി. തെയ്യപ്പാറ ഇടവകയിലെ സ്കറിയ വള്ളിയാംപൊയ്കയിൽ ആൻഡ് ഫാമിലി, തേക്കുംകുറ്റി ഇടവകയിലെ ജോമോൻ പാഴിയാങ്കൽ ആൻഡ് ഫാമിലി എന്നിവരാണ് യഥാക്രമം രണ്ടും മൂന്നും സമ്മാനങ്ങൾ നേടിയത്. 15 ടീമുകളാണ് ഫൈനൽ മത്സരത്തിൽ പങ്കെടുത്തത്. ഒന്നും രണ്ടും മൂന്നും സമ്മാനാർഹർക്ക് യഥാക്രമം 15,000 രൂപ (CHEM Pharma, Calicut Road, Manjeri) 10000 രൂപ (Fatima Druglines, Manjeri), 5000 രൂപ (Adv. Beena Joseph Palayoor, Manjeri) എന്നിങ്ങനെ സമ്മാനങ്ങൾ ലഭിച്ചു.

പങ്കെടുത്ത എല്ലാ ടീമുകൾക്കും Arabian Dental Lab, Manjeri സ്പോൺസർ ചെയ്ത പ്രോത്സാഹന സമ്മാനങ്ങളും ലഭിച്ചു.

സീറോ മലബാർ സഭയുടെ ആരാധനാക്രമ വിശ്വാസ പരിശീലന ഗ്രന്ഥം (50%), വിശുദ്ധ കുർബാന പുസ്തകം റാസക്രമം (20%), താമരശ്ശേരി രൂപത കലണ്ടർ (20%), സഭാസംബന്ധമായ പൊതു ചോദ്യങ്ങൾ (10%) എന്നിവയെ അടിസ്ഥാനമാക്കി നടത്തിയ ക്വിസ് മത്സരത്തിന്റെ ക്വിസ് മാസ്റ്റർ കൂട്ടാലിട കേരള ഗ്രാമീൺ ബാങ്ക് മാനേജർ ശ്രീ. ജോസ് സെബാസ്റ്റ്യൻ വാതല്ലൂർ ആയിരുന്നു. താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ കൺവീനർ ഫാ. ജോസഫ് കളത്തിൽ, രൂപത ലിറ്റർജി കമ്മീഷൻ അംഗം റിജോ കൂത്രപ്പള്ളി എന്നിവർ മത്സരത്തിന് നേതൃത്വം നൽകി. ഫീദെസ് ഫാമിലി ക്വിസിന്റെ ആദ്യഘട്ടത്തിലെ 100 ചോദ്യങ്ങൾ QR കോഡ് രൂപത്തിലാക്കിയ മരിയാപുരം ഇടവകാംഗമായ ശ്രീ. ബിജോ കെ. ജെയിംസ് കൂത്രപ്പള്ളിക്ക് പ്രത്യേകം നന്ദിയർപ്പിക്കുന്നു.

## മർഗാനീസ ക്ലാസ് രണ്ടാം ഭാഗം

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ രണ്ടാം ഭാഗം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

ജൂലൈ മാസത്തെ 'പരിശുദ്ധ കുർബാനയും പൗരസ്ത്യ സഭകളെക്കുറിച്ചുള്ള ഡിക്രിയും' എന്ന വിഷയത്തെക്കുറിച്ചുള്ള ക്ലാസ് നയിച്ചത് താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവാണ്. ജൂലൈ 22 ശനിയാഴ്ച വൈകിട്ട് 8.30 മുതൽ 9.30 വരെ സൂം മീറ്റിലൂടെ നടത്തിയ ഈ ക്ലാസ്സിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി നൂറോളം പേർ സംബന്ധിച്ചു.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിലച്ചനും മീഡിയ കമ്മീഷൻ ഡയറക്ടർ ബഹു. ഡൊമിനിക്ക് കുഴിവേലിയച്ചനും പ്രത്യേകം നന്ദി അർപ്പിക്കുന്നു.

എല്ലാ മാസത്തെയും രണ്ടാമത്തെയും നാലാമത്തെയും ആഴ്ചയിൽ നടക്കുന്ന ഈ ക്ലാസുകളിൽ പങ്കെടുക്കാൻ ബഹു. അച്ചന്മാർ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് അയച്ചുതരുന്ന പോസ്റ്ററുകൾ ഇടവക വാട്സ്ആപ്പ് കൂട്ടായ്മകളിൽ ഷെയർ ചെയ്യുകയും ചെയ്യുമല്ലോ.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# ഫാമിലി അപ്പോസ്തൊലേറ്റ്

## പ്രീകാനാ കോഴ്സുകൾ 2023

**ഓഗസ്റ്റ് 10–12**
**സെപ്റ്റംബർ 7–9**
**ഒക്ടോബർ 12–14**

കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും : 8075935240 (WhatsApp)

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തൊലേറ്റ്

# സെമിനാരി വാർത്തകൾ

## ദുക്റാന തിരുനാൾ & അക്കാദമിക് വർഷാരംഭം

ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 2 ന് വൈകിട്ട് പാഠ്യേതര പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടത്തപ്പെട്ടു. ബഹു. ജോയ്സൻ സാർ അന്നത്തെ ദിവസത്തിന്റെ സന്ദേശം നൽകുകയും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. വൈസ് റെക്ടർ ബഹു. കുര്യാക്കോസ് പാലക്കീൽ അച്ചൻ സ്വാഗതം ആശംസിച്ചു. റെക്ടർ ബഹു. ജേക്കബ് അരീത്തറ അച്ചൻ അധ്യക്ഷ പ്രസംഗം നടത്തി. തുടർന്ന് വൈദിക വിദ്യാർത്ഥികളുടെ കലാപരിപാടികളോടുകൂടി യോഗം അവസാനിച്ചു.

## ഇംഗ്ലീഷ് കോഴ്സ്

ജൂലൈ 11 മുതൽ 14 വരെ ആദ്യവർഷ വൈദിക വിദ്യാർത്ഥികൾക്കായി ഇംഗ്ലീഷ് ക്ലാസ് നടത്തി. ബഹുമാനപ്പെട്ട ജെറിൻ കുളത്തിങ്കൽ അച്ചൻ ക്ലാസ് നയിച്ചു.

## മ്ശംശാന പട്ടം

താമരശ്ശേരി രൂപതയ്ക്കുവേണ്ടി പോളണ്ടിൽ വൈദിക പരിശീലനം നടത്തുന്ന കോടഞ്ചേരി ഇടവകാംഗമായ ബ്ര. ജിൻസ് (അബ്രാഹം) ആനിക്കുടിയിൽ താമരശ്ശേരി മൈനർ സെമിനാരിയിൽ വച്ച് ആഗസ്റ്റ് 5 ന് അഭിവന്ദ്യ റെമീജിയോസ് പിതാവിൽനിന്നും മ്ശംശാന പട്ടം സ്വീകരിക്കുന്നു.

## സെമിനാരി ഡേ

വി. അൽഫോൻസാമ്മയുടെയും വി. ജോൺ മരിയ വിയാനിയുടെയും തിരുനാളിനോട് അനുബന്ധിച്ച് ആഗസ്റ്റ് 5 ന് വി. ജോൺ പോൾ II ഓഡിറ്റോറിയത്തിൽ വച്ച് സെമിനാരി വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളോടെ നടത്തപ്പെടുന്നു.

## ഉപകാരികളുടെ സംഗമം

സെമിനാരിയെ പ്രാർത്ഥനവഴിയും സാമ്പത്തികമായും സഹായിച്ചുകൊണ്ടിരിക്കുന്ന എല്ലാ ഉപകാരികളുടെയും സംഗമം ആഗസ്റ്റ് 6 ന് വി. ജോൺ പോൾ II ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# ആദരാഞ്ജലികൾ



## സിസ്റ്റർ റോസ് ജോൺ എഫ്.സി.സി

(10-7-2023)

പാലാ രൂപത, കൊഴുവനാൽ ഇടവക ജോൺ -റോസ ദമ്പതികളുടെ എട്ടു മക്കളിൽ ഏഴാമത്തെ മകളായി 1959 ഒക്ടോബർ 3-ാം തീയതി ബഹു. സി. റോസ് ജോൺ ഭൂജാതയായി. പഠനം പൂർത്തിയാകുന്നതിനു മുമ്പ് തന്നെ തന്റെ സന്യാസദൈവവിളി തിരിച്ചറിഞ്ഞ റോസമ്മ, 1979 ജൂൺ 30 ന് മലബാർ പ്രൊവിൻസിന്റെ കോടഞ്ചേരി കോൺവെന്റിൽ അർത്ഥിനിയായി ചേർന്നു. അവിടെ പ്രാഥമിക പരിശീലനവും കുന്നോത്ത് ക്ലാരമഠത്തിൽ നൊവിഷ്യറ്റും പൂർത്തിയാക്കി 1982 മെയ് 24 ന് ആദ്യവ്രതവാഗ്ദാനവും 1989 മെയ് 24 ന് നിത്യവ്രതവാഗ്ദാനവും സ്വീകരിച്ചു.

തന്റെ സന്യാസജീവിതത്തിന്റെ നീണ്ട 43 വർഷങ്ങൾ എഫ്.സി.സി യുടെ മലബാർ പ്രൊവിൻസിന്റെ വിവിധ ഭവനങ്ങളിൽ ശുശ്രൂഷ നിർവ്വഹിച്ച ബഹു. സി. റോസ് ജോൺ 25 വർഷക്കാലവും തന്റെ എളിയശുശ്രൂഷകളും സ്തുത്യർഹമായ സേവനങ്ങളും കാഴ്ചവച്ചിട്ടുള്ളത് മലബാർ പ്രൊവിൻസിന്റെ മാതൃഭവനമായ അസ്സീസി ഭവനിലാണ്. പാവങ്ങളുടെ അമ്മയായി വിലമതിക്കാവുന്നതിലുമപ്പുറം സ്നേഹശുശ്രൂഷകൾ നിർവ്വഹിച്ച സിസ്റ്ററിനെ കണ്ടുമുട്ടിയ ആർക്കും മറക്കാനാവില്ല.

2018 മുതൽ ലിവർ സിറോസിസ് എന്ന രോഗം ഗുരുതരമായി സിസ്റ്ററിനെ ബാധിച്ചിരുന്നു. 2023 ജൂലൈ 10ന് രാവിലെ ദിവ്യബലിക്കും പ്രഭാതഭക്ഷണത്തിനും ശേഷം മുറിയിലെത്തിയ സിസ്റ്റർ Silent attack മൂലം മരണത്തിന് കീഴ്പ്പെടുകയും ചെയ്തു. 11-7-2023 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് കോടഞ്ചേരി സെന്റ് മേരീസ് തീർത്ഥാടന ദേവാലയത്തിൽ വെച്ചു നടന്ന മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് മുഖ്യ കാർമികത്വം വഹിച്ചു.



# ചെറുപുഷ്പ മിഷൻലീഗ്

## അറിയിപ്പ്

### പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കൽ മത്സരം

2023-2024 പ്രവർത്തന വർഷ മാർഗ്ഗരേഖ തയ്യാറാക്കൽ മത്സരം സംഘടിപ്പിച്ചു. തെരഞ്ഞെടുക്കപ്പെടുന്ന 2 മേഖല പ്രവർത്തന മാർഗ്ഗരേഖകൾക്കും 3 ശാഖാ പ്രവർത്തന മാർഗ്ഗരേഖകൾക്കും ആകർഷകമായ സമ്മാനങ്ങൾ നൽകുന്നു.

### തിരിനാളം സ്കിറ്റ് കോംപറ്റീഷൻ

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നടത്തുന്ന 'തിരിനാളം' സ്കിറ്റ് കോംപറ്റീഷൻ നടത്തുന്നു.

### മണിപ്പൂരിനായി പ്രതിഷേധ റാലി

മണിപ്പൂരിൽ ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും ഭരണസംവിധാനങ്ങൾ കാണിക്കുന്ന ബോധപൂർവ്വമായ അനാസ്ഥയ്ക്കെതിരെ പ്രതിഷേധിച്ചുകൊണ്ടും താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ ജൂലൈ 3 ദുക്റാന തിരുനാൾ ദിനത്തിൽ ഉച്ചകഴിഞ്ഞ് 2.30 ന് താമരശ്ശേരി ടൗണിൽ നടന്ന പ്രതിഷേധ റാലിയിലും ധർണ്ണയിലും രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളാരംകാലയിൽ സംസാരിച്ചു. മിഷൻലീഗ് ഭാരവാഹികളും വിവിധ മേഖലകളിൽ നിന്നുള്ള മിഷൻലീഗ് അംഗങ്ങളും പങ്കെടുത്തു.

### ഏയ്ഞ്ചൽസ് മീറ്റ്

ഈ പ്രവർത്തനവർഷം അംഗത്വ സ്വീകരണം നടത്തിയ കുഞ്ഞുമിഷനറിമാർക്കുള്ള ഏയ്ഞ്ചൽസ് മീറ്റ് വിവിധ മേഖലകളിൽ നടത്തിവരുന്നു. പാറോപ്പടി, താമരശ്ശേരി മേഖലകളിൽ നടത്തി.

### ശാഖാ സന്ദർശനം

ബഹു. ഡയറക്ടറച്ചൻ ദുക്റാന തിരുനാൾ ദിനത്തിൽ പുല്ലൂരാംപാറ ശാഖയിലും കർമ്മലമാതാവിന്റെ തിരുനാൾ ദിനത്തിൽ വിലങ്ങാട് ശാഖയിലും സന്ദർശനം നടത്തി ക്ലാസു നയിച്ചു. അൽ ഫോൻസാ ദിനത്തിൽ കാക്കവയൽ ശാഖയിൽ സന്ദർശനം നടത്തി വി. കുർബാന അർപ്പിച്ചു. പ്രവർത്തനങ്ങൾ വിലയിരുത്തി.

### ഓർമ്മയിൽ സൂക്ഷിക്കാൻ ഒരു ഫോട്ടോ

ദുക്റാന തിരുനാൾ ദിനത്തിൽ ഓരോ ശാഖയിലെയും മിഷൻ ലീഗ് അംഗങ്ങളുടെ ഒന്നുചേർന്നുള്ള ഫോട്ടോഗ്രാഫി മത്സരത്തിൽ എഴുപതോളം ശാഖകൾ പങ്കെടുക്കുകയും ചക്കിട്ടപ്പാറ, കട്ടിപ്പാറ, പുല്ലൂരാംപാറ, മുതുകാട്, കുണ്ടുതോട് എന്നീ ശാഖകൾ സമ്മാനാർഹരാവുകയും ചെയ്തു. പങ്കെടുത്ത എല്ലാ ശാഖകൾക്കും അഭിനന്ദനങ്ങൾ.

### ശാഖാ വാർഷികവും അംഗത്വസ്വീകരണവും

ദുക്റാന തിരുനാൾ ദിനത്തിൽ വിവിധ ശാഖകളിൽ അംഗത്വ സ്വീകരണം നടത്തുകയും ശാഖാ വാർഷികം ആഘോഷിക്കുകയും ചെയ്തു.

### ഡയറക്ടേഴ്സ് വൈസ്. ഡയറക്ടേഴ്സ് മീറ്റിങ്ങ് മാനേജിങ് കമ്മിറ്റി

2023 ജൂൺ 28 ബുധനാഴ്ച രൂപതാ മാനേജിങ് കമ്മിറ്റിയും ഡയറക്ടേഴ്സ് യോഗവും നടത്തി. 9.45 ന് പ്രസിഡന്റ് ബാബു ചെട്ടിപറമ്പിൽ പതാക ഉയർത്തി. 10 മണിക്ക് മാനന്തവാടി രൂപത അംഗം അഡ്വ. ജിജിൽ ജോസഫ് ക്ലാസ്സ് നയിച്ചു. 11.15ന് രൂപത ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി.

പ്രവർത്തന വർഷത്തെ കർമ്മ പദ്ധതികളെക്കുറിച്ച് ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ വിവരിച്ചു. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് സംസാരിക്കുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു.

### ആഗസ്റ്റ് മാസപ്രോഗ്രാം

| | |
|---|---|
| 01 ചൊവ്വ | പതിനഞ്ചു നോമ്പാരംഭം |
| 04 വെള്ളി | വി. ജോൺ മരിയ വിയാനി, വൈദിക ദിനം - ഇടവകയിലെ വൈദികരെ ആദരിക്കുക, ആശംസകൾ അറിയിക്കുക. |
| 06 ഞായർ | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം, രൂപത ജൂനിയർ ഭാരവാഹികളുടെ പ്രീസ്റ്റ് ഹോം സന്ദർശനം |
| 11 വെള്ളി | കുഞ്ഞേട്ടൻ 14-ാം ചരമവാർഷികദിനം - അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം, വി. ക്ലാരയുടെ തിരുനാൾ |
| 12 ശനി | മേഖലാ കലോത്സവം ആരംഭിക്കുന്നു, സംസ്ഥാന മാനേജിംങ് കമ്മറ്റി, സ്റ്റേറ്റ് കൗൺസിൽ |
| 13 ഞായർ | വി. ജോൺ ബർക്കുമാൻസ് - അൾത്താര ബാലന്മാരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ, കുഞ്ഞേട്ടൻ അനുസ്മരണ പ്രസംഗം ശാഖാതലത്തിൽ, വി. മാക്സിമില്യൻ കോൾബേ |
| 15 ചൊവ്വ | പരി. കന്യാമറിയത്തിന്റെ സ്വർഗാരോപണം (കടമുള്ള ദിവസം), ഇന്ത്യൻ സ്വാതന്ത്ര്യദിനം |

| | | |
|---|---|---|
| 26 | ശനി | മേഖല ക്യാമ്പുകൾ തുടങ്ങുന്നു |
| 27 | ഞായർ | വി. അഗസ്റ്റിൻ, തെരഞ്ഞെടുക്കപ്പെട്ട സാഹിത്യ രചനകൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം |
| 28 | തിങ്കൾ | മലപ്പുറം റീജിയണൽ ക്യാമ്പ് |
| 29 | ചൊവ്വ | വി. എവുപ്രാസ്യ |
| 31 | വ്യാഴം | എക്സിക്യുട്ടീവ്, സംസ്ഥാന വിസിറ്റിംഗ് |

*പ്രവർത്തനങ്ങൾ*

* കുഞ്ഞേട്ടന്റെ ചരമദിനം അല്മായ ദിനമായി ആചരിക്കുന്നു.
* സംഘടനയുടെ വളർച്ചയ്ക്കുവേണ്ടി അത്യധ്വാനം ചെയ്തവരെ എല്ലാ തലങ്ങളിലും ആദരിക്കുന്നു.
* കുഞ്ഞേട്ടൻ അനുസ്മരണ പ്രസംഗം ശാഖാ തലത്തിൽ നടത്തുന്നു
* റീജിയണൽ ക്യാമ്പുകൾ ആരംഭിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്



# തിരുബാലസഖ്യം

## Jesus' Talk

തിരുബാലസഖ്യം കുഞ്ഞുങ്ങൾക്കായ് എല്ലാ ആഴ്ചയിലും ഞായറാഴ്ച ദിനത്തിൽ 'ജീസസ് ടോക്ക്' എന്ന പ്രോഗ്രാം നടത്തി വരുന്നു. ഓരോ ആഴ്ച യിലും കുഞ്ഞുമക്കൾ പരിചയപ്പെടേണ്ട വിശുദ്ധർ, സുകൃതജപം, തിരുവചനം, നന്മപ്രവർത്തി, ഗീതം എന്നിവയും പരിചയപ്പെടുന്ന വിശുദ്ധരെക്കുറിച്ച് ചെറി യൊരു പഠനവിഷയവും നൽകിവരുന്നു. വിവിധ ശാഖകളിലെ കുഞ്ഞുങ്ങൾ ഇതിൽ പങ്കാളികളാകുന്നു.

## അൽഫോൻസിയൻ സ്റ്റാറ്റസ് ചലഞ്ച്

തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾക്കായ് അൽഫോൻസാമ്മയുടെ തിരു നാളിനോടനുബന്ധിച്ച് 'അൽഫോൻസാമ്മ സ്റ്റാറ്റസ് ചലഞ്ച്' നടത്തി. അൽഫോൻസാമ്മയുടെ ജീവിതത്തിലെ ഏതെങ്കിലും സംഭവങ്ങൾ അഭിനയിച്ച് 30 സെക്കന്റ് ദൈർഘ്യമുള്ള സ്റ്റാറ്റസ് വീഡിയോയായി രൂപതയിലേക്ക് കുഞ്ഞു ങ്ങൾ അയച്ചു.

## തിരുബാലസഖ്യം ശാഖ ഉദ്ഘാടനം

രൂപതയിലെ കുഞ്ഞുമക്കളുടെ സംഘടനയായ തിരുബാലസഖ്യം സംഘട നയുടെ ശാഖകളിലെ ഉദ്ഘാടനം നടന്നുവരുന്നു. ഏതാനും ഇടവകകളിൽ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ (തിരുവമ്പാടി, കുണ്ടായിത്തോട്) പ്രവർത്ത നവർഷം ഉദ്ഘാടനം ചെയ്തു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

- മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിനും കൗൺസലിങ് രംഗത്തേക്ക് പുതുതലമുറയെ വാർത്തെടുക്കുന്നതിനുമായി കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി പ്രവർത്തിക്കുന്ന പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാദർ കുര്യൻ പുരമഠത്തിലിന്റെ നേതൃത്വത്തിൽ ഓഫ്‌ലൈനായും ഓൺലൈനായും കൗൺസിലിംഗും ക്ലാസ്സുകളും നടക്കുന്നു. കൗൺസിലിംഗ് ആവശ്യമുള്ള വർ 9037379180 എന്ന നമ്പറിൽ ബന്ധപ്പെടുവാൻ താൽപ്പര്യപ്പെടുന്നു.
- കപ്പുച്ചിൻ സഭാംഗമായ ഫാദർ ജോജി പെരുംപ്പെട്ടിക്കുന്നേൽ (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോതെറാപ്പിസ്റ്റ്)ന്റെ സേവനവും കൗൺസിലിംഗ് രംഗത്ത് ഇവിടെ സംലഭ്യമാണ്.
- ക്ലാസ്സുകൾ ആരംഭിച്ചു: പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ നടത്തപ്പെടുന്ന കോഴ്സുകളിലേക്കുള്ള ക്ലാസ്സുകൾ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

## കോഴ്സുകൾ

1. എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജി
   (ഓഫ്‌ലൈൻ - എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും)
2. എം. എസ്.സി. ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ്
   (ഓൺലൈൻ - എം.എസ്.സി. ഗൈഡൻസ് ആൻഡ് കൗൺസിലിംഗ്)

താൽപര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ഓഫീസുമായി ബന്ധപ്പെടുക : Contact No: 9496575018 / 9037379180

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# കത്തോലിക്കാ കോൺഗ്രസ്

### 1. മേഖല സമ്മേളനങ്ങൾ

കത്തോലിക്ക കോൺഗ്രസിന്റെ ജൂലൈ മാസത്തെ പ്രവർത്തനങ്ങളിൽ രൂപത സമിതിയുടെ മേഖല സന്ദർശനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകിയിരിക്കുന്നു.

കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത മേഖല സമ്മേളനങ്ങൾ വളരെ വിജയകരമായി മുൻപോട്ടു പോകുന്നു. മലപ്പുറം, പെരിന്തൽമണ്ണ മേഖലകളിൽ ജൂൺ 25 നും തോട്ടുമുക്കം മേഖലയിൽ ജൂൺ 28 നും പാറോപ്പടി മേഖലയിൽ ജൂലൈ 17 നും സമ്മേളനങ്ങൾ നടന്നു. സമ്മേളനങ്ങളുടെ വിജയത്തിന് ചുക്കാൻ പിടിച്ച മേഖല ഡയറക്ടർ അച്ചന്മാരെയും യൂണിറ്റ് ഡയറക്ടർ അച്ചന്മാരെയും, മേഖലാ യൂണിറ്റ് തല നേതാക്കളെയും അഭിനന്ദിക്കുകയും രൂപത സമിതിയുടെ നന്ദി അറിയിക്കുകയും ചെയ്യുന്നു.

### 2. ഭീമഹർജി ഒപ്പു സമാഹരണം

ക്രൈസ്തവർക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുക, വന്യമൃഗ ശല്യത്തിന് ശാശ്വത പരിഹാരം കാണുക, കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും സമർപ്പിക്കുന്ന 5 ലക്ഷം പേരുടെ ഭീമ ഹർജിക്കായുള്ള ഒപ്പ് സമാഹരണങ്ങൾ, ഹർജിയിൽ ഒപ്പ് വച്ച് ജൂലൈ 2 ശനിയാഴ്ച താമരശ്ശേരി രൂപതാ അധ്യക്ഷനും കത്തോലിക്ക കോൺഗ്രസ് ബിഷപ്പ് ലഗേറ്റുമായ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം നിർവഹിച്ചു.

ജൂലൈ 2, 3, 9, 16 തീയതികളിൽ താമരശ്ശേരി രൂപതയിലെ എല്ലാ ഇടവകകളിലും ഭീമ ഹർജി ഒപ്പുശേഖരണം നടത്തി. വിവിധ യൂണിറ്റുകളിൽ നിന്നായി 40000 (നാൽപ്പതിനായിരം) ഒപ്പുകൾ ശേഖരിച്ചു. സഹകരിച്ച എല്ലാ ഇടവക വികാരിയച്ചൻമാർക്കും മേഖല യൂണിറ്റ് ഭാരവാഹികൾക്കും ഇടവക സമൂഹത്തിനും രൂപത സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

### 3. AIR0 2023 യൂത്ത് കൗൺസിൽ ഗ്ലോബൽ സമിതിയുടെ രൂപത സന്ദർശനം

യൂത്ത് കൗൺസിൽ പ്രവർത്തനങ്ങൾ സജീവമാക്കുക, കർമ്മ പദ്ധതികൾ ആവിഷ്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ഗ്ലോബൽ സമിതിയുടെ സന്ദർശനം ജൂലൈ 2ന്, രൂപത അധ്യക്ഷനും കത്തോലിക്ക കോൺഗ്രസ് ബിഷപ്പ് ലഗേറ്റു

മായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷനായിരുന്ന യോഗത്തിൽ ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ ആമുഖ പ്രഭാഷണം നടത്തി. യൂത്ത് കൗൺസിൽ ഗ്ലോബൽ കൺവീനർ ട്രീസ സെബാസ്റ്റ്യൻ കോർഡിനേറ്റർമാരായ സിജോ എലന്തൂർ, ജോമോൻ മതിലകത്ത്, അനൂപ് പുന്നപ്പുഴ എന്നിവർ രൂപത സമിതി യൂത്ത് കൗൺസിൽ കോർഡിനേറ്റർമാർ എന്നിവരുമായി ചർച്ചകൾ നടത്തി.

**4. മണിപ്പൂർ കലാപം പ്രതിഷേധ സദസ്സ്**

മണിപ്പൂരിൽ നടന്നുവരുന്ന വർഗീയ കലാപത്തിനും അതിക്രമങ്ങൾക്കും എതിരെ താമരശ്ശേരി രൂപതയിലെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ജൂലൈ 3 ന് താമരശ്ശേരി ടൗണിൽ പ്രതിഷേധ ധർണ്ണയും പൊതു യോഗവും നടത്തി. പ്രസ്തുത പ്രതിഷേധ സദസ്സിന് കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നൽകി. കോരിച്ചൊരിയുന്ന മഴയെ അവഗണിച്ച് ആയിരത്തിലധികം ആളുകൾ പങ്കെടുത്ത പ്രതിഷേധ റാലി മണിപ്പൂരിൽ ദുരിതമനുഭവിക്കുന്ന സഹോദരങ്ങൾക്കുള്ള ഐക്യദാർഢ്യത്തിന്റെ ശക്തമായ അടയാളമായി മാറി.

**5. ലഹരി ബോധവൽക്കരണ സെമിനാർ**

കോടഞ്ചേരി പഞ്ചായത്ത് മുഴുവൻ ലഹരി വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ കത്തോലിക്കാ കോൺഗ്രസ് കോടഞ്ചേരി യൂണിറ്റിന്റെ നേതൃത്വത്തിൽ വിപുലമായ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. മുൻ എക്സൈസ് കമ്മീഷണർ ട്രാൻസ്പോർട്ട് കമ്മീഷണർ ജയിൽ മേധാവി എന്നീ പദവകളിൽ പ്രാഗല്ഭ്യം തെളിയിച്ച ഋഷീരാജ് സിംഗ് ഐപിഎസ് ആണ് സെമിനാർ നയിച്ചത്.

**6. ലഹരി വിരുദ്ധ ആക്ഷൻ കൗൺസിൽ**

കോടഞ്ചേരി പള്ളി പാരിഷ് ഹാളിൽ വച്ച് കോടഞ്ചേരി ഫൊറോനാ വികാരി ഫാദർ കുര്യാക്കോസ് ഐക്കൊളമ്പിൽ, കോടഞ്ചേരി പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലെയും മേധാവികൾ, വാർഡ് മെമ്പർമാർ, എക്സൈസ് ഉദ്യോഗസ്ഥർ, ഹെൽത്ത് ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ, പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളുടെയും ഹെഡ്മാസ്റ്റേഴ്സ്, പിടിഎ പ്രതിനിധികൾ, പാരിഷ് കൗൺസിൽ മെമ്പർമാർ, വിവിധ ഇടവകകളിൽ നിന്നുള്ള കൈകാരന്മാർ, വ്യാപാര വ്യവസായി പ്രതിനിധികൾ, ഡ്രൈവേഴ്സ് യൂണിയൻ പ്രതിനിധികൾ എന്നിവരുടെ ഒരു യോഗം ചേരുകയും മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ശക്തമായിട്ട് നീങ്ങുന്നതിനു വേണ്ടി ആക്ഷൻ കൗൺസിൽ രൂപീകരിച്ചു.

**ഫാ. മാത്യു തൂമുള്ളിൽ**

ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

# കെ.സി.വൈ.എം.
# എസ്.എം.വൈ.എം

## തിരുശേഷിപ്പ് പ്രയാണ സമാപനം

കെസിവൈഎം - എസ്എംവൈഎം യുവജങ്ങളുടെ നേതൃത്വത്തിൽ മാർച്ച് 1 മുതൽ ജൂലൈ 8 വരെ രൂപതയിലെ 121 ഇടവകകളിലൂടെ നടത്തിയ തിരുശേഷിപ്പ് പ്രയാണം പാറോപ്പടി സെന്റ് ആന്റണീസ് ഫൊറോന ദേവാലയത്തിൽ സമാപിച്ചു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് വി. ബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും സന്ദേശം നൽകുകയും ചെയ്തു. വി. കുർബാനയ്ക്ക് ശേഷം തിരുശേഷിപ്പുകളുടെ ഔദ്യോഗികമായ ആശിർവാദം അഭിവന്ദ്യ പിതാവ് നൽകുകയുണ്ടായി. തുടർന്ന് ഡോക്യുമെന്ററി പ്രദർശനം, സ്പിരിചൽ ടോക്ക്, ദിവ്യകാരുണ്യ ആരാധന എന്നിവയോടുകൂടെ കർമ്മങ്ങൾ സമാപിച്ചു. ഇടവക വികാരി ഫാ. ജോസഫ് കളരിക്കൽ, സഹവികാരിമാർ, മേഖല ഡയറക്ടർ ഫാ. ആൽബിൻ സ്രാമ്പിക്കൽ, മേഖല പ്രസിഡന്റ് അബിൻ, പാറോപ്പടി യൂണിറ്റ് പ്രസിഡന്റും മേഖല സെക്രട്ടറിയുമായ ബെൻ ജോസഫ്, പാറോപ്പടി മേഖല സമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

മൂന്നര മാസക്കാലത്തോളം നീണ്ടുനിന്ന തിരുശേഷിപ്പ് പ്രയാണത്തിന് എല്ലാ സഹകരണങ്ങളും നൽകിയ ബഹുമാനപ്പെട്ട മേഖല ഡയറക്ടറച്ചൻമാർ, ഫൊറോന വികാരിയച്ചൻമാർ, ഇടവകകളിൽ ആഘോഷപൂർവ്വം സ്വീകരണം നൽകിയ ബഹു. വികാരിയച്ചൻമാർ, മേഖല- യൂണിറ്റ് അനിമേറ്റേഴ്സ്, മേഖല പ്രസിഡന്റുമാർ, സെക്രട്ടറിമാർ, മേഖല സമിതി അംഗങ്ങൾ യൂണിറ്റ് ഭാരവാഹികൾ, യുവജനസുഹൃത്തുക്കൾ രൂപത സമിതി അംഗങ്ങൾ എന്നിവർക്കും പ്രത്യേകമായി രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറയ്ക്കും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു. ബഹു. അസി. ഡയറക്ടറച്ചൻമാരായ ഫാ. സബിൻ തൂമുള്ളിൽ അച്ചനും അമൽ പുരയിടത്തിലച്ചനും ഈ പ്രയാണത്തിന്റെ വിജയത്തിൻ സഹകരിച്ച എല്ലാവർക്കും നന്ദി.

*ഫൊറോനകളിൽ നിന്ന് ലഭിച്ച നേർച്ച കളക്ഷൻ*

| | |
|---|---|
| വിലങ്ങാട് | 7,626 |
| മരുതോങ്കര | 17,702 |
| കൂരാച്ചുണ്ട് | 17,946 |
| താമരശ്ശേരി | 28,806 |
| കോടഞ്ചേരി | 28,957 |
| തിരുവമ്പാടി | 36,263 |
| തോട്ടുമുക്കം | 17,536 |

| | |
|---|---|
| കരുവാരക്കുണ്ട് | 16,950 |
| മലപ്പുറം | 28,848 |
| പെരിന്തൽമണ്ണ | 38,506 |
| പാറോപ്പടി | 59,672 |
| **ആകെ** | **2,98,812** |

തിരുശേഷിപ്പിപ്പ് പ്രയാണത്തിൽ 5000 രൂപ പ്രോജക്ടർ സ്ക്രീൻ വാങ്ങിക്കാൻ സംഭാവന ചെയ്ത വടകര ഇടവകയിലെ ദൈവജനത്തെ നന്ദിയോടെ ഓർക്കുന്നു. തിരുശേഷിപ്പ് പ്രയാണത്തിലെ നേർച്ച തുകയുടെ 10 ശതമാനം പാലൂർകോട്ട ദൈവാലയ നിർമ്മാണത്തിന് നൽകാനും 15000 രൂപ ചാരിറ്റിയായി നൽകാനും രൂപത സമിതി തീരുമാനിച്ചിട്ടുണ്ട്. പ്രയാണത്തിന്റെ ആകെ ചിലവ് 4,66361 രൂപയാണ്. സ്റ്റോൾ വഴിയായും സഹായങ്ങൾ വഴിയായും ഈ തുക കണ്ടെത്താൻ സഹായിച്ചവർക്ക് ഹൃദയപൂർവ്വം നന്ദി. രൂപത ഭവനിൽ നിന്നും നൽകുന്ന എല്ലാ പിന്തുണയ്ക്കും നന്ദി.

### രൂപതാതല യുവജനദിനാഘോഷം

ജൂലൈ 9 യുവജന ഞായർ - രൂപതതല ആഘോഷം പാറോപ്പടി സെന്റ് ആന്റണീസ് പാരിഷ് ഹാളിൽ ഉച്ചക്ക് ശേഷം 2 മണി മുതൽ നടന്നു. പാറോപ്പടി മേഖലയുടെ ആതിധേയത്വത്തിൽ മേഖല ഡയറക്ടറർമാരും ആനിമേറ്റർമാരും മേഖല ഭാരവാഹികളും യൂണിറ്റ് പ്രതിനിധികളും പങ്കെടുത്ത യുവജനദിനാഘോഷം 2.30 പതാക ഉയർത്തി ആരംഭിച്ചു. തുടർന്ന് അംഗത്വ നവീകരണം, താമരക്കൂട്ടം - ഡാറ്റാകളക്ഷൻ ഉദ്ഘാടനം എന്നിവ നടത്തി. മൂന്ന് മണി മുതൽ ശ്രീ. ആന്റണി ജോയ് നയിച്ച മോട്ടിവേഷൻ സെമിനാർ യുവജനങ്ങൾക്ക് ആവേശമായി. നാല് മണിക്ക് ആരംഭിച്ച പൊതു സമ്മേളനത്തിന് രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിക്കുകയും അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. മുഖ്യ അതിഥിയായി കോഴിക്കോട് നോർത്ത് എം.എൽ.എ. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, കാഞ്ഞിരപ്പള്ളി എസ്.എം.വൈ.എം. പ്രതിനിധി കുമാരി അലോഗ ബെന്നി എന്നിവർ സംസാരിച്ചു. യോഗത്തിൽ കെസിവൈഎം - എസ്എംവൈഎം മുഖപത്രം യുവദർശനത്തിന്റെ പ്രകാശനം നടത്തി. പാറോപ്പടി വികാരി ഫാ. ഷിബു കളരിക്കൽ, രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, രൂപത അസി. ഡയറക്ടർമാരായ ഫാ. സബിൻ തൂമുള്ളിൽ, ഫാ. അമൽ പുരയിടത്തിൽ പാറോപ്പടി മേഖല ഡയറക്ടർ ഫാ. ആൽബിൻ സ്രാമ്പിക്കൽ, മേഖല ഡയറക്ടർമാരുടെ പ്രതിനിധിയായി തിരുവമ്പാടി മേഖല ഡയറക്ടർ ഫാ. ജിതിൻ പന്തലാടിക്കൽ, മേഖല അനിമേറ്റർമാരുടെ പ്രതിനിധിയായി സി. വിനീത എഫ് സി സി, രൂപത ജന. സെക്രട്ടറി ശ്രീ. ജസ്റ്റിൻ സൈമൺ, ശ്രീ. വിശാഖ് തോമസ് എന്നിവർ ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് സ്നേഹവിരുന്നോടെ

പരിപാടി അവസാനിച്ചു. നേതൃത്വം നൽകിയ പാറോപ്പടി മേഖലയ്ക്കും പാറോപ്പടി യൂണിറ്റ് അംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

### യുവജന ദിനാഘോഷങ്ങൾ

രൂപതയിലെ വിവിധ ഇടവകകളിൽ യുവജന ദിനാഘോഷം സംഘടിപ്പിച്ചു. പ്ലസ് വണ്ണിലേക്ക് പ്രവേശിച്ച വിദ്യാർത്ഥികൾക്ക് സംഘടനയിൽ അംഗത്വം നൽകി സ്വീകരിച്ചു. നേതൃത്വം നൽകുന്ന എല്ലാ വികാരിയച്ചൻമാർക്കും അസി. വികാരിയച്ചൻമാർക്കും യൂണിറ്റ് ഭാരവാഹികൾക്കും നന്ദി.

### രൂപതാതല അഗത്വസ്വീകരണ ഉദ്ഘാടനം

ജൂലൈ മാസം അംഗത്വ സ്വീകരണ മാസമായി ആചരിക്കുന്ന തിന്റെ ഔദ്യോഗികമായ രൂപതതല ഉദ്ഘാടനം ജൂലൈ 2 ഞായറാഴ്ച കോടഞ്ചേരി ഇടവകയിൽ വെച്ച് നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ശ്രീ. അഭിലാഷ് കുടിപ്പാറ മുഖ്യ അതിഥിയായിരുന്നു. ഇടവക വികാരി ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ പുതിയ അംഗങ്ങളെ ടാഗ് നൽകി സ്വീകരിച്ചു. നേതൃത്വം നൽകിയ കോടഞ്ചേരി ഇടവകയിലെ ഭാരവാഹികൾക്കും രൂപത ട്രഷറർ ആൽബിൽ, മേഖല പ്രസിഡന്റ് ജിതിൽ എന്നിവർക്ക് നന്ദി.

### ഹൃദയപൂർവ്വം നന്ദി, സ്വാഗതം

പാറോപ്പടി ഫൊറോനയുടെ ആനിമേറ്ററായി കഴിഞ്ഞ 2 വർഷക്കാലമായി സേവനം ചെയ്ത് സ്ഥലം മാറി പോകുന്ന സി. നൈസി സി എം സി ക്കും കൂരാച്ചുണ്ട് മേഖല അനിമേറ്ററായി 5 വർഷക്കാലത്തോളം സേവനം ചെയ്ത് പടിയിറങ്ങുന്ന സി. വിനീത എഫ് സി സിക്കും രൂപതയുടെ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. പാറോപ്പടി മേഖല അനിമേറ്റാറായി നിയമിതയായിരിക്കുന്ന സി. പാവന സി എം സി ക്കും കൂരാച്ചുണ്ട് മേഖല അനിമേറ്ററായി ചുമതലയേൽക്കുന്ന സി. ഡോണ എഫ് സി സിക്കും സ്വാഗതം.

### യുവദർശൻ മുഖപത്രം

2023 വർഷത്തെ കെ സി വൈ എം - എസ് എം വൈ എം മുഖപത്രം യുവദർശൻ പ്രകാശനം ചെയ്യുകയും രൂപതയിലെ എല്ലാ ഇടവകകളിലേക്കും വിതരണം നടത്തുകയും ചെയ്തു. പരസ്യദാതാക്കളെ നന്ദിയോടെ സ്മരിക്കുന്നു. രൂപതയിലെ എല്ലാ വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും എത്തിച്ചു നൽകിയ പത്രം കഴിഞ്ഞ വർഷത്തെ കെ സി വൈ എം ന്റെ പ്രവർത്തനങ്ങളെയും നിലപാടുകളെയും വ്യക്തമായി അവതരിപ്പിച്ചു.

### മണിപ്പൂർ: കോഴിക്കോട് താമരശ്ശേരി രൂപതകൾ 'മിസ് യു ഇന്ത്യ' സംയുക്ത പ്രതിഷേധം നടത്തി

ജൂലൈ 23 ഞായറാഴ് പാറോപ്പടി മേഖലയുടെ ആതിഥേയത്വത്തിൽ കോഴിക്കോട് പി എം ഒ സി യിൽ നിന്നും ആരംഭിച്ച് മേരിക്കുന്ന് ഹോളി റെഡീമർ

ദേവലത്തിൽ അവസാച്ച പ്രതിഷേധ പ്രകടനവും പ്രതിഷേധ യോഗവും നടന്നു. താമരശ്ശേരി രൂപത പ്രസിഡന്റ് ശ്രീ. അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ച ചടങ്ങ് കോഴിക്കോട് രൂപത പ്രൊക്യുറേറ്റർ ഫാ. പോൾ പേഴ്സി ഉദ്ഘാടനം ചെയ്തു. കോഴിക്കോട് രൂപത പ്രസിഡന്റ് ശ്രീ. ഡോമിനിക്, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രീ. റിച്ചാൾഡ് എന്നിവർ സംസാരിച്ചു. നൂറോളം യുവജനങ്ങളുടെ നേതൃത്വത്തിൽ നടന്ന സമരത്തിൽ കോഴിക്കോട് രൂപത ഡയറക്ടർ ഫാ. സനൽ, ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, മേഖല ഡയറക്ടർ ഫാ. ആൽബിൻ സ്രാമ്പിക്കൽ, റെഡീമർ പള്ളി വികാരി ഫാ. സൈമൺ, മേഖല ആനിമേറ്റർ സി. പാവന, വിവിധ യൂണിറ്റ് ആനിമേറ്റേഴ്സ് രൂപത, മേഖല സമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

രൂപതയിലെ വിവിധ യൂണിറ്റുകളിൽ യുവജനങ്ങളുടെയും പെൺകുട്ടികളുടെയും നേതൃത്വത്തിൽ മിസ് യു ഇന്ത്യ പ്രതിഷേധം നടത്തി. കൈയ്യോപ്പ് ചാർത്തിയും കൈപ്പത്തി നിറം പതിച്ചും നിരത്തിലിറങ്ങി പ്രതിഷേധിച്ചും കണ്ണു കെട്ടിയും നിരവധി പ്രതിഷേധങ്ങൾ നടത്തി. നേതൃത്വം നൽകുകയും സഹകരിക്കുകയും ചെയ്യുന്ന എല്ലാവർക്കും നന്ദി.

### മേഖല സെനറ്റ് സമ്മേളനങ്ങൾ

11 മേഖലകളുടെയും മേഖല അർദ്ധവാർഷിക സെനറ്റ് സമ്മേളനങ്ങൾ ജൂലൈ 2 മുതൽ 30 വരെയുള്ള തിയ്യതികളിലായി നടന്നു. യൂണിറ്റ് ഭാരവാഹികളും മേഖല ഭാരവാഹികളും സെനറ്റ് അംഗങ്ങളും പങ്കെടുത്ത യോഗങ്ങളിൽ മേഖല റിപ്പോർട്ട് അവതരണം, യൂണിറ്റ് റിപ്പോർട്ട് അവതരണം- വിലയിരുത്തൽ, പൊതു സമ്മേളനം, ആദരിക്കൽ, താമരക്കൂട്ടം ഡാറ്റാ കളക്ഷൻ യജ്ഞം, സംഘടനാ ചർച്ച, റീ ഇലക്ഷൻ എന്നിവ നടത്തി. ജൂലൈ 16 ഞായറാഴ്ച തോട്ടുമുക്കം, തിരുവമ്പാടി മേഖലകളിലും, ജൂലൈ 17 തിങ്കളാഴ്ച വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട് മേഖലകളിലും, ജൂലൈ 23 ഞായറാഴ്ച താമരശ്ശേരി, പാറോപ്പടി, കോടഞ്ചേരി മേഖലകളിലും ജൂലൈ 30 ഞായറാഴ്ച പെരിന്തൽമണ്ണ, മലപ്പുറം, കരുവാരക്കുണ്ട് മേഖലകളിലും സെനറ്റ് സമ്മേളനങ്ങൾ നടന്നു. നേതൃത്വം നൽകിയ മേഖല ഡയറക്ടർ അച്ചൻമാർ, അനിമേറ്റേഴ്സ്, മേഖല പ്രസിഡന്റുമാരുടെ നേതൃത്വത്തിലുള്ള മേഖല സമിതി അംഗങ്ങൾക്കും രൂപത സമിതി അംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദി.

### പുതിയ ഭാരവാഹികൾ

കൂരാച്ചുണ്ട് മേഖല പ്രിസിഡന്റായി ലിയോ രാജു, സെക്രട്ടറിയായി പ്രവീൺ പ്രകാശ്, ട്രഷററായി ഡെന്നി കെ വി, ജോയിന്റ് സെക്രട്ടറിയായി റിനു ഷൈവി എന്നിവരെയും തിരുവമ്പാടി മേഖലയിൽ നിന്നും രൂപത സമിതി അംഗമായി നിമിഷ, കോടഞ്ചേരി മേഖലയിൽ നിന്നും രൂപത സമിതി അംഗമായി അലോണ, മേഖല ജോയിന്റ് സെക്രട്ടറിയായി അബിന എന്നിവരെയും തിരഞ്ഞെടുത്തു.

### ബ്ലഡ് ഡൊണേഷൻ ആർമ്മി- പ്രവർത്തനശാക്തീകരണം

യുവജനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ബ്ലഡ് ഡൊണേഷൻ ആർമ്മിക്ക് മേഖലകളിൽ പുതിയ കോ ഓർഡിനേറ്റേഴ്സിനെ തിരഞ്ഞെടുത്തു. കൂടുതൽ രക്തദാതാക്കളെ കണ്ടെത്താനുള്ള പരിശ്രമത്തിൽ ബഹു. വികാരിയച്ചൻമാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

### ടാസ്ക് ഫോഴ്സ് ശാക്തീകരണം

താമരശ്ശേരി രൂപത ഇഫ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ടാസ്ക് ഫോഴ്സ് ശാക്തീകരണം നടത്തുന്നു. മേഖലകളിൽ മുതിർന്ന യുവജനങ്ങളെയും സെനറ്റ് പ്രതിനിധികളെയും ഉൾപ്പെടുത്തി 10 പേരടങ്ങുന്ന ടീമിനെ എല്ലാ മേഖലകളിലും രൂപീകരിച്ചു. മഴക്കാല പ്രയാസങ്ങൾ ഏറിവരുന്ന സാഹചര്യത്തിൽ സഹായത്തിനായി ഈ ടീം സജ്ജമായി വരുന്നു.

### ഹോളി കാരവൻ പ്രാർത്ഥന ഗ്രൂപ്പ്

ഹോളി കാരവൻ തിരുശേഷിപ്പ് പ്രയാണത്തോട് അനുബന്ധിച്ച് ലഭിച്ച നിയോഗങ്ങളുടെ പ്രാർത്ഥന യജ്ഞം സമാപിച്ചു. 1100 റോളം പേരുടെ നിയോഗങ്ങൾക്കായി 70 തോളം സിസ്റ്റേഴ്സ് മൂന്ന് മാസത്തോളം പ്രാർത്ഥിച്ചു. സഹകരിച്ച എല്ലാ സിസ്റ്റേഴ്സിനും നന്ദി.

### മറ്റ് പ്രവർത്തനങ്ങൾ

1. 2024 യുവജനവർഷ പ്രഖ്യപവവുമായി ബന്ധപ്പെട്ട് ജൂലൈ 25 ന് പി ഒ സി യിൽ നടന്ന മീറ്റിങ്ങിൽ രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ സംസ്ഥാന സിൻഡിക്കേറ്റ് അംഗമെന്ന നിലയിൽ പങ്കെടുത്തു.

2. രൂപത എക്സിക്യൂട്ടീവ് യോഗങ്ങൾ ജൂലൈ 8, ജൂലൈ 27 എന്നീ ദിവസങ്ങളിലും ജൂലൈ 22 ന് അടിയന്തിര എക്സിക്യൂട്ടീവ് യോഗവും ചേർന്നു.

3. പ്രതിഷേധം: മണിപ്പൂരിൽ നടന്ന ക്രൈസ്തവ കൂട്ടക്കുരിതിക്ക് നേരെ താമരശ്ശേരി രൂപത എ ഒ സി സി സംഘടിപ്പിച്ച സമരത്തിൽ സജീവ പങ്കാളികളാവുകയും രൂപത പ്രസിഡന്റ് ശ്രീ. അഭിലാഷ് കുടിപ്പാറ സംസാരിക്കുകയും ചെയ്തു.

### അറിയിപ്പുകൾ

*1. താമരക്കൂട്ടം; വിദേശ യുവജനക്കൂട്ടായ്മ രൂപീകരണം*

കാനഡ, ജർമ്മനി, യു കെ, ന്യൂസിലാന്റ്, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലെ താമരശ്ശേരി രൂപതയിൽ നിന്നും കുടിയേറുന്ന യുവജനങ്ങളെ ഒരുമിപ്പിക്കുന്ന താമരക്കൂട്ടം രൂപീകരിക്കുന്നു. ഈ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന രൂപത വൈദികരുടെ സഹായത്തോടെയും മുൻകാല ഭാരവാഹികളുടെ നേതൃത്വത്തിലുമാണ് യുവജനങ്ങളെ ഒരുമിപ്പിക്കുന്നത്. ആദ്യ ഘട്ടത്തിൽ വാട്സ് ആപ്പ് ഗ്രൂപ്പ്

മുഖേന പ്രവർത്തനം ആരംഭിക്കുകയും യുവജനങ്ങളുടെ പ്രായോഗികകവും ആത്മീയവുമായ മേഖലകളിൽ കഴിയുന്ന സഹായങ്ങൾ ചെയ്യുകയും കൂട്ടായ്മ രൂപീകരിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് ഇടവകയിൽ നിന്ന് വിദേശത്തേക്ക് പോയതും പോകാനായി തയ്യാറെടുക്കുന്നവരുടേതുമായ ഡാറ്റാ കളക്ഷൻ നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. വികാരിയച്ചൻമാർ വേണ്ട സഹായങ്ങൾ ചെയ്യുമല്ലോ.

*2. രൂപത അർദ്ധവാർഷിക സെനറ്റ് സമ്മേളനം*

2023 പ്രവർത്തന വർഷത്തെ രൂപത അർദ്ധവാർഷിക സെനറ്റ് സമ്മേളനം ആഗസ്റ്റ് 6 ഞായറാഴ്ച രൂപത ഭവനിൽ വെച്ച് നടത്തുന്നു. മേഖല ഡയറക്ടറച്ചൻമാർ, ആനിമേറ്റർമാർ, മേഖലഭാരവാഹികൾ എന്നിവർ പങ്കെടുക്കേണ്ടതാണ്.

*3. രൂപതതല രചന മത്സരങ്ങൾ, കലാമത്സരങ്ങൾ*

രൂപത തല രചന മത്സരങ്ങൾ ആഗസ്റ്റ് 13 ഞായറാഴ്ച ഉച്ചക്ക് ശേഷം 2 മുതൽ 5 വരെ നടത്തുന്നു. മേഖല കോ- ഓർഡിനേഷൻ ടീം നിശ്ചയിക്കുന്ന കേന്ദ്രങ്ങളിലായിരിക്കും മത്സരം നടത്തുക. 10 ഇനങ്ങളിലായി നടത്തുന്ന മത്സരങ്ങളുടെ നിയമാവലി താഴെ നൽകുന്നു. യൂണിറ്റ് തലത്തിൽ രചനാ കലാ മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. മേഖല കലാമത്സരങ്ങളുടെ തിയ്യതി മേഖലയിൽ നിന്ന് അറിയിക്കും. രൂപത കലാമത്സരം സെപ്റ്റംബർ 21 ന് നടത്തുന്നതായിരിക്കും.

**പൊതു നിയമങ്ങൾ**

1. ഒരാൾക്ക് വ്യക്തിഗത ഇനങ്ങളിൽ പരമാവധി മൂന്നു വീതം രചനാമത്സരങ്ങളിലും കലാമത്സരങ്ങളിലും പങ്കെടുക്കാം. ഗ്രൂപ്പിനങ്ങളിലെ പങ്കാളിത്തത്തിൽ പരിധികൾ ഉണ്ടായിരിക്കില്ല.
2. കലാമത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളും ഗ്രൂപ്പ് ഇനങ്ങളും മേഖല തലത്തിൽ ഓഫ് ലൈനായി നടത്തുന്നതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ മേഖലയിൽ നിന്ന് ലഭിക്കുന്നതാണ്. മത്സരാർത്ഥികൾ മുൻകൂട്ടി മേഖലതലത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. മേഖലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന മത്സരാത്ഥികൾക്കുള്ള രൂപത കലോൽസവം സെപ്റ്റംബർ 21 ന് നടത്തുന്നതാണ്. പ്രസംഗം, ലളിതഗാനം, മിമിക്രി, മോണോ ആക്ട്, നാടോടി നൃത്തം, ഫോട്ടോഗ്രഫി, സ്പോട്ട് കൊറിയോ എന്നീ വ്യക്തിഗത ഇനങ്ങളും തെരുവുനാടകം, ക്വിസ്, ഡിബേറ്റ്, മുദ്രാവാക്യം വിളി, പരിചമുട്ട്, മാർഗ്ഗം കളി, ചവിട്ടുനാടകം, തെരുവുനാടകം, മൈം, കെ സി വൈ എം ആന്തം, നാടൻപാട്ട്, ഗാനമേള, ഷോർട്ട് ഫിലിം എന്നീ ഗ്രൂപ്പ് ഇനങ്ങളിലുമാണ് മത്സരം നടത്തുന്നത്. എല്ലാ ഇനങ്ങളും ഓഫ് ലൈനായാണ് നടത്തുന്നത്.
3. രചന മത്സരങ്ങൾ ആഗസ്റ്റ് 13 ഞായറാഴ്ച ഉച്ചക്ക് ശേഷം 2 മുതൽ 5 വരെ മേഖല കലോത്സവ കോ- ഓർഡിനേഷൻ കമ്മറ്റി നിശ്ചയിക്കുന്ന കേന്ദ്രങ്ങ

ളിൽ വെച്ച് നടത്തുന്നതാണ്. രൂപതാതലത്തിൽ പ്രത്യേകമായി രചനാമത്സരങ്ങൾ വീണ്ടും നടത്തുന്നതല്ല. മേഖലകളിൽ നിന്നും ലഭിക്കുന്ന മികച്ച രണ്ടെണ്ണം രൂപതാ തലത്തിൽ മൂല്യനിർണ്ണയം നടത്തുന്നതായിരിക്കും. ഒരു യൂണിറ്റിൽ നിന്ന് ആൺ- പെൺ ഭേതമെന്യേ രണ്ടു പേർക്ക് ഓരോ ഇനത്തിലും പങ്കെടുക്കാവുന്നതാണ്. യുവതികൾക്കും യുവാക്കൾക്കും ഒന്നിച്ചാണ് മത്സരം നടത്തപ്പെടുന്നത്. ആൺകുട്ടികൾ, പെൺകുട്ടികൾ എന്ന നിബന്ധന രചനാമത്സരങ്ങളിൽ ഉണ്ടാകില്ല. മത്സരങ്ങൾക്ക് തൽസമയം വിഷയങ്ങൾ നൽകുന്നു. 2021 ലെ പഠനപ്രമേയവുമായി ബന്ധപ്പെട്ടതും (ഈ വർഷത്തെ ആപ്തവാക്യം "തീഷ്ണ യൗവ്വനം, ക്രിസ്തുവിൽ ഒന്നായ്" - ഉപവിഷയങ്ങൾ- വിദ്യാഭ്യാസം-തൊഴിൽ- സംരഭകത്വം, കരുതലിന്റെ കരങ്ങൾ, ലഹരിവിരുദ്ധ സമൂഹം, കെ സി വൈ എം ഭരണഘടനയും അനുവാര്യതയും, യുവജനങ്ങൾ ക്രിസ്തു സാക്ഷികൾ) ഈ കാലഘട്ടത്തിലെ സമൂഹ്യ-സഭാത്മക-സാമുദായിക വിഷയങ്ങളുമായിരിക്കും മത്സര വിഷയങ്ങളുടെ മാനദണ്ഡം. രചന നടത്തുന്ന പേപ്പറിൽ ചെസ്റ്റ് നമ്പറല്ലാതെ വ്യക്തിയുടെ ഐഡന്റിറ്റി വെളിപ്പെടുന്നതൊന്നും ഉണ്ടാകരുത്.

4. കലാമത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിൽ എല്ലാ ഇനങ്ങളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി മത്സരം നടത്തുന്നു. രചനാമത്സരങ്ങളിലും വ്യക്തിഗത കലാമത്സര ഇനങ്ങളിലും ഒന്നും രണ്ടും സ്ഥാനക്കാർക്കും ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാം സ്ഥാനക്കാർക്കുമാണ് മേഖലയിൽ നിന്നും രൂപതയിൽ മത്സരിക്കാൻ അവസരം ലഭിക്കുക.

### രചനാമത്സരങ്ങളുടെ ഇനങ്ങളും നിയമങ്ങളും

1. ഉപന്യാസം- സമയം 60 മിനിറ്റ്. ഭാഷ മലയാളം. എ 4 പേപ്പറാണ് നൽകേണ്ടത്. രണ്ടു വശത്തും എഴുതാവുന്നതാണ്.
2. കഥാരചന - സമയം 60 മിനിറ്റ്. എ 4 പേപ്പറാണ് നൽകേണ്ടത്. ഭാഷ മലയാളം. രണ്ടു വശത്തും എഴുതാവുന്നതാണ്.
3. കവിതാരചന - സമയം 60 മിനിറ്റ്. എ 4 പേപ്പറാണ് നൽകേണ്ടത്. ഭാഷ മലയാളം. രണ്ടു വശത്തും എഴുതാവുന്നതാണ്.
4. മുദ്രാവാക്യരചന

   സമയം 30 മിനിറ്റ്, എ 4 പേപ്പറാണ് നൽകേണ്ടത്. വിഷയം തത്സമയം നൽകും. ഭാഷ മലയാളം.
5. നോട്ടീസ് രചന

   സമയം 45 മിനിറ്റ്, എ 4 പേപ്പറാണ് നൽകേണ്ടത്. ഭാഷ മലയാളം. എ 4 പേപ്പർ നെടുകെ മടക്കാതെയാണ് രചന നിർവ്വഹിക്കേണ്ടത്.
6. പത്രവാർത്ത രചന

   രണ്ട് ചോദ്യങ്ങൾ ഉണ്ടായിരിക്കും.

1. പത്ര റിപ്പോർട്ടിങ് 2. ആനുകാലിക വിഷയത്തെ സംബന്ധിച്ചുള്ള പ്രതികരണം.

സമയം 45 മിനിറ്റ്, എ4 പേപ്പറാണ് നൽകേണ്ടത്. ഭാഷ മലയാളം.

7. ട്രോൾ മെയ്ക്കിങ്

സമയം 30 മിനിറ്റ്, വിഷയം തത്സമയം നൽകുന്നതായിരിക്കും. നൽകുന്ന വിഷയത്തിന്റെ ആശയം ഉൾക്കൊണ്ട് ആയിരിക്കണം ട്രോൾ നിർമ്മിക്കേണ്ടത്. ട്രോൾ നിർമ്മിക്കാൻ ലാപ്ടോപ്, മൊബൈൽ ഫോൺ, കംപ്യൂട്ടർ എന്നിവ ഉപയോഗിക്കാവുന്നതാണ്. മലയാളം ഭാഷ മാത്രമേ ട്രോൾ ആശയങ്ങൾ പങ്കുവെയ്ക്കാൻ ഉപയോഗിക്കാവൂ.

8. പോസ്റ്റർ രചന

സമയം 120 മിനിറ്റ്. പോസ്റ്റർകളർ, ട്രാൻസ്പിരന്റ് കളർ, വാട്ടർ കളർ എന്നിവ ഉപയോഗിക്കാം. ക്രയോൺസ് പാടില്ല. ആശയം എഴുതാൻ സ്കെച്ച് പെൻ ഉപയോഗിക്കാം. മലയാളം ഭാഷ മാത്രമേ പോസ്റ്ററിൽ എഴുതാൻ പാടുള്ളൂ. ചാർട്ട് പേപ്പറിന്റെ പകുതി ഭാഗമാണ് നൽകേണ്ടത്.

9. കാർട്ടൂൺ

സമയം 90 മിനിറ്റ്. പെൻസിൽ/കറുപ്പ് കളർ മാത്രമേ ഉപയോഗിക്കാവൂ. ചിത്രത്തിനും ആശയത്തിനും തുല്യ പ്രാധാന്യമാണ്. ചാർട്ട് പേപ്പറിന്റെ നാലിൽ ഒന്ന് ഭാഗമാണ് നൽകേണ്ടത്. മലയാളം ഭാഷ മാത്രമേ കാർട്ടൂൺ ആശയങ്ങൾ പങ്കുവെയ്ക്കാൻ ഉപയോഗിക്കാവൂ. കാർട്ടൂണുകൾ ചിത്രകഥാ രൂപത്തിൽ അവതരിപ്പിക്കരുത്.

10. ഡിജിറ്റൽ പോസ്റ്റർ രചന

സമയം ഒന്നര മണിക്കൂർ, വിഷയം തൽസമയം നൽകുന്നതായിരിക്കും. സ്ക്വയർ ഫോമിൽ ആണ് പോസ്റ്റർ നിർമ്മിക്കേണ്ടത്. നിർമ്മാണത്തിന് ലാപ്ടോപ്, മൊബൈൽ ഫോൺ, കംപ്യൂട്ടർ എന്നിവ ഉപയോഗിക്കാവുന്നതാണ്. നൽകുന്ന വിഷയത്തിന് കൂടുതൽ പ്രാധാന്യം നല്കി ആയിരിക്കണം പോസ്റ്റർ നിർമ്മിക്കേണ്ടത്. മലയാളം ഭാഷ മാത്രമേ പോസ്റ്റർ ആശയങ്ങൾ പങ്കുവെയ്ക്കാൻ ഉപയോഗിക്കാവൂ. സ്വന്തം ക്രിയേറ്റിവിറ്റി പോസ്റ്ററിൽ കൊണ്ടുവരേണ്ടതാണ്.

## യൂണിറ്റ് തല മത്സരങ്ങൾ

യൂണിറ്റിൽ യുവജങ്ങൾക്കായി രചനാ - കലാ മത്സരങ്ങൾ യൂണിറ്റ് ഡയറക്ടറിന്റെയും അനിമേറ്ററിന്റെയും നേതൃത്വത്തിൽ നടത്താവുന്നതാണ്. മേൽപ്പറഞ്ഞ ഇനങ്ങളിൽ മത്സരം നടത്തി മികവുറ്റവരെ മേഖല മത്സരത്തിൽപങ്കെടുപ്പിക്കുന്നത് ഉചിതമായിരിക്കും. ആഗസ്റ്റ് മാസം ആദ്യ വാരങ്ങളിൽ ഈ മത്സരങ്ങൾ ക്രമീകരിക്കേണ്ടതാണ്. കലോൽസവത്തിന്റെ മുഴുവൻ നിയമാവലിയും പി ഡി എഫ് ഫോമിൽ വാട്സ് ആപ്പ് മുഖേന നൽകുന്നതാണ്.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
കെ.സി.വൈ.എം - എസ്.എം.വൈ.എം

# കരിസ്മാറ്റിക് മൂവ്മെന്റ്

കോഴിക്കോട് സിറ്റിസബ്സോണിൽ ജൂലൈ 7-ാം തീയതി സോണൽ ആനിമേറ്റർ ബഹു. സായി പാറൻകുളങ്ങര അച്ചന്റെയും ബഹു. ഷിബു കളരിക്കലച്ചന്റെയും നേതൃത്വത്തിൽ നടന്ന സബ്സോൺ കൂട്ടായ്മയിൽ വച്ച് നിലവിലെ ആനിമേറ്റർ ആയിരുന്ന ഷിബു കളരിക്കലച്ചന് പകരം ഫാ. ബിനോയി മാത്യു പുനയൻമാക്കൽ അച്ചനെ സിറ്റി സബ്സോൺ ആനിമേറ്ററായി നിയമിച്ചു. താമരശ്ശേരി സബ്സോണിൽ ആനിമേറ്ററായി മിൽട്ടൺ മുളങ്ങാശ്ശേരി അച്ചൻ ഉത്തരവാദിത്വം ഏറ്റെടുത്തു. ഇത്രയുംനാൾ ആനിമേറ്റർമാരായി സേവനം ചെയ്തിരുന്ന വൈദീകർക്ക് സോണിന്റെ ഹൃദ്യമായ നന്ദി അറിയിക്കുന്നു. പുതുതായി ഉത്തരവാദിത്വം ഏറ്റെടുത്ത വൈദികർക്ക് എല്ലാവിധ ആശംസകൾ നേരുന്നു.

സോണൽ സർവ്വീസ് ടീമിൽ എടുത്ത തീരുമാനപ്രകാരം 28.6.23 ന് കൂരാച്ചുണ്ട് സബ്സോണിൽ തുടങ്ങി മറ്റ് എല്ലാ സബ്സോണുകളിലും ആനിമേറ്റർ അച്ചന്റെയും സർവ്വീസ് ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ സന്ദർശനം നടത്തി. സബ്സോണിന്റെയും മിനിസ്ട്രികളുടെയും പ്രാർത്ഥനാ ഗ്രൂപ്പ് നേതൃത്വങ്ങളുടെയും കൂടെ ആയിരിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. ഇടവകയിൽ നടത്താനിരിക്കുന്ന ഈവനിംഗ് കൺവെൻഷനെക്കുറിച്ചും ഓരോ ഇടവകയിൽനിന്നും രണ്ട് യുവാക്കളെ കണ്ടെത്തി. ആഗസ്റ്റ് 12-ാം തീയതി നടക്കാനിരിക്കുന്ന സംഗമത്തിലേക്ക് എത്തിക്കേണ്ടതിനെക്കുറിച്ചും ചർച്ച ചെയ്തു. കൂടാതെ എല്ലാ ഇടവകകളിലും ക്രിസ്റ്റീൻ ആനിമേറ്റർമാരെ കണ്ടെത്താനും യോഗം തീരുമാനിച്ചു. ഇടവകകളിൽ പ്രാർത്ഥനാ ഗ്രൂപ്പുകളുടെ ശക്തീകരണത്തിനായി കരിസ്മാറ്റിക് നവീകരണ അനുഭവത്തിലുള്ളവരെയും വികാരി അച്ചനെയും കാണുവാനായി സോണൽ നേതൃത്വം എല്ലാ ഇടവകകളിലും സന്ദർശനം നടത്തി.

നമ്മുടെ സോണിൽ നാല് തവണകളായി കെസിഎസ്സി യുടെ നേതൃത്വത്തിൽ നടത്തിവരുന്ന ശിഷ്യത്വ പരിശീലനത്തിന്റെ 2-ാം ഘട്ടത്തിലേക്ക് (ആഗസ്റ്റ് 4 ന് വൈകിട്ട് 4 മുതൽ 5 ന് 4 മണിവരെ) എല്ലാവരെയും ക്ഷണിക്കുന്നു.

കരിസ്മാറ്റിക് നവീകരണത്തിന്റെ സുവർണ്ണ ജൂബിലിക്ക് ഒരുക്കമായി നടക്കുന്ന "ആയിരംദിന ഉപവാസ പ്രാർത്ഥന" നമ്മുടെ സോണിൽ ജൂലൈ 20-ാം തീയതി തലയാട് സെന്റ് ജോർജ്ജ് പള്ളിയിൽ വച്ച് നടത്താൻ തീരുമാനിച്ചു. തുടർന്ന് വരുന്ന എല്ലാ മാസങ്ങളിലും 20-ാം തീയതി ഈ ഉപവാസ പ്രാർത്ഥന ഓരോ സബ്സോണിലും മാറിമാറി നടത്താനും തീരുമാനമായി. ദൈവത്തിനു സ്തുതി.

**ഫാ. തോമസ് പാറൻകുളങ്ങര**
സോണൽ ആനിമേറ്റർ

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1പത്രോ. 2:24).

2424 മണിക്കൂറുകൾ തുടർച്ചയായി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ലോകത്തിൽ മറ്റൊരിടത്തുമില്ലാത്ത അഖണ്ഡജപമാല പ്രാർ ത്ഥനാ ശുശ്രൂഷയ്ക്ക് തുടക്കംകുറിക്കുന്ന ജൂലൈ മാസം ബഥാനിയായ്ക്ക് സന്തോഷത്തിന്റെയും അനുഗ്രഹത്തിന്റെയും നാളുകളാണ്.

### ഏകദിന കൺവെൻഷൻ

ജൂലൈ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിനകൺവെൻഷനുകൾ നടന്നു. കഷ്ടതയുടെ നാളുകളിൽ തങ്ങളുടെ പേരുകൾ ഉള്ളംകൈയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ സന്നിധിയിൽ ജീവിതം സമർപ്പിച്ച് പ്രാർത്ഥിക്കുവാനായ് അനേകർ വെള്ളിയാഴ്ചകളിൽ ബഥാനിയായിലേക്ക് കടന്നുവരുന്നു. ഏഴാം തീയതി ആദ്യവെള്ളിയാഴ്ച ആവേമരിയ ഹാളിൽ നടന്ന കൺവെൻ ഷനിൽ ആയിരങ്ങൾ പങ്കെടുത്തു. പ്രതികൂല കാലാവസ്ഥയെ തെല്ലും വകവയ്ക്കാതെ ദൈവതിരുമുമ്പിൽ ഓടിയണഞ്ഞ ആയിരങ്ങൾ ഹല്ലേല്ലൂയ്യ വിളിയോടെയാണ് ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ എഴുന്നള്ളിയ ഈശോയെ എതിരേറ്റത്.

എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മണിക്ക് ആരംഭിക്കുന്ന കൺവെൻഷനിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യ ശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബാന, വചനസന്ദേശം, വി. കുമ്പസാരം, സ്പിരിചൽ ഷെയറിങ്ങ് തുടങ്ങിയവ ഉണ്ടായിരുന്നു.

### ധ്യാനങ്ങൾ

ജൂലൈ 9 മുതൽ 14 വരെ താമരശ്ശേരി രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം നടന്നു. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെ നേതൃത്വത്തിൽ രൂപതയിലെ 120 ഓളം വൈദികർ ഈ ധ്യാനത്തിൽ പങ്കെടുത്തു. വിൻസെൻഷ്യൻ സഭാംഗമായ ഫാ. ആന്റണി പറങ്കിമാലിൽ ധ്യാനം നയിച്ചു. 14-ാം തീയതി രാവിലെ അഭിവന്ദ്യ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ച വി. കുർബാനയോടെയാണ് ധ്യാനം സമാപിച്ചത്.

ജൂലൈ 21 മുതൽ 24 വരെ ജീവിതവിശുദ്ധീകരണ ധ്യാനം നടന്നു. ഇരുന്നൂറോളം ആളുകൾ പങ്കെടുത്തു. ബഥാനിയ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചനാണ് ധ്യാനം നയിച്ചത്.

## അഖണ്ഡജപമാല സമർപ്പണം

101 ദിവസങ്ങൾ നീണ്ടുനിൽക്കുന്ന അഖണ്ഡജപമാല സമർപ്പണവും ദിവ്യകാരുണ്യ ആരാധനയും ജൂലൈ 19-ാം തീയതി ബുധനാഴ്ച ആരംഭിച്ചു. ബഹു. വൈദികരും സന്യസ്തരും അത്മായരും ചേരുന്ന ബഥാനിയ കുടുംബം 17-ാം തീയതി ഉച്ചമുതൽ 18-ാം തീയതി ഉച്ചവരെയുള്ള സമയം മുഴുവൻ ഏകദിന അഖണ്ഡജപമാലയിലൂടെ പ്രാർത്ഥിച്ച് ഒരുങ്ങിയാണ് ഈ വലിയ ശുശ്രൂഷയിലേക്ക് പ്രവേശിച്ചത്.

ആരംഭദിനത്തിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി ജപമാല പ്രാർത്ഥന ആരംഭിച്ചത് താമരശ്ശേരി രൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് പിതാവായിരുന്നു. ദൈവേഷ്ടപ്രകാരം ജീവിക്കുന്നതിന് പരി. അമ്മയെ മാതൃകയാക്കുകയാണ് വേണ്ടതെന്ന് വചനസന്ദേശത്തിൽ അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. 2023 ലെ അഖണ്ഡജപമാലയുടെ പ്രത്യേക നിയോഗങ്ങൾ 'ലോകസമാധാനവും കുടുംബവിശുദ്ധീകരണ'വുമാണ്.

അഖണ്ഡജപമാല ദിവസങ്ങളിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 6 നും ഉച്ചയ്ക്ക് 12 നും വൈകീട്ട് 7 നും ദിവ്യബലികൾ ഉണ്ട്. 12 മണിക്കുള്ള ദിവ്യബലിയോടനുബന്ധിച്ച് വചനപ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും ഉണ്ട്. എല്ലാദിവസവും വി. കുമ്പസാരത്തിനും കൗൺസിലിങ്ങിനും സൗകര്യമുണ്ട്. എല്ലാ ദിവസവും ഉച്ചയ്ക്കും രാത്രിയിലും നേർച്ച ഭക്ഷണം നൽകുന്നു. എല്ലാ ദിവസവും പകൽ 3 മണിക്കും പുലർച്ചെ 3 മണിക്കും കരുണക്കൊന്തയും കുരിശിന്റെ വഴിയും നടത്തപ്പെടുന്നു.

## ബഥാനിയ ശുശ്രൂഷകർക്കുള്ള ഏകദിന ധ്യാനം

2023-24 വർഷം ബഥാനിയായിൽ ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി ഒരു ഏകദിന ധ്യാനം ജൂലൈ മാസം 15-ാം തീയതി നടന്നു. അഖണ്ഡജപമാല തുടങ്ങിയ 19-ാം തീയതി ബുധനാഴ്ച അഭിവന്ദ്യ പിതാവ് ചൊല്ലിത്തന്ന പ്രതിജ്ഞ ഏറ്റുചൊല്ലി പിതാവിൽനിന്ന് ബാഡ്ജ് സ്വീകരിച്ചുകൊണ്ട് ശുശ്രൂഷകർ വിവിധങ്ങളായ ശുശ്രൂഷകളിലേയ്ക്ക് പ്രവേശിച്ചു.

## സ്പിരിചൽ ഷെയറിങ്ങ്

അഖണ്ഡജപമാല ദിവസങ്ങളിൽ എല്ലാ ദിവസവും സ്പിരിചൽ ഷെയറിങ്ങ് അവസരമുള്ളത് അനേകർക്ക് ആശ്വാസകരമാണ് പ്രത്യേകം പരിശീലനം ലഭിച്ച ബഹു. സിസ്റ്റേഴ്സും ആത്മായരുമാണ് ഈ ശുശ്രൂഷ നയിക്കുന്നത്. എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഈ ശുശ്രൂഷ ആരംഭിക്കുന്നു.

## മദ്ധ്യസ്ഥ പ്രാർത്ഥന

ബഥാനിയായ്ക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും ബഥാനിയായിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു.

## ആഗസ്റ്റ് മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 1 ചൊവ്വ | - | പതിനഞ്ചുനോമ്പാരംഭം |
| 4 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 7 തിങ്കൾ | - | അഖണ്ഡജപമാല സമർപ്പണം 20-ാം ദിവസം |
| 11 വെള്ളി | - | ഏകദിനകൺവെൻഷൻ, ജീവിത വിശുദ്ധീകരണ ധ്യാനം (11-14) |
| 15 ചൊവ്വ | - | പരി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ |
| 17 വ്യാഴം | - | അഖണ്ഡജപമാല സമർപ്പണം 30-ാം ദിവസം |
| 18 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 25 വെള്ളി | - | ഏകദിന കൺവെൻഷൻ<br>ജീവിതവിശുദ്ധീകരണ ധ്യാനം (25-28) |
| 27 ഞായർ | - | അഖണ്ഡജപമാല സമർപ്പണം 40-ാം ദിവസം |
| 29 -2 | - | സിസ്റ്റേഴ്സിന്റെ ധ്യാനം |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

### സജീവം ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി

കാവിലുംപാറ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ 23-06-2023ന് മരുതോങ്കര പള്ളി പാരിഷ് ഹാളിൽ വച്ച് സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾക്കായി ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തി. മരുതോങ്കര പള്ളി വികാരി ഫാ. സിബി കളത്തൂർ പരിപാടി ഉദ്ഘാടനം ചെയ്തു. 54 അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

മുത്തപ്പൻപുഴ സുരഭി സ്വാശ്രയ സംഘത്തിലെ അംഗങ്ങൾക്ക് 29-06-2023ന് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നല്കി. ലഹരി ഏതൊക്കെ തരത്തിലാണെന്നും ദൂഷ്യവശങ്ങൾ എന്തൊക്കെയാണെന്നും ക്ലാസ്സിൽ പരാമർശിച്ചു.

തോട്ടുമുക്കം ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ 2-06- 2023 ന് സെന്റ് ജോർജ് പള്ളി പാരീഷ് ഹാളിൽ വച്ച് ലഹരി വിരുദ്ധബോധവൽക്കരണ സെമിനാറും , ജനറൽ ബോഡി യോഗവും നടന്നു. ഗ്രാമ വികസന സമിതി പ്രസിഡന്റ് അനുഷ ദീപു അധ്യക്ഷത വഹിച്ചു. സജീവം സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ആൽബിൻ ലഹരിയെക്കുറിച്ചു ക്ലാസ് എടുത്തു. 37 അംഗങ്ങൾ പങ്കെടുത്തു. പാവപ്പെട്ട 6 കുട്ടികൾക്ക് സ്കൂൾ ബാഗ് വിതരണം ചെയ്തു.

കൂടരഞ്ഞി ഗ്രാമ വികസന സമിതി GVS ഓഫീസിൽ വച്ച് 16-06-2023 ന് സജീവം ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയും, ജനറൽ ബോഡി യോഗവും നടന്നു. ഡ്രീം കോ-ഓർഡിനേറ്റർ അതുൽ, സി.ഒ.ഡി. പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ സിദ്ധാർഥ് എന്നിവർ ലഹരിയെക്കുറിച്ചു ക്ലാസ് എടുത്തു. പാവപ്പെട്ട കുട്ടികൾക്കുള്ള സ്കൂൾ ബാഗ് വിതരണം COD പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ്. കെ.സി. നിർവഹിച്ചു. രാജമ്മ തോമസ് നന്ദി പറഞ്ഞു. പരിപാടിയിൽ 36 അംഗങ്ങൾ പങ്കെടുത്തു.

വെറ്റിലപ്പാറ, ഓടക്കയം MCC യുടെ നേതൃത്വത്തിൽ സജീവം ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. സി.ഒ.ഡി ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി ലഹരിയെക്കുറിച്ചു ക്ലാസ് എടുത്തു.

വിലങ്ങാട് ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ വിലങ്ങാട് പള്ളി പാരിഷ് ഹാളിൽ വച്ച് സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾക്കായി സജീവം ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തി. അസിസ്റ്റന്റ് വികാരി ഫാ. ജോയൽ തേക്കിനേടത്ത് ഉദ്ഘാടനം ചെയ്തു. കോഴിക്കോട് ഡ്രീം കോ-ഓർഡിനേറ്റർ അതുൽ എൻ ജോൺ ലഹരിയെക്കുറിച്ചു ക്ലാസ്സെടുത്തു.

### പരിസ്ഥിതി ദിനാചരണവും, വൃക്ഷതൈ വിതരണവും

സി.ഒ.ഡി യുടെ കീഴിൽ പ്രവർത്തിക്കുന്ന മലപ്പുറം ജില്ലയിലെ 5 ഗ്രാമ വികസന സമിതികൾ പരിയാപുരം, ആനക്കയം, വെള്ളില, ചിരട്ടാമല, പാലൂർകോട്ട എന്നിവിടങ്ങളിൽ പരിസ്ഥിതി ദിനാചരണം നടത്തി. ഇതോടനുബന്ധിച്ചു സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾക്ക് ഔഷധ സസ്യങ്ങളും, ഫലവൃക്ഷതൈകളും നല്കി. സംഘങ്ങളിൽ തയ്യാറാക്കിയ തൈകൾ ഗ്രാമവികസന സമിതി ഓഫീസിൽ എത്തിച്ചു പരസ്പരം വിതരണം നടത്തി. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും പരിസ്ഥിതിയിൽ നിലവിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും ചർച്ച നടത്തി.

തിരുവമ്പാടി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു ആനക്കാംപൊയിൽ സെന്റ് മേരീസ് സ്കൂളിൽ ഔഷധ തോട്ടം നിർമ്മിച്ചു. വിവിധ സംഘങ്ങളിൽ നിന്നായി കൊണ്ടുവന്ന ഔഷധ സസ്യങ്ങൾ ഉപയോഗിച്ചാണ് തോട്ടം നിർമ്മിച്ചത്. വാർഡ് മെമ്പർ മഞ്ജു ഷിബിൻ ആര്യവേപ്പിൻ തൈ നട്ടു പരിപാടി ഉദ്ഘാടനം ചെയ്തു. സ്കൂൾ ഹെഡ് മിസ്ട്രസ്സ് സെലിൻ ടീച്ചർ, ആലീസ് ടീച്ചർ, സി.ഒ.ഡി ഏരിയ കോ-ഓർഡിനേറ്റർ റെനി സാബു എന്നിവർ പങ്കെടുത്തു. പ്ലാസ്റ്റിക് വിമുക്ത സ്കൂൾ ആക്കിയതിന്റെ ഭാഗമായി തുണിസഞ്ചി വിതരണവും നടത്തി. ഗ്രാമ വികസന സമിതിയിൽ നിന്ന് 25 പേർ പങ്കെടുത്തു.

വെറ്റിലപ്പാറ ഗ്രാമ വികസന സമിതി ഊർങ്ങാട്ടിരി കൃഷി ഭവന്റെ സഹായത്തോടെ ഔഷധ സസ്യതൈകൾ വിതരണം ചെയ്തു. പ്രസ്തുത യോഗത്തിൽ ഗ്രാമ വികസന സമിതി പ്രസിഡന്റ് ലിസി മാത്യു അദ്ധ്യക്ഷത വഹിച്ചു. കൂടരഞ്ഞി, തോട്ടുമുക്കം ഗ്രാമ വികസന സമിതികൾ പരിസ്ഥിതി ദിനാചരണം നടത്തി. സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾക്ക് ഔഷധ സസ്യങ്ങളും, ഫലവൃക്ഷതൈകളും നല്കി. സി.ഒ.ഡി. ഏരിയ കോ- ഓർഡിനേറ്റർ ഷൈനി സിബി നേതൃത്വം നല്കി.

കോടഞ്ചേരി ഗ്രാമവികസന സമിതി പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ചു ഫലവൃക്ഷതൈ വിതരണവും പരിസ്ഥിതി ദിന ക്വിസ് മത്സരം നടത്തി . പരിപാടിയുടെ ഉദ്ഘാടനം കോടഞ്ചേരി സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജർ വി .എ. രശ്മി നിർവഹിച്ചു.

പുതുപ്പാടി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ വള്ളിയാട് MCC ഫലവൃക്ഷതൈകൾ വിതരണം ചയ്തു. MCC പ്രസിഡന്റ് ജാനു കുമാരന്റെ അദ്ധ്യക്ഷതയിൽ, സി.ഒ.ഡി ഏരിയ കോ-ഓർഡിനേറ്റർ ത്രേസിയാമ്മ തോമസ്, MCC സെക്രട്ടറി സി. മണി എന്നിവർ ചേർന്ന് ഫലവൃക്ഷതൈ റോഡരികിൽ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തു. കൂടാതെ വിവിധ സംഘങ്ങൾ ഫലവൃക്ഷതൈകളും ഔഷധ സസ്യങ്ങളും പരസ്പരം കൈമാറ്റം ചെയ്തു. മഹിളാ സമാജം അംഗങ്ങൾ, സ്വാശ്രയ സംഘം അംഗങ്ങൾ സംയുക്തമായി കണ്ണപ്പൻകുണ്ട് മട്ടിക്കുന്ന് റോഡ് കാട് വെട്ടി വൃത്തിയാക്കി.

വിലങ്ങാട് ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം നടത്തി. വിലങ്ങാട് പള്ളി പാരിഷ് ഹാളിൽ വച്ച് അസിസ്റ്റന്റ് വികാരി ഫാ. ജോയൽ തേക്കിനേടത് ഉദ്ഘാടനം ചെയ്തു. സ്വാശ്രയ സംഘങ്ങൾക്ക് വൃക്ഷതൈകൾ വിതരണം ചെയ്തു.

കൂരാച്ചുണ്ട് ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ കാറ്റുള്ളമലയിൽ വച്ച് മഹിളാ സമാജം അംഗങ്ങളും, സ്വാശ്രയ സംഘം അംഗങ്ങളും സംയുകതമായി പരിസ്ഥിതി ദിനാചരണം നടത്തി. കാറ്റുള്ളമല പള്ളി വികാരി ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പേൽ വൃക്ഷതൈ നട്ടു ഉദ്ഘാടനം ചെയ്തു. ഫാ.പോൾ കളപ്പുര മെമ്മോറിയൽ ബസ് സ്റ്റോപ്പ് പരിസരം കാടുകൾ വെട്ടിവൃത്തിയാക്കി .

**പച്ച മരുന്നുനിർമ്മാണം**

പരിയാപുരം, ചിരട്ടാമല എന്നീ ഗ്രാമ വികസന സമിതികളുടെ നേതൃത്വത്തിൽ പച്ച മരുന്നുനിർമ്മാണവും ക്ലാസും നടത്തി. മുറിവെണ്ണ, ഉരഗുളിക എ

ന്നീ പച്ച മരുന്നുകൾ നിർമ്മിച്ചു. സ്വാശ്രയ സംഘങ്ങളിലെ 29 അംഗങ്ങൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു. ഔഷധ സസ്യങ്ങളെ പരിചയപ്പെടുത്തി, അവയുടെ ഔഷധ മൂല്യങ്ങളെക്കുറിച്ചു ക്ലാസ് എടുത്തു. മരുന്നുകൾ ഉപയോഗിക്കേണ്ട രീതിയെക്കുറിച്ചും പറഞ്ഞുകൊടുത്തു. ഔഷധ സസ്യങ്ങളുടെ വിത്തുകൾ സംഘങ്ങളിലേക്കു വിതരണം നടത്തി.

വെറ്റിലപ്പാറ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ 'താലീസ് പത്രാദി ചൂർണ്ണം' തയ്യാറാക്കുന്നതിൽ പരിശീലനം കൊടുത്തു. 10 അംഗങ്ങൾ പങ്കെടുത്തു.

### ആരോഗ്യ സെമിനാർ

ഓടക്കയം MCC യും, വെറ്റിലപ്പാറ പ്രാഥമിക ആരോഗ്യ കേന്ദ്രവും സംയുക്തമായി രക്തദാന ദിനത്തോടനുബന്ധിച്ചു ക്യാമ്പ് നടത്തി. CHC യിലെ ഹെൽത്ത് ഇൻസ്പെക്ടർ Sr. വിജിഷ, ജിംന, പ്രതാപ ചന്ദ്രൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വെറ്റിലപ്പാറ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ രക്തദാന ദിനത്തോടനുബന്ധിച്ചു രക്തദാനം എന്ന വിഷയത്തെക്കുറിച്ചു ആശാവർക്കർ മിനി കണിയാംകുടിയിൽ ക്ലാസ്സ് എടുത്തു. 20 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

### കോഴിയും കൂടും വിതരണം

പുതുപ്പാടി ഗ്രാമ വികസന സമിതി പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രം (KVK) യുടെ സഹായത്തോടെ താമരശ്ശേരി രൂപത സോഷ്യൽ സർവീസ് വിഭാഗമായ സി.ഒ.ഡി പുതുപ്പാടി പഞ്ചായത്തിലെ പട്ടിക വർഗ്ഗം കുടുംബങ്ങൾക്കായി കോഴിയും കൂടും വിതരണം ചെയ്തു. പുതുപ്പാടി സെന്റ് ജോർജ് പള്ളി പാരിഷ് ഹാളിൽ വച്ച് നടത്തിയ പരിപാടി വാർഡ് മെമ്പർ ശ്രീ അമ്പുടു ഗഫൂർ ഉദ്ഘാടനം നിർവഹിച്ചു. ഡോ. ഷണ്മുഖവേൽ KVK ക്ലാസ് എടുത്തു.

### ഹൈടെക് കോഴിക്കൂട് വിതരണം

സി.ഒ.ഡി താമരശ്ശേരിയുടെ ആഭിമുഖ്യത്തിൽ എൻ.ജി.ഒ കോൺ ഫെഡറേഷന്റെ സഹായത്തോടെ 50 % സബ്സിഡിയോടുകൂടി സാമൂഹിക സംരംഭകത്വ വികസന പരിപാടിയായി ഹൈടെക് കോഴിക്കൂട് വിതരണം ചെയ്തു. താമരശ്ശേരി രൂപത വികാരി ജനറൽ ഫാ. എബ്രഹാം വയലിൽ, ഫാ. ജോയൽ വിലങ്ങാട് ഗ്രാമ വികസന സമിതിയിലും ഉദ്ഘാടനം ചെയ്തു. സി.ഒ.ഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ പരിപാടിയിൽ ആശംസ അറിയിച്ചു.


### ചക്ക വിഭവങ്ങൾ

കൂരാച്ചുണ്ട് ഗ്രാമവികസന സമിതി പൂവ്വത്തുംചോല അൽഫോൻസ സ്വാശ്രയ സംഘം അംഗങ്ങൾക്ക് ചക്ക വിഭവങ്ങൾ ഉണ്ടാക്കുന്നതിൽ പരിശീലനം കൊടുത്തു. ചക്ക ചിപ്സ്, ചക്ക പപ്പടം, ചക്ക മുറുക്ക്, ചക്കക്കുരു പായസം എന്നിവ ഉണ്ടാക്കാൻ പഠിപ്പിച്ചു.

### ജല ജീവൻ പദ്ധതി

തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് ജല ജീവൻ പദ്ധതിയുടെ ഭാഗമായി ഡെവലപ്പ്മെന്റ് സെമിനാർ നടത്തി. തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എ. അബ്ദുറഹിമാന്റെ അധ്യക്ഷതയിൽ പ്രസിഡന്റ് മേഴ്സി പുലിക്കാട്ടു ഉദ്ഘാടനം ചെയ്തു. ജല ജീവൻ ടീം ലീഡർ റെനി സാബു ഗ്രാമങ്ങളുടെ കർമ്മ പദ്ധതിയുമായി ബന്ധപ്പെട്ട (VAP - Village Action Plan) വിവരങ്ങൾ വിശദീകരിച്ചു.

**ഫാ. ജോർജ്ജ് ചെമ്പരത്തിക്കൽ**
ഡയറക്ടർ, വികസനവേദി



# യേശുനിധി

2023 ജൂൺ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യ ങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Ashokapuram | 10,000.00 |
| 2 | Cheerattamala | 5,000.00 |
| 3 | Chempanoda | 5,000.00 |
| 4 | Kallurutty | 10,000.00 |
| 5 | Kannoth | 10,000.00 |
| 6 | Koorachundu | 10,000.00 |
| 7 | Manjakunnu | 5,000.00 |
| 8 | Maruthomkara | 15,000.00 |
| 9 | Mavoor | 5,000.00 |
| 10 | Pulloorampara | 15,000.00 |
| 11 | Pushpagiri | 10,000.00 |
| 12 | Valiyakolly | 5,000.00 |
| 13 | Venappara | 15,000.00 |

**Home**

| | | |
|---|---|---|
| 14 | Chathangottunada | 10,000.00 |
| 15 | East Hill | 10,000.00 |
| 16 | East Hill | 15,000.00 |
| 17 | Kakkavayal | 15,000.00 |
| 18 | Kakkavayal | 10,000.00 |
| 19 | Kallanode | 10,000.00 |
| 20 | Kannoth | 10,000.00 |
| 21 | Kodanchery | 10,000.00 |
| 22 | Kodanchery | 10,000.00 |
| 23 | Koorachundu | 10,000.00 |
| 24 | Koorachundu | 10,000.00 |
| 25 | Mavoor | 10,000.00 |
| 26 | Mukkam | 10,000.00 |
| 27 | Passukadave | 10,000.00 |
| 28 | Passukadave | 10,000.00 |
| 29 | Pulloorampara | 15,000.00 |
| 30 | Thamarassery | 10,000.00 |
| 31 | Thiruvambady | 10,000.00 |
| 32 | Vilangad | 10,000.00 |

**Marriage**

| | | |
|---|---|---|
| 33 | Chathangottunada | 20,000.00 |
| 34 | Passukadave | 20,000.00 |

**Medical**

| | | |
|---|---|---|
| 35 | Ashokapuram | 15,000.00 |
| 36 | Chakkittappara | 10,000.00 |
| 37 | Kalkundu | 20,000.00 |
| 38 | Kuliramutty | 10,000.00 |
| 39 | Manjakunnu | 10,000.00 |
| 40 | Manjuvayal | 10,000.00 |
| 41 | Mariapuram | 10,000.00 |
| 42 | Narinada | 15,000.00 |
| 43 | Peruvannamuzhi | 10,000.00 |
| 44 | Poilomchal | 10,000.00 |
| 45 | Pulloorampara | 20,000.00 |
| 46 | Pushpagiri | 15,000.00 |
| 47 | Thamarassery | 10,000.00 |
| 48 | Thiruvambady | 15,000.00 |
| 49 | Thottumukkam | 15,000.00 |
| 50 | Vilakkamthode | 15,000.00 |
| 51 | Vilangad | 15,000.00 |
| 52 | Vilangad | 10,000.00 |

**Total 6,00,000.00**

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**ജൂൺ 2023**

29 രാവിലെ, കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ, വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാളിനോടനുബന്ധിച്ച് നടന്ന സമൂഹബലിയിൽ പങ്കെടുത്ത് വചന സന്ദേശം നൽകി. തുടർന്ന് പുതുതായി പണികഴിപ്പിച്ച ഓഡിറ്റോറിയത്തിന്റെയും ഇൻഡോർ കോർട്ടിന്റെയും വെഞ്ചരിപ്പുകർമ്മത്തിൽ പങ്കെടുത്തു.

30 രാവിലെ, സനാതന മേജർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു.

കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ പ്രവേശനകവാടം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പി.എം.ഒ.സി.യിൽ വിശ്വാസപരിശീലന രംഗത്ത് പുതുതായി വന്നവർക്കുള്ള ആമുഖ സെമിനാർ ഉദ്ഘാടനം ചെയ്തു.

ഓൺലൈനായി നടന്ന സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു.

**ജൂലൈ 2023**

1 രാവിലെ, കോരങ്ങാട് എസ്.എം.എം.ഐ. സന്യാസ ഭവന കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, രൂപതാഭവനിൽ കത്തോലിക്ക കോൺഗ്രസ്, ഗ്ലോബൽ യൂത്ത് കൗൺസിൽ കോർ ടീമിനെ സ്വീകരിച്ചു.

കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ക്രൈസ്തവർക്കെതിരെയുള്ള അക്രമണങ്ങളും കാർഷിക വിലയിടിവ്, വന്യജീവി ആക്രമണം എന്നിവയിൽ പ്രതിഷേധിക്കുന്നതിന്റ ഭാഗമായി നടത്തുന്ന ഭീമ ഒപ്പ് ശേഖരണം ഉദ്ഘാടനം ചെയ്തു.

2 രാവിലെ, മാലാപറമ്പ് ഇടവകയിൽ ദിവ്യബലിയർപ്പിച്ച് ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി. തുടർന്ന് ഇടവകയുടെ മതബോധന വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. അതോടൊപ്പം പുതുതായി പണിയുന്ന പാരീഷ് ഹാളിന് തറക്കല്ലിട്ടു.

പെരിന്തൽമണ്ണ ഇടവകയിൽ ഒരു വ്യാപാര സ്ഥാപനം വെഞ്ചരിച്ചു.

പന്തല്ലൂർ ഇടവകയിലെ കടുക്കാസിറ്റിയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളി വെഞ്ചരിച്ചു.

പന്തല്ലൂർ ഇടവകയിൽ ഇടവകയുടെ നേതൃത്വത്തിൽ പാവപ്പെട്ട ഒരു കുടുംബത്തിനുവേണ്ടി നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു.

വൈകുന്നേരം, പന്തല്ലൂർ ഇടവകയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും തുടർന്നു നടന്ന പൊതുയോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

3 ഉച്ചകഴിഞ്ഞ്, താമരശ്ശേരി രൂപതയിലെ സംഘടനകളുടെ നേതൃത്വത്തിൽ താമരശ്ശേരി കത്തീഡ്രൽ മുതൽ ടൗൺ വരെ നടത്തിയ മണിപ്പൂർ അക്രമത്തിനെതിരെയുള്ള പ്രതിഷേധ റാലിയിൽ സംബന്ധിച്ച് സംസാരിച്ചു.

വൈകുന്നേരം, ഈസ്റ്റ് ഹിൽ ഇടവകയിൽ ദുക്റാന തിരുന്നാളിനോടനുബന്ധിച്ച് ആഘോഷമായ റാസ കുർബ്ബാന അർപ്പിച്ചു.

5 രൂപതാഭവനിൽ നടന്ന കോർഡിനേഷൻ കമ്മറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

6 രാവിലെ, കാറ്റുള്ളമല ഇടവക നിർമ്മിച്ചുനല്കിയ ഒരു ഭവനം വെഞ്ചരിച്ചു.

7 രാവിലെ, പിഎം.ഒ.സി. യിൽ വെച്ച് നടന്ന പ്രീ-കാനാ കോഴ്സിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, കൂരാച്ചുണ്ട് ഇടവകയിലെ ഒരു ഭവനം സന്ദർശിച്ചു.

മണിപ്പൂരിൽ നടക്കുന്ന ക്രൈസ്തവ പീഡനത്തിനെതിരെ എം.കെ. രാഘവൻ എം.പി. യുടെ നേതൃത്വത്തിൽ നടന്ന ഉപവാസ സമരം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി നാരങ്ങാ നീര് നൽകി.

8 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ ജ്യേഷ്ഠസഹോദരന്റെ ഏഴാം മരണ വാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

കോടഞ്ചേരി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

കൂടത്തായി ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

ഉച്ചകഴിഞ്ഞ്, പാറോപ്പടി പി.എം.ഒ.സി. യിൽ വെച്ച് ലിറ്റർജി കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നല്കി.

പാറോപ്പടി സെന്റ് ആന്റണീസ് ഇടവകയിൽ നടന്ന യുവജനദിനാഘോഷങ്ങളോടനുബന്ധിച്ച്, താമരശ്ശേരി രൂപത കെ.സി.വൈ.എം. -എസ്.എം.വൈ.എമ്മിന്റെ നേതൃത്വത്തിൽ നടന്ന ആഘോഷം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പാറോപ്പടി സന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ താമരശ്ശേരി രൂപത കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ നടന്ന തിരുശേഷിപ്പ് പ്രയാണ സമാപനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, രൂപതാഭവനിൽ ബഹു. മോൺ. അബ്രാഹം വയലിൽ അച്ചന്റെ ജന്മദിനാഘോഷങ്ങളിൽ പങ്കെടുത്തു.

9 കുണ്ടായിത്തോട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയായിൽ വെച്ച് നടന്ന താമരശ്ശേരി രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം ഉദ്ഘാടനം ചെയ്തു.

10 രാവിലെ, പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്റർ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, സനാതന എം.സി.ബി.എസ്. സെമിനാരിയിൽ ബഹു. ഫാ. തോമസ് അച്ചന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

11 ഉച്ചകഴിഞ്ഞ്, കോടഞ്ചേരി ഇടവകയിൽ പരേതയായ സി. റോസ് ജോൺ എഫ്.സി.സി. യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

12 രാവിലെ, പുല്ലൂരാംപാറ എസ്.ഡി. സന്യാസ ഭവന കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

13 രാവിലെ, പുല്ലൂരാംപാറ ആരാധന സന്യാസി ഭവന കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

14 രാവിലെ, പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ വെച്ച് നടന്ന താമരശ്ശേരി രൂപത വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തവർക്കു വേണ്ടി ദിവ്യബലിയർപ്പിച്ചു.

പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂളിൽ നടന്ന 2022 –2023 വർഷത്തെ പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം നേടിയവർക്കുള്ള 'സ്നേഹാദരം' പുരസ്കാരവിതരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു.

15 രാവിലെ, താമരശ്ശേരി ചാവറ ഹോസ്പിറ്റൽ കപ്പേളയിൽ കർമ്മലമാതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു.

ഉച്ചയ്ക്ക് തലയാട് ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

16 രാവിലെ, മയിലെള്ളാംപാറ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, ചാവറ ഹോസ്പിറ്റൽ സന്യാസി ഭവനത്തിൽ കർമ്മലമാതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ സംബന്ധിച്ചു.

17 രാവിലെ, ഈങ്ങാപ്പുഴ പ്രസന്റേഷൻ സന്യാസിനി ഭവന കപ്പേളയിൽ ദിവ്യബലിയർപ്പിക്കുകയും അർത്ഥിനികൾക്ക് ക്ലാസ്സെടുക്കുകയും ചെയ്തു.

രാവിലെ, രൂപതാഭവനിൽ, കഴിഞ്ഞ രണ്ടുവർഷങ്ങളിൽ രൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച വൈദികരുടെ മീറ്റിങ്ങിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, മഞ്ഞക്കടവ് ഇടവകയിൽ സി. ജെസ്സി. എസ്.എച്ചിന്റെ പിതാവ് ശ്രീ. തോമസ് വല്ലനാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം, മലപ്പുറം ഇടവകയിൽ, താമരശ്ശേരി രൂപത വിശ്വാസപരിശീലന പരിപാടിയായ പവ്വർ സെൽ പഠനശിബിരത്തിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ക്ലാസ്സെടുത്തു.

18 രാവിലെ, രൂപതാഭവനിൽ നടന്ന വൈദിക സമിതിയോഗത്തിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, മാലാപറമ്പ് ഇടവകാംഗം പരേതനായ ലൂയിസ് കാഞ്ഞിരത്തിങ്കലിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം, മരിയാപുരം ഇടവകയിൽ, താമരശ്ശേരി രൂപത വിശ്വാസപരിശീലന പരിപാടിയായ പവ്വർ സെൽ പഠനശിബിരത്തിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ക്ലാസ്സെടുത്തു.

19 രാവിലെ, പുല്ലൂരാപാറ ബഥാനിയാ റിന്യൂവൽ സെന്ററിൽ നടക്കുന്ന നൂറ്റൊന്നു ദിവസത്തെ അഖണ്ഡ ജപമാല ആരംഭത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

രൂപതയുടെ സാമൂഹ്യ സേവനവിഭാഗമായ സി.ഒ.ഡി.യുടെ നേതൃത്വത്തിൽ പാവപ്പെട്ടവരെ സഹായിക്കുന്ന 'മന്ന' പദ്ധതി ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, ചക്കിട്ടപാറ ഇടവകയിൽ ദിവ്യബലിയർപ്പിച്ച് ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

20 രാവിലെ, കോട്ടയം തിരുനക്കര മൈതാനത്ത്, പരേതനായ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സാറിന്റെ വിയോഗത്തിൽ അനുശോചനം അറിയിച്ചു.

ഭരണങ്ങാനം, അൽഫോൻസ തീർത്ഥാടന കേന്ദ്രത്തിൽ തിരുന്നാളിനോടനുബന്ധിച്ച്, താമരശ്ശേരി രൂപതയിലെ വൈദികരോടും ദൈവജനത്തോടുമൊപ്പം ദിവ്യബലിയർപ്പിച്ചു.

21 രാവിലെ, ചക്കിട്ടപാറ ഇടവകാംഗം പരേതനായ ഡിനു ജോർജ്ജ് മുട്ടത്തുകുന്നേലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ ധ്യാനത്തിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി ദിവ്യബലിയർപ്പിച്ചു.

22 വൈകുന്നേരം, മേരിക്കുന്ന് എം.എസ്.ജെ. പ്രവിശ്യാ ഭവനത്തിൽ പ്രവിശ്യാ ദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചരിക്കുകയും ചെയ്തു.

താമരശ്ശേരി രൂപതയിലെ മാർ എഫ്രേം ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ നടത്തുന്ന മർഗാനീസ പഠന ശിബിരത്തിൽ ഓൺലൈനായി ക്ലാസ്സെടുത്തു.

23 പനംപ്ലാവ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

24 ഉച്ചയ്ക്ക്, കുളത്തിൽ വീണുമരിച്ച രണ്ട് കുട്ടികളുടെ മൃതദേഹങ്ങൾ കോര

ങ്ങാട് എൽ.പി. സ്കൂളിൽ പൊതുദർശനത്തിന് വെച്ചപ്പോൾ അവിടം സന്ദർശിച്ച് അന്തിമോപചാരം അർപ്പിച്ചു.

വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ് നേരി ജനറലേറ്റിൽ ദിവ്യബലിയർപ്പിച്ചു.

25 രാവിലെ, കോഴിക്കോട് മിംസ് ഹോസ്പിറ്റലിൽ ഒരു വ്യക്തിക്ക് രോഗീലേപനം നൽകി.

കല്ലുരുട്ടി ഇടവകയിൽ പരേതനായ ജോർജ്ജ് അധികാരത്തിലിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം, അൽഫോൻസ മൈനർ സെമിനാരിയിൽ റെക്ടർ ബഹു. ജേക്കബ് അരീത്തറ അച്ചന്റെ നാമഹേതുകത്തിരുന്നാളാഘോഷങ്ങളിൽ പങ്കെടുത്തു.

26 ഉച്ചകഴിഞ്ഞ്, തോട്ടുമുക്കം ഇടവകയിൽ പരേതനായ മനോജ് മേമനയുടെ സംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

27 രാവിലെ, കൂരാച്ചുണ്ടിൽ, കർഷകരുടെ കാർഷികോത്പന്നങ്ങളുടെ വിപണന സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി ചേർന്ന സമ്മേളനത്തിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരിയിൽ രാഷ്ട്ര ദീപികയുടെ പുതിയ ഓഫീസ് വെഞ്ചരിച്ചു.

വൈകുന്നേരം, തിരുവമ്പാടിയിൽ പരേതനായ ബേബി പെരുമാലിയുടെ അനുസ്മരണ യോഗത്തിൽ സംബന്ധിച്ചു.

28 രാവിലെ, വലിയകൊല്ലി ഇടവകയിൽ വി. അൽഫോൻസാമ്മയുടെ തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

29 രാവിലെ, തേക്കുകുറ്റി ഇടവകയിൽ ബഹുമാനപ്പെട്ട ജെയിംസ് കുഴിമറ്റത്തിലച്ചന്റെ മാതാവിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.





# MARY AS THE MODEL OF FAITH



Dear brothers and sisters,

Firstly, the Pope said, Mary's faith sets her on a journey. After hearing the message of the angel, she did not consider it a privilege to be chosen as the Mother of the Saviour; she did not lose the simple joy of her humility; she did not keep thinking about herself within the four walls of her house. Rather, after experiencing the gift she had received as a mission to be carried out, she went to visit and assist Elizabeth, her cousin. Completely caught up in God's own "haste", she felt urged to open the door and go out to reach all people with God's saving love. "She chose the unknowns of the journey over the comfort of her daily routines, the weariness of travel over the peace and quiet of home; the risk of a faith that makes our lives a loving gift to others over a placid piety."


The day's Gospel presents Mary on a journey to Jerusalem with her husband Joseph for the rite of the Presentation of Baby Jesus in the temple. The Pope said the rest of her life would be a journey in the footsteps of her Son, as the first of his disciples, even to Calvary, to the foot of the cross.

Pope Francis held out the Blessed Virgin to Slovaks as a model of faith that involves journeying, a faith inspired by simple and sincere devotion, a constant pilgrimage to seek the Lord. It's a journey that overcomes the temptation to a passive and ritual faith, and makes life a pilgrimage of love towards God and their brothers and sisters.

He urged Slovakia's Catholics to persevere on this journey without stopping, adding, when the Church stops moving, she falls sick. When bishops stop moving, the Church falls sick and when priests stop walking, the people of God fall sick, he said.Thank you.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 31-07-2023 |




Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 25, issue 08, August 2023, Pages 76.